Regd: No. M. 2689.
T. 32.

License No: 427
Dated 14—8—1943.

# മലയാളരാജ്യം

പുസ്തകം ൧൯ | കൊല്ലം ൧൯൪൪ മേയ് ൧൫-ാംനു | ലക്കം ൩൯
പേജ് ൧൨ | ൧൧൧൯ മേടം ൩൨-ാംനു തിങ്കളാഴ്ച | ഒററപ്രതി ൨ അണ.

# ടാഗോറും ആധുനിക ഭാരതവും

ശ്രീ. കൃഷ്ണാകൃപലാനി

[എൺപത്തിഏഴുവർഷത്തിനുമുൻപ്പ് ഭൂജാതംചെയ്ത മഹാകവി രവീന്ദ്രനാഥടാഗോർ അദ്ദേഹത്തിന്റെ മഹത്തായ സാഹിത്യസംഭാവനകളിലൂടെ അനശ്വരയശസ്സ് പുലർത്തുന്ന അന്തർദ്ദേശീയചിന്താഗതിയുള്ള ആദ്യത്തെ ഭാരതീയരിൽ ഒരാളായ അദ്ദേഹം ശാന്തിനികേതനത്തിൽ അന്തർദ്ദേശീയവിദ്യാഭ്യാസത്തിനുവേണ്ടി ഒരു സ്ഥാപനം സൃഷ്ടിച്ചു. ഇന്ന് ഇന്ത്യാ രാഷ്ട്രീയസ്വാതന്ത്ര്യത്തിന്റെ പടിവാതിൽക്കലെത്തിയിരിക്കുന്നു. എന്നാൽ നമ്മുടെ ദേശീയജീവിതോത്ഥാനം സുസാദ്ധ്യമാക്കിയ ശക്തികളിലൊന്ന് സാംസ്കാരികനവോത്ഥാനമാണ്. അതിന്റെ പ്രധാന പ്രണേതാവായിരുന്നു ടാഗോർ. ശാന്തിനികേതത്തിൽ വളരെവർഷം അന്തേവാസിയായി കഴിഞ്ഞുകൂടിയ ശ്രീ. കൃഷ്ണാകൃപലാനി ടാഗോറിന്റെ ശ്രേഷ്ഠതയേയും അദ്ദേഹത്തിൽനിന്ന് ആധുനികഭാരതത്തിന് സിദ്ധിച്ചിട്ടുള്ള നേട്ടങ്ങളേയുംപററി ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നു.]

എൺപത്തേഴു വർഷങ്ങൾക്കു മുൻപ് ഈ ദിവസമാണ് മഹാകവി ടാഗോർ ഭൂജാതം ചെയ്തതു്. വർത്തമാനകാലത്തെ അത്യാവശ്യസംഗതികളെ അല്പസമയം അകററിനിർത്തിയിട്ട് നമുക്കു അദ്ദേഹത്തെക്കുറിച്ചൊന്നു ചിന്തിക്കാം. അദ്ദേഹത്തിനുവേണ്ടിയല്ല മനുഷ്യരുടെ ആരാധനയ്ക്കും വിമർശനത്തിനുമതീതനാണദ്ദേഹം. നമുക്കുവേണ്ടിത്തന്നെ, നമ്മുടെ സന്മാർഗ്ഗികാരോഗ്യത്തിനും രാഷ്ട്രീയബോധത്തിനുംവേണ്ടി, നാമതു ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ ദേശീയജീവിതത്തിന്റെ ഒരു ദുർബ്ബലാവസ്ഥയിലൂടെയാണ് നാമിപ്പോൾ ജീവിക്കുന്നതു്. നാം ഭ്രാന്താവേശിതരായിരിക്കുന്നു, നാം ആലസ്യത്തിന്റെ വക്കിലെത്തിയിരിക്കുന്നു. നമ്മുടെ പരിമിതമായ തന്റേടത്തെ അന്തർലീനമായ സൃഷ്ടിപരശക്തികൾകൊണ്ട് ഉർജ്ജസ്വലമാക്കാതെ കൂടുതൽ ദൂരം ചുമപ്പിച്ചുകഴിഞ്ഞു. അതുകൊണ്ട് ഈ സൃഷ്ടിപരമായ ശക്തിയുടെ കേന്ദ്രമെന്നതുപോലെ നമ്മുടെ കാലത്തുതന്നെ ജീവിച്ചിരുന്ന ആ മഹാനെപ്പററി നമുക്കു ചിന്തിക്കാം.

അദ്ദേഹത്തിന്റെ എൺപതുവർഷത്തെ ജീവിതത്തിനിടയിൽ എന്തെല്ലാം പരിവർത്തനങ്ങളാണ് ഇന്ത്യ ദർശിച്ചതു്? ടാഗോർ ഭൂജാതംചെയ്ത ൧൮൬൧-ാമാണ്ട് ഇന്ത്യ ബ്രിട്ടീഷുകാരുടെ പാദങ്ങളിൽവീണു യാചിച്ചുകൊണ്ടിരുന്നു. ൧൮൫൭-ലെ വിപ്ലവം നിഷ്ഠുരമായി അടിച്ചമർത്തപ്പെട്ടു. നവീനശക്തിക്കെതിരെ പഴയ ധീരത നിഷ്പ്രയോജനമായി. ഇന്ത്യ ഒരു മരുപ്രദേശശാന്തതയിലെത്തുകയും നിർമ്മാണശക്തി കൈവെടിയുകയും ചെയ്തു. രാഷ്ട്രീയമായി സ്വാതന്ത്ര്യവും സാംസ്കാരികമായി ഹൃദയംതന്നെയും ഇന്ത്യയ്ക്കു നഷ്ടമായി. യജമാനന്മാരെ അനുകരിക്കുന്നതിലും പഴയ പാരമ്പര്യത്തെ താലോലിക്കുന്നതിലും തല്പരരായ സ്തുതിപാഠകന്മാരുടെയും പ്രതിലോമകാരികളുടെയും കാലമായി.

എൺപതുവർഷത്തിനുശേഷം, ൧൯൪൧-ൽ ടാഗോർ ദിവംഗതനായപ്പോൾ ഇന്ത്യ ആകപ്പാടെ മാറിക്കഴിഞ്ഞിരുന്നു. സാംസ്കാരികമായി ആത്മാഭിമാനം വീണ്ടെടുക്കുകയും രാഷ്ട്രീയമായി ൧൯൪൨ ആഗസ്റ്റിലെ വിപ്ലവം സൃഷ്ടിക്കുകയും ചെയ്യുവാൻ പ്രാപ്തമായി. മരുപ്രദേശശാന്തത നവ്യധീരതയുടെ മാറെറാലിയിൽ ആമഗ്നമായി. ഈ ആഗ്നേയശക്തി പൊട്ടിപ്പുറപ്പെടുന്നതിൽ പല ശക്തികളും സഹായകമായിരുന്നു. അവയിൽ ഏററവും പ്രധാനപ്പെട്ടതു് മഹാത്മാഗാന്ധിയുടെ നേതൃത്വത്തിലുള്ള ഇൻഡ്യൻനാഷണൽകോൺഗ്രസ്സിന്റെ ത്യാഗവും പ്രവർത്തനങ്ങളുമായിരുന്നു. പക്ഷേ, ഈ ദേശീയ ജീവിതനവോത്ഥാനം സാധിതമാക്കിയ പരോക്ഷശക്തികളെ വിസ്മരിക്കുന്നതു് തെററാണ്. ഇതിൽ ഏററവും പ്രധാനപ്പെട്ടതു് ടാഗോറിനെ തുടർന്നുണ്ടായ സാംസ്കാരികപുനരുത്ഥാനമാണ്. രാഷ്ട്രീയോത്തിഷ്ഠതയെയും സാംസ്കാരികബോധത്തെയും സമുദ്ധമാക്കുന്നതു് ഒരേഭാവനതന്നെയാണ്. ആ വിധത്തിൽ മഹാത്മജിയെപ്പോലെ ടാഗോറും ഒരു നീർച്ചാലായിരുന്നു. ടാഗോർ ജീവിച്ചിരുന്നില്ലെങ്കിൽ ഇന്ത്യ രാഷ്ട്രീയസ്വാതന്ത്ര്യത്തിന്റെ പടിവാതിലെത്തിയ ഒരു മരുപ്രദേശംതന്നെയായിരിക്കുമായിരുന്നു.

ടാഗോർ പ്രധാനമായി ഒരു കവിയായിരുന്നെങ്കിലും അദ്ദേഹത്തിന്റെ പ്രതിഭയെ അപഗ്രഥിച്ചു പറവാനെളുപ്പമല്ല. ചിന്തയുടെയും വികാരത്തിന്റെയും ശ്രേഷ്ഠവശങ്ങളെ പ്രകടിപ്പിക്കുവാൻ പര്യാപ്തമായ ഒരു ഭാഷ, വിശ്വസാഹിത്യത്തിൽ ഏററവും പ്രാമുഖ്യമർഹിക്കുന്ന ഒരു സാഹിത്യം, എന്നു തുടങ്ങി മററുള്ളവർക്ക് എത്രയോ നൂററാണ്ടുകൾകൊണ്ട് മാത്രം നേടുവാൻ സാധിക്കുന്ന പലതും ഒരു ജീവിതകാലത്തിനുള്ളിൽ അദ്ദേഹം തന്റെ ആളുകൾക്കു നൽകി. അദ്ദേഹം കൈകാര്യംചെയ്ത ഭാഷ വായിച്ചു മനസ്സിലാക്കുവാൻ കഴിവുള്ളവർക്കു മാത്രമേ അദ്ദേഹത്തിന്റെ സാഹിത്യസൃഷ്ടികളുടെ അമേയസൗന്ദര്യം അനുഭവപ്പെടുകയുള്ളു. മററുള്ളവരെ സംബന്ധിച്ചിടത്തോളം ടാഗോറിന്റെ മഹത്വം കലയോടു നിബന്ധിക്കപ്പെട്ടതെങ്കിലും ജനസമുദായസേവനത്തിന് സമർപ്പിക്കപ്പെട്ട ഒരു മാതൃകാജീവിതത്തിലും സാംസ്കാരികവികാസത്തിന് അദ്ദേഹം നൽകിയ മാർഗ്ഗദർശിത്വത്തിലും പ്രേരണയിലുമാണ് സ്ഥിതിചെയ്യുന്നതു്. അഹംഭാവിയല്ലാത്ത ഒരു കലാകാരനേയും മതഭ്രാന്തനല്ലാത്ത ഒരു പരിഷ്കർത്താവിനേയും കാണുക എളുപ്പമല്ല. ടാഗോറിന്റെ വ്യക്തി-



ത്വത്തിന്റെ വിശേഷത അതിന്റെ സർവ്വവ്യാപകവും അനുരഞ്ജകവുമായ വികാസത്തിലാണ് സ്ഥിതിചെയ്യുന്നതു്. ജീവിതം പരിപൂർണ്ണമായും വ്യക്തമായും അദ്ദേഹം ദർശിച്ചു എന്നു പറയത്തക്ക രൂപത്തിൽ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ മതപരവും ധാർമ്മികവും കലാപരവും ബുദ്ധിപരവുമായ എല്ലാവശങ്ങളും അത്രയ്ക്കു വികസിച്ചിരുന്നു.

ഇന്ത്യാക്കാരുടെ പ്രകൃതത്തിൽ ഒരു അസ്ഥിരസ്വഭാവമുണ്ട്; ജീവിതത്തിന്റെ ചില വശങ്ങളെ താഴ്ത്തി മററു ചില വശങ്ങളെ പൊക്കിക്കാണിക്കുവാൻ നാം ചിലപ്പോൾ ശ്രമിക്കുന്നു. നമ്മുടെ മതാസക്തിയിൽ ജീവിതത്തെ പൊതുവേ അധിക്ഷേപിക്കുവാൻ നാം മടിക്കാറില്ല. ഹൃദയാശ്വാസത്തിനുവേണ്ടി ജീവിതാഹ്ളാദത്തെത്തന്നെ നാം നിസ്സാരമാക്കിത്തള്ളുന്നു. അതുകൊണ്ടാണ്

''Deliverance is not for me in renunciation,
I feel the embrace of freedom in a thousand
bonds of delight."

"No, I will never shut the doors of my senses
The delights of sight and hearing and touch
will hear thy delight"

"Millions of living beings make
up the vast fair of this world
And you ignore it all as a child's
play".

എന്ന് അദ്ദേഹം എഴുതിയതു്.

വർഗ്ഗീയ നൈർമ്മല്യത്തെ നിലനിർത്തുന്നതിനു സമുദായഘടനയെ പരിരക്ഷിക്കുന്നതിനു വേണ്ടി നമ്മുടെ മഹാത്മാക്കൾ സമുദായത്തെ സുദൃഢഘടകങ്ങളായി വേർതിരിക്കുകയും ഇന്ന് അതിന്റെ കാഠിന്യം നമ്മുടെ സമുദായത്തിന്റെ ഏററവും വലിയ ശാപമായി പരിണമിക്കുകയും ചെയ്തു. ഒരേ അവസരത്തിൽതന്നെ നമ്മെ അപരിഷ്കൃതരും സുപരിഷ്കൃതരും, ബുദ്ധിമാന്മാരുംമൂഢന്മാരും, ദയാലുക്കളും ക്രൂരന്മാരും, ശുദ്ധിയുള്ളവരും വൃത്തിഹീനരും ആക്കിത്തീർക്കുന്ന അസ്ഥിരപ്രകൃതത്തിന് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ഉദ്ധരിക്കാം. ക്രൂരന്മാരാകാതെതന്നെ ധീരന്മാരാകുവാനും ദുർബ്ബലഹൃദയരാകാതെതന്നെ സൂക്ഷ്മഗ്രാഹികളാകുവാനും ഭൗതികമാത്രപ്രസക്തരല്ലാതെതന്നെ വിവേകികളാകുവാനും മതാന്ധരല്ലാതെതന്നെ മതാനുയായികളാകുവാനും രാജ്യതന്ത്രജ്ഞന്മാരുടെ കളിപ്പാട്ടങ്ങളാകാതെതന്നെ ദേശാഭിമാനികളാകുന്നതിനും കഴിവുണ്ടാകത്തക്കവിധം ബോധപൂർവ്വമായ വീക്ഷണശക്തിയും അചഞ്ചലമായ സ്വഭാവവുമാണു് നമുക്ക് ആവശ്യമായിട്ടുള്ളതു്. അങ്ങിനെയുള്ള സ്വഭാവത്തിന് ടാഗോർ ഉത്തമോദാഹരണമാകുന്നു.

ശിശുഹൃദയത്തിന്റെ ഒരു വശത്തെയും അവഗണിക്കാത്ത ശരിയായ ഒരു വിദ്യാഭ്യാസസമ്പ്രദായത്തിൽ നിന്നു മാത്രമേ അതുപോലെത്ത സ്വഭാവം രൂപീകൃതമാകുകയുള്ളു. അങ്ങിനെയുള്ള വിദ്യാഭ്യാസസമ്പ്രദായത്തിനുവേണ്ടി പ്രയത്നിച്ച ആദ്യത്തെയാൾ ടാഗോറാണ്. രാജാക്കന്മാർക്കുപോലും സൂയയുണ്ടാകത്തക്കവിധം അത്ര മഹത്തായ കീർത്തി സമ്പാദിച്ചതിനുശേഷവും ഗ്രാമപ്രദേശത്തു ൪൦ വർഷക്കാലത്തോളം അദ്ധ്യാപകനായിരിക്കുന്നതിൽ അദ്ദേഹം വിമുഖനായില്ല. അദ്ദേഹം നടപ്പാക്കിയ വിദ്യാഭ്യാസതത്വങ്ങൾ ഇന്നു് നിർഭാഗ്യവശാൽ സാധാരണ പ്രയോഗത്തിൽ വന്നിട്ടില്ലെങ്കിലും വിദ്യാഭ്യാസരംഗത്തിൽ സുസാധാരണമായിക്കഴിഞ്ഞു.

ഒരു കുട്ടി സ്കൂളിൽനിന്നു മനസ്സിലാക്കുന്നതു കാളേജിൽനിന്നു പഠിക്കുന്നതിനെ അപേക്ഷിച്ചു ആ കുട്ടിയുടെമേൽ കൂടുതൽ സ്വാധീനം ചെലുത്തുമെന്നും മാതൃഭാഷയിൽകൂടിയല്ലാത്ത ബോധനം അയഥാർത്ഥമാണെന്നും പ്രവർത്തനമുഖേനയുള്ള പഠനം ലിഖിതപദങ്ങൾകൊണ്ടുള്ള പഠനത്തേക്കാൾ കൂടുതൽ യഥാർത്ഥമാണെന്നും യഥാർത്ഥവിദ്യാഭ്യാസം സ്ഥിതിചെയ്യുന്നതു ഇന്ദ്രിയങ്ങളുടേയും വികാരങ്ങളുടേയും പരിശീലനത്തിലാണെന്നും അല്ലാതെ മനസ്സിനെ കാണാപാഠംകൊണ്ടു നിറയ്ക്കുന്നതിലല്ലെന്നും സംസ്കാരമെന്നതു കേവലം സിദ്ധാന്തപരമായ വിദ്യാഭ്യാസത്തേക്കാൾ വളരെ കൂടിയ ഏതോ ഒന്നാണെന്നും മററും ഇന്നു നമ്മൾക്കെല്ലാവർക്കും അറിയാം. എന്നാൽ ൧൯൦൧-ൽ ടാഗോർ വിദ്യാഭ്യാസത്തിലൂള്ള പരീക്ഷണങ്ങൾ ആരംഭിച്ചഅവസരത്തിൽ നമ്മുടെ രാജ്യവാസികളിൽ എത്രപേർ ഇതിനെപ്പററി ചിന്തിച്ചിരിക്കും. ഇന്നുതന്നേയും നമ്മിൽ എത്രപേർ നമ്മുടെ ദേശീയജീവിതത്തിൽ ഈ തത്വങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുന്നുണ്ട്. തന്റെ സ്കൂളിൽ കുട്ടികളെ പഠിപ്പിച്ചതിനു ആക്സ്ഫോർഡിലെ ഒരുപ്രശസ്തസദസ്സിന്റെമുമ്പാകെ ചെയ്യപ്പെട്ട ഹിബർട്ട പ്രസംഗങ്ങളേക്കാൾ കൂടുതൽ വില ടാഗോർ കല്പിച്ചിരുന്നിട്ടും ഇന്നും നമ്മുടെ സമുദായത്തിൽ സ്കൂൾമാസ്റ്റർ തീരെ ഉപേക്ഷിക്കപ്പെട്ട ഏററവും മോശമായ ശമ്പളത്തോടുകൂടിയ ഒരംഗമാണ്.

ഇന്നു നാം രാഷ്ട്രീയപ്രശ്നങ്ങളുടെതിരക്കിൽപെട്ടിരിക്കയാണ്. കരാംതെററിക്കിടക്കുന്ന ഒരു മനുഷ്യൻ മററൊന്നിനെപ്പററയും ചിന്തിക്കാൻ സാധിക്കാതെവരികയും ഏതെങ്കിലും നാട്യക്കാരനേയും ഡാക്ടറെന്നു കരുതുകയുംചെയ്യുന്നതുപോലെ നാം നമ്മുടെ ദേശീയജീവിതത്തിലേയ്ക്കു കടന്നുകയറിക്കൊണ്ടിരിക്കുന്ന രോഗത്തെപ്പ-

(ശേഷം രണ്ടാംപേജിൽ)

(ഒന്നാംപേജിൽനിന്നും തുടർച്ച)

റിമാത്രം ചിന്തിക്കയും ഒരു രക്ഷകനെന്നു സ്വയം പ്രഖ്യാപിക്കാൻ ധികാരമുള്ള ഓരോ രാഷ്ട്രീയവാദിയുടേയും വാക്കുകളിൽ തൂങ്ങിക്കിടക്കുകയുംചെയ്യുന്നു. ഇന്നത്തെ ഏറ്റവും വലിയ ഇത്തിക്കണ്ണി പുരോഹിതനോ സാധുവോ അല്ല രാഷ്ട്രീയവാദിയാണ്. പുരോഹിതൻ നിങ്ങളെ സ്വർഗ്ഗത്തിലേയ്ക്കു കൊണ്ടുപോകാമെന്നു പറയും. രാഷ്ട്രീയവാദി സ്വർഗ്ഗം നിങ്ങളിലേയ്ക്കു കൊണ്ടുവരാമെന്നുപറയും. രോഗബാധമരുന്നുകളിലുള്ള വിശ്വാസം വർദ്ധിപ്പിച്ച് ആരോഗ്യത്തിന്റെ സ്വാഭാവികമായ ഉറവകളെ അടക്കുന്നതുപോലെ രാഷ്ട്രീയബാധ ഇസങ്ങളിലുള്ള അന്ധവിശ്വാസങ്ങൾ വർദ്ധിപ്പിച്ച് ദേശീയമനസ്സിന്റെ ജീവനും ആരോഗ്യത്തിനും നിദാനമായ പ്രേരണകളെ അടച്ചുകളയുന്നു. ഗാന്ധിക്കും ജിന്നായ്ക്കും സ്വീകാര്യമായ ഒരു പ്രമാണം വരുത്തുവാൻ വൈസ്രായിക്കു കഴിഞ്ഞാൽ നമ്മുടെ സകല വിഷമതകളും നീങ്ങുമെന്നു വിശ്വസിക്കാൻമാത്രം നാം അത്ര മായന്മാരായിപ്പോയിരിക്കുന്നു. രോഗികളെപ്പോലെ നാം മരുന്നുനിർണ്ണയത്തിലും പ്രമാണങ്ങളിലും വിശ്വാസം ചേർക്കുന്നു.

ദേശീയജീവിതത്തിലെ വ്യക്തിജീവിതത്തിലെ തികച്ചും വേർതിരിക്കപ്പെട്ട പ്രത്യേക അറകൾ ഇല്ല. ജീവിതത്തിന്റെ രാഷ്ട്രീയമണ്ഡലത്തെ സാന്മാർഗ്ഗികമോ സാമൂഹ്യമോ സാമ്പത്തികമോ ആയ മണ്ഡലങ്ങളിൽനിന്ന് വേർതിരിച്ചു നിർത്തുന്ന പ്രത്യേകഅതിരുകൾ സൃഷ്ടിക്കുക സാദ്ധ്യമല്ല. ഒരു സ്ഥാപനത്തിന്റെ കാര്യക്ഷമത അതിന്റെ പ്രവർത്തനരീതിയെ ആശ്രയിച്ചാണിരിക്കുന്നതെന്നും ആ പ്രവർത്തനരീതിയാണെങ്കിൽ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവരുടെ സ്വഭാവത്തെയും വിവേകത്തെയും ആശ്രയിച്ചാണിരിക്കുന്നതെന്നുമുള്ള വസ്തുത വിസ്മരിച്ച് ഒരു രാഷ്ട്രീയസ്ഥാപനമോ വ്യവസ്ഥയോ ഏർപ്പെട്ടുകഴിഞ്ഞാൽ നമ്മുടെ ദേശീയജീവിതത്തിലെ സകല വിഷമതകളും നീങ്ങിപ്പോകുമെന്നുതോന്നുമാറ് രാഷ്ട്രീയവാദികൾ പലപ്പോഴും സംസാരിക്കാറുണ്ട്. ഉദാഹരണത്തിന്, ഒരു രാജ്യത്ത് പ്രജായത്തഭരണത്തിന് ഉറപ്പു നൽകുന്നത് പാർലമെന്ററിസമ്പ്രദായമല്ല പ്രത്യുത സഹിഷ്ണുത, മിതത്വം, രാഷ്ട്രീയവാദി പറയുന്നത് അപ്പാടെ സ്വീകരിക്കയാതുള്ള ഒരുമനഃസ്ഥിതി, തുടങ്ങി ഒരു പൗരനിലുണ്ടായിരിക്കേണ്ട വ്യക്തമായഗുണങ്ങളാണ്. ഈ ഗുണങ്ങൾ ഇല്ലാത്ത ഒരു ജനതയ്ക്ക് അവരുടെ രാഷ്ട്രീയസ്ഥാപനങ്ങൾ എന്തുതന്നെ ആയിരുന്നാലും ഒരുകാലത്തും പ്രജായത്തബോധം സാദ്ധ്യമല്ല.

അതുപോലെതന്നെ, രാഷ്ട്രീയസ്വാതന്ത്ര്യം നേടുകയും മൗലികാവകാശപ്രമാണം ഉണ്ടാക്കുകയും ചെയ്യുന്നതുകൊണ്ട് ഇന്ത്യൻജനതയ്ക്കു സ്വാതന്ത്ര്യം കൈവരുമെന്ന് ഉറപ്പില്ല. യഥാർത്ഥത്തിൽ വിദേശാധികാരത്തിന്റെ പിൻവാങ്ങലോടുകൂടിയാണ് സ്വാതന്ത്ര്യത്തിനുള്ള നമ്മുടെ യോഗ്യത പരീക്ഷിക്കപ്പെടാൻപോകുന്നത്. അതുകൊണ്ടാണ് ഗാന്ധിജി നമ്മുടെ ദേശീയജീവിതത്തിന്റെ സൃഷ്ടിപരമായ വശത്തെ മുറുകെ പിടിക്കുന്നത്. അത് സ്വാതന്ത്ര്യംനേടുന്നതിനും അതിനെ സംരക്ഷിക്കുന്നതിനുമുള്ള ഒരു മാർഗ്ഗമാണ്. നശിപ്പിക്കുന്നതിനോടൊപ്പംതന്നെ നിർമ്മിക്കുവാനും വിമുഖമാകാത്ത നമ്മുടെ നിർമ്മാണശേഷിയെ അഴിച്ചുവിട്ടുവന്ന ടാഗോറിന്റെ ശ്രമങ്ങളും അതുകൊണ്ടുതന്നെയാണ്. ടാഗോർ ഒരു രാഷ്ട്രീയസിദ്ധാന്തക്കാരനായിരുന്നില്ല. നന്മയ്ക്കും തിന്മയ്ക്കും മാറുള്ളവരുടെമേൽ അധികാരം പുലർത്തുന്നതിൽ അദ്ദേഹം തല്പരനായിരുന്നില്ല. എന്നാൽ അദ്ദേഹത്തിന് മനുഷ്യന്റെ ഭാഗധേയത്തെപ്പറ്റി സ്പഷ്ടവും ഉച്ചത്തുമായ ഒരു ദൃഷ്ടിയും വ്യക്തികൾക്കും രാഷ്ട്രങ്ങൾക്കും അവശ്യാവശ്യമായ പ്രാഥമികതത്വങ്ങളെസംബന്ധിച്ചിടത്തോളം തെറ്റാത്ത ഒരു വാസനയും ഉണ്ടായിരുന്നു. അധികാരത്തിനുവേണ്ടിയുള്ള രാഷ്ട്രീയസിദ്ധാന്തങ്ങളുടെ ദുരന്തത്തെ അദ്ദേഹം വളരെ ഭംഗിയായി ഇപ്രകാരം സംഗ്രഹിക്കയുണ്ടായി. 'അധികാരത്തിന്റെ വൃത്തികേട് താക്കോൽനശിപ്പിച്ച് കോടാലി ഉപയോഗിക്കുന്നു.'

ഭവനം പ്രക്ഷോഭണപരമായ രാഷ്ട്രീയകാര്യങ്ങളെപ്പറ്റി അദ്ദേഹത്തിനു കഠിനമായ അവജ്ഞയാണുണ്ടായിരുന്നത്. അല്പംപോലും ചലിക്കാതെ നിരന്തരം കുഴലൂതികൊണ്ട് പുകവിസർജ്ജിച്ചുകൊണ്ടിരിക്കുന്ന ഒരു യന്ത്രത്തോടാണ് അദ്ദേഹം അതിനെ ഉപമിക്കുന്നത്. ഇന്നു നാം നമ്മുടെ യജമാനന്മാരല്ലെങ്കിൽ അത് ബ്രിട്ടീഷുകാർ ശക്തങ്ങളായതുകൊണ്ടല്ല നാം ദുർബലരായതുകൊണ്ടാണ്. നമ്മുടെകപ്പലുകളിൽതന്നെ വിടവുകളില്ലെങ്കിൽ കടലിലെ തിരമാലകൾ വിപത്തുണ്ടാക്കുകയില്ല. ഗാന്ധിജിയുടെ തത്വവും ഇതുതന്നെയാണ്. എന്നാൽ നമ്മുടെ രാഷ്ട്രീയപ്രസംഗകരിലും നേതാക്കന്മാരിലും എഴുത്തുകാരിലുംപെട്ട വലിയ ഭൂരിപക്ഷം ഈ സത്യത്തിന്റെ എത്ര ചുരുങ്ങിയ അംശമാണ് മനസ്സിലാക്കിയതെന്നറിയുവാൻ നമ്മുടെ ദിനപത്രങ്ങളിലൊന്നു കണ്ണോടിച്ചാൽ മതി.

ടാഗോർ തന്റെ വിശ്വാസം അർപ്പിച്ചത് രാഷ്ട്രീയസ്ഥാപനങ്ങളിലല്ല വ്യക്തിയിലാണ്. ഒരു സമുദായത്തിൽ വ്യക്തിയാണ് സ്വാതന്ത്ര്യത്തിന്റെ പരമമായ ഉറപ്പ്. സ്വതന്ത്രമായി ചിന്തിക്കുവാൻ വ്യക്തിക്കു സ്വാതന്ത്ര്യമില്ലാത്ത ഒരു സമുദായമോ പ്രജായത്തപരമല്ല. സ്വന്തം ജീവനെക്കൊണ്ടുപോലും അവനവന്റെ സ്വാതന്ത്ര്യത്തെ സംരക്ഷിക്കാൻ വ്യക്തി ഒരുക്കമല്ലാത്ത ഒരു സമുദായം സ്വതന്ത്രമായിരിക്കയില്ല. അതിനാൽ വ്യക്തിയെ ചെറുപ്പംമുതൽ സത്യസന്ധനും നിർഭയനും ആത്മവിശ്വാസിയും ആയ പൗരനായി തീരത്തക്കവിധം വിദ്യാഭ്യാസം ചെയ്യിക്കണം.

ഇൻഡ്യയിലെ ഭൂരിപക്ഷം പുരുഷന്മാരും സ്ത്രീകളും ഗ്രാമങ്ങളിലാണധിവസിക്കുന്നത്. അതിനാൽ നാം ഗ്രാമങ്ങളിലേക്കു തിരിയണം. ഗ്രാമങ്ങൾ നമ്മുടെ ദേശീയശക്തിയുടെ സംഭരണശാലകളായിരുന്നു. ഗ്രാമത്തിന് പൂർണ്ണജീവൻ നൽകണം. നഗരവും ഗ്രാമവും തമ്മിൽ ഉള്ള അകൽച്ച ഇല്ലാതാക്കണം. നമ്മുടെ സാമൂഹ്യസ്ഥാപനങ്ങളും വിദ്യാഭ്യാസസമ്പ്രദായവും നമ്മുടെദേശീയജീവിതത്തെ കാററുകേറാതെ പുഴുക്കൾനിറഞ്ഞു വൃത്തിശൂന്യമായ താഴത്തെ നിലയും ഭദ്രമല്ലാത്തതും പകുതി ആധുനികവും ആയ മുകളിലത്തെ നിലയും തമ്മിൽ യോജിപ്പിക്കുവാൻ ഒരു കോണിപ്പടിയില്ലാത്ത ഇരുനിലക്കെട്ടിടംപോലെയാക്കിയിട്ടുണ്ട്. ഇന്ദ്രിയങ്ങളുടെ പരിശീലനവും പ്രവർത്തനവും വഴിക്കുള്ള ടാഗോറിന്റെ വിദ്യാഭ്യാസതത്വങ്ങളും ഗ്രാമോദ്ധാരണത്തിനുള്ള സർവ്വവ്യാപ്തമായ പദ്ധതിയും പിന്നീട് ഗാന്ധിജി അംഗീകരിച്ചു പുഷ്ടിപ്പെടുത്തുകയും കോൺഗ്രസ്സ് സ്വീകരിക്കയുംചെയ്ത പരിപാടിയുടെ മുന്നോടികളാണ്. നമ്മുടെ ദീനതകളെപ്പറ്റി ഇൻഡ്യൻ നാഷനൽകോൺഗ്രസ്സ് ചിന്തിക്കുകപോലും ചെയ്യുന്നതിനുമുൻപ് അദ്ദേഹം അവയെ വിശകലനംചെയ്തിരുന്നു. എന്നാൽ അദ്ദേഹത്തിന് രാഷ്ട്രീയമായ അധികാരം ഉണ്ടായിരുന്നില്ല. അതുകൂടാതെ വിവേകം കേവലം വനരോദനമാണ്.

രാഷ്ട്രീയ ഉടമ്പടികൾകൊണ്ട് ഹിന്ദുമുസ്ലിം ഐക്യം സാധിക്കാമെന്ന് ടാഗോർ വിശ്വസിച്ചിരുന്നില്ല. പൊതുവിലുള്ള ചുമതലകളുടെയും കടപ്പാടുകളുടെയും ബോധത്തിൽനിന്ന് ഉദിക്കുന്നതാണ് ഐക്യം. അല്ലാതെ അത് രാഷ്ട്രീയമായ വിലപേശലിന്റെ ഫലമല്ല. ഹിന്ദുക്കൾ തങ്ങളുടെ സമുദായത്തിലെ അസ്പൃശ്യതാരോഗവും സാമൂഹ്യമായ അന്ധവിശ്വാസങ്ങളും മുസ്ലീങ്ങൾ അവരുടെ മതഭ്രാന്തും ഉപേക്ഷിക്കണമെന്നുള്ളതാണ് അപ്രകാരമുള്ള ഐക്യത്തിന്റെ ആദ്യവ്യവസ്ഥ. നമ്മുടെ മതപരവും സാമൂഹ്യവുമായ സ്ഥാപനങ്ങളിൽ മൃതമായ രൂപങ്ങളെ വച്ചു പൂജിക്കാൻ പ്രേരിപ്പിക്കുന്ന അതേ ഉദാസീനതതന്നെ നമ്മുടെ രാഷ്ട്രശരീരത്തിൽ നീക്കാൻ കഴിയാത്ത ഭിത്തികളോടുകൂടിയ ജയിലുകൾ നിർമ്മിക്കുന്നു. ഈശ്വരന്റെ പേരിൽ നിരപരാധികളെ കശാപ്പുചെയ്യിക്കുന്ന നമ്മുടെ മതഭ്രാന്തുതന്നെ ഡിറേറാക്ടർ സമ്പ്രദായത്തിന്റെ ഭീകരവാഴ്ച്ചയിലേക്ക് നമ്മെ നയിക്കും.

ഒരു സ്വദേശീയനാകുന്നത് ഇന്ന്

(ശേഷം പതിമൂന്നാംപേജിൽ)

ചെറുകഥ

# അതിഥിസൽക്കാരം

ജിറാർഡ് കെർഷ് —

വിവർത്തക — ഡോക്ടർ കെ. സി. പത്മാവതി

ചുട്ടുപഴുത്ത അടുപ്പിൽ ഒരുതുള്ളി വെള്ളം വീണാൽ ഉണ്ടാവുന്നതുപോലെ 'ശ്' എന്ന ഒരു ശബ്ദം ഗല്ലി കേട്ടു.


കുറച്ചുനിമിഷങ്ങൾക്കുശേഷം ആ പർവ്വതനിര മുഴുവൻ വെടിയുണ്ടകളുടെ പ്രതിധ്വനി വ്യാപിച്ചു. ഭ്രതക്കണ്ണോടിവെച്ചു നോക്കിയപ്പോൾ നീലിച്ച ആംബോനിയൻ ആകാശവും ചുട്ടുപഴുത്ത പാറക്കൂട്ടവുംഅല്ലാതെ മറ്റൊന്നും അയാൾ കണ്ടില്ല. അടുത്തുള്ള ഒരു പർവ്വതശിഖരത്തിൽനിന്നും ഒരു കഴുകൻ ശബ്ദം പുറപ്പെടുവിച്ചു. ഗല്ലിക്ക് ഭയംതോന്നി.

സൂര്യാസ്തമനത്തിനു എനിയും മൂന്നുമണിക്കൂറുകൂടി കഴിയണം. രാത്രിയായാലും നാട്ടുവെളിച്ചത്തിൽ അയാൾക്കു പോകാം. അയാൾ വലിഞ്ഞുനടന്നു. വഴിയിൽകിടന്നിരുന്ന ശവങ്ങൾ ഉരുണ്ടു തെറിച്ചു താഴെയുള്ള കല്ലുകളിൽ പതുങ്ങുന്നും വീഴുന്ന ശബ്ദം അയാൾ എണ്ണി. അതിനുശേഷം അയാൾ മുട്ടുകുത്തി ഇഴഞ്ഞുപോയി.

അയാൾ തന്റെ കഥ തീർന്നു എന്നു തീർച്ചയാക്കി. അനന്തമായാണ് ആ പർവ്വതനിര. രാത്രി മുഴുവൻ അയാൾ നടന്നു. ചില ഒച്ചപ്പാടുകളും ചിരിയും അയാൾ കേട്ടു. പന്ത്രണ്ടുമണിക്കുമുമ്പു ഉടഞ്ഞ തന്റെ വാച്ച് ആയാൾ ആ വീടു കണ്ടപ്പോൾ മൂന്നു മണിയാണെന്നു കാണിച്ചു.

ഗല്ലി സന്തോഷംകൊണ്ടു കരയുകതന്നെ ചെയ്തു. അതു ഒരു വീടു! ഒരു താഴ്വാരത്തിൽ കല്ല്, മണ്ണു, ഇഷ്ടിക മുതലായവകൊണ്ടു നിർമ്മിച്ച ഉയർന്ന യഥാർത്ഥ വീടുതന്നെ ആയിരുന്നു അത്. ഗല്ലി കാലെടുത്തുവച്ച സ്ഥലത്തെല്ലാം ഇളംചുകപ്പുവർണ്ണത്തിലുള്ള പാദപതനത്തിന്റെ അടയാളങ്ങൾ പതിച്ചിരുന്നു. വാതിൽവരെ കഷ്ടിമുഷ്ടിയായി ഇഴഞ്ഞെത്തുവാനുള്ള ശക്തിമാത്രം അയാൾക്കുണ്ടായിരുന്നു. അയാൾ വാതിലിൽ മുട്ടി: അതു തുറന്നു. ആ ഉമ്മറപ്പടിയിന്മേൽ അയാൾ വീണു.

കാച്ചുകലെന്നിന്നു ഉച്ചത്തിലുള്ള ഒരു ശബ്ദം അയാൾ കേട്ടു. "സ്വാഗതം" അതിനുശേഷം അയാൾ ഒന്നും കേട്ടതേയില്ല......പിന്നീടു അയാൾ ആദ്യംകണ്ടതു ഒരു പാത്രം സൂപ്പു പിടിച്ച മുഷ്ടിയും



ണ്. പഴയ മരംപോലെ കറുത്ത് ഉറപ്പോടുകൂടിയതായിരുന്നു ആ ഭുജങ്ങൾ: കനത്ത മാംസപേശികളും ചുളിവുകളും ഉണ്ടായിരുന്ന കയ്യ്; പിന്നീട് അയാൾ കണ്ടത് ചിത്രപ്പണികളോടുകൂടിയ കുപ്പായക്കയ്യ്, വെളുത്ത ചെറിയ കോട്ട്, വിടർന്ന ചുണ്ടുകൾ, വെളുത്ത് മഞ്ഞച്ഛായ കലർന്ന് വൃത്തിയുള്ള കൊമ്പൻമീശ, ചുളിഞ്ഞ നെററിയുടെ കീഴെ രണ്ടു കറുത്ത കണ്ണു, പകിട്ടുള്ള ഒരു തൊപ്പി, ഇങ്ങനെ ചിലതൊക്കെയാണ്.

ഉള്ളിൽ കാച്ചുദയത്തോടുകൂടി ഗല്ലി എഴുന്നേല്ക്കുവാൻ ഭാവിച്ചു. "ഞാൻ ഒരു ഇറ്റാലിക്കാരനാണ്......ഞാൻ ലഫ്റ്റനൻറ് ഗല്ലിയാണ്". അയാൾ തൊണ്ടവിറയലോടെ പറഞ്ഞുതീർത്തു.

"അതുകൊണ്ടു തരക്കേടൊന്നുമില്ല" ആ വൃദ്ധൻ പറഞ്ഞു. "നിങ്ങൾ എന്റെ അതിഥിയും ഞാൻ ആതിഥേയനുമാണ്. നിങ്ങൾ എന്റെ ഉമ്മറപ്പടിയിൽ വന്നു. ഇപ്പോൾ എന്റെ വീടിനകത്താണ്".

"യുദ്ധം നടന്നുകൊണ്ടിരുന്നു......ഗല്ലി പറഞ്ഞു. "ആ വൃദ്ധൻ പിറുപിറുത്തു" അതും എനിക്കറിയാം.

അപ്പോൾ ഞാൻ നിങ്ങളുടെ തടവുകാരനാണോ" ഗല്ലി പറഞ്ഞു. വൃദ്ധൻ പ്രതിവചിച്ചു. "പ്രത്യുത ഞാൻ നിങ്ങളോടു ആദ്യം പറഞ്ഞതുപോലെ നിങ്ങൾ എന്റെ അതിഥി മാത്രമാണ്. നിങ്ങൾക്ക് ഒരുദിവസം ഇവിടെ താമസിക്കുവാനാണ് ഇഷ്ടമെങ്കിൽ അങ്ങിനെയാവാം. അല്ല ഒരുകൊല്ലമാണെങ്കിൽ അതും എനിക്ക് സന്തോഷമാണ്."

ഗല്ലി അപ്പോൾ താൻ കിടക്കുന്നതു ഉയരംകുറഞ്ഞു വിസ്താരമുള്ള ഒരു മുറിയിൽ ഒരു വലിയ കിടക്കയിലാണെന്നു ഊഹിച്ചു. നില, മണ്ണടിച്ചു ഉറപ്പിച്ചതായിരുന്നു. അതിന്റെമീതെ വിലപിടിച്ച പരവതാനി വിരിച്ചിട്ടുണ്ട്. മീതെ പിച്ചള അടിച്ചിട്ടുള്ള മേശ, അമേരിക്കയിൽ പണിതിട്ടുള്ള ഒരു പിച്ചളവിളക്കു, വളരെ കാലത്തെ പഴക്കമുള്ള ചുകന്ന കളിമണ്ണുകൊണ്ടുണ്ടാക്കിയ മൂന്നു വിളക്കും അതിൽ എണ്ണയിൽ മുങ്ങിയ തിരികളും—ഇവകൊണ്ടു ആ മുറി അലങ്കരിച്ചിരുന്നു—അടുത്തുതന്നെ ഒരു റേഡിയോവിന്റെ മുകളിൽ തുർക്കിസമ്പ്രദായത്തിലുള്ള ഒരു ക്രൂശവും ഇരിക്കുന്നുണ്ടായിരുന്നു.

ആ വൃദ്ധൻ പറഞ്ഞു. "ഭക്ഷണം നിങ്ങളുടെ സമ്മതം ഇല്ലാതെ തയ്യാറാക്കിയിട്ടുണ്ട്. നിങ്ങൾ കൃസ്ത്യാനിയാണ്. മദ്യപാനം ചെയ്യുമായിരിക്കാം. ഞങ്ങൾ മുഹമ്മദീയർ കുടിക്കുകയില്ല. അതുകൊണ്ടു ഇപ്പോൾ നിങ്ങൾക്കു അതൊന്നും സല്ക്കരിക്കുവാൻ എനിയ്ക്കു സാധിക്കുകയില്ല പക്ഷെ ഞാൻ എന്റെ വേലക്കാരനെ ഈ കുന്നിൻചുവട്ടിലേക്കു ഒരുകുപ്പി ബ്രാണ്ടികൊണ്ടുവരുവാൻ പറഞ്ഞയച്ചിട്ടുണ്ട്. കുറച്ചു സിഗററും. ഞങ്ങൾ ഇവിടെ പൈപ്പാണ് ഉപയോഗിക്കുക. നിങ്ങളുടെ കാല്യാ കീറി മുഷിഞ്ഞതിരിക്കുന്നു...പുതിയ രണ്ടു കാല്യാകൾ കൊണ്ടുവരട്ടെയോ? എന്റെ പെൺകുട്ടികൾ നിങ്ങളുടെ കോട്ടു തുന്നി ഇട്ടിട്ടുണ്ട്. നിങ്ങളുടെ ബൂട്ട്സ് വലിച്ചെറിയുവാൻ ഞങ്ങൾ നിർബ്ബന്ധിതരായി. അതിനുപകരം എന്റെ രണ്ടു ബൂട്ട്സ് തരാം. നിങ്ങൾ ക്ഷമിക്കുമെന്നു വിചാരിക്കട്ടെ. അവ മുട്ടുവരെയുള്ള മൊറോക്കോതോൽകൊണ്ടുണ്ടാക്കിയതാണ്. അതുകൊണ്ടു അതിന്റെ വലിപ്പംകൊണ്ടുള്ള കേടു പരിഹരിക്കുമായിരിക്കാം..."

"എനിക്കു മടങ്ങിപ്പോകണം" ഗല്ലി പറഞ്ഞു. "ഞങ്ങളുടെ യുദ്ധമുന്നണിയി

(ശേഷം പതിനൊന്നാംപേജിൽ)

# പ്രാചീനഭാരതത്തിലെ മന്ത്രിപരിഷത്ത്

ചെറുക്കുർ, എസ്സ്. മാധവൻനായർ

ഭാരതത്തിൻ്റെ പ്രാചീന സംസ്കൃതിയെപ്പറ്റി വിദേശവിദ്വാന്മാരിൽ പലർക്കും ചില തെറ്റിദ്ധാരണകളുണ്ട്. ഭൗതികസത്തയെ അപ്രധാനമാക്കിക്കൊണ്ട് ധാർമ്മികവും, ആദ്ധ്യാത്മികവുമായ സീമകളിലേയ്ക്കുമാത്രമേ, നമ്മുടെ ചിന്താഗതിയും, കർമ്മപദ്ധതിയും കടന്നിരുന്നുള്ളു എന്നാണവരുടെ ധാരണ. മറ്റെന്തിനും മീതെ പാരലൗകികതയെ മാനിക്കുകയും, അതിനുവേണ്ടി ആയാസപ്പെടുകയുംചെയ്തിരുന്ന ഒരു നാട്ടിനെപ്പറ്റി, ഇത്തരം ധാരണകൾ ഉണ്ടായിപ്പോകുന്നുവെങ്കിൽ അതു കേവലം സ്വാഭാവികവുമത്രെ. 'വീട്ടിലേക്കാഴ്ചകൾ'പോലും വിദേശക്കണ്ണടയിലൂടെ നോക്കിയറിയുവാൻ ഇഷ്ടപ്പെടുന്ന ഇന്നത്തെ യുവലോകത്തിൻ്റെ, ചിന്താഗതിയിൽ ഒട്ടാകെ പ്രേരണചെലുത്തിക്കൊണ്ടിരിക്കുന്ന അത്തരം അബദ്ധസിദ്ധാന്തങ്ങളെ നമുക്ക് അവഗണിക്കാവുന്നതല്ല. ഇന്നത്തെ ഏതൊരു 'പാർലമെൻ്ററി'ഭരണരീതിയേയും അത്ഭുതസ്തബ്ധമാക്കുവാൻപോരുന്ന ഒരു ഭരണമീമാംസയാണ് ഭാരതത്തിനുണ്ടായിരുന്നതെന്ന് പ്രാചീനഗ്രന്ഥങ്ങളെ അവധാനതയോടെ അനുശോധനംചെയ്യുമ്പോൾ നമുക്കു മനസ്സിലാവും. ആ സരസമായ സരണിയിലൂടെ ഒരു നെടിയ പര്യടനത്തിന് ഈ സന്ദർഭത്തിൽ ഞാനുദ്യമിക്കുന്നില്ല. പ്രാചീനഭാരതത്തിലെ 'മന്ത്രിപരിഷത്തി'നെപ്പറ്റി ചെറുതായൊന്നു ചർച്ച നടത്തുവാനേ ഞാനുദ്ദേശിക്കുന്നുള്ളു.

## സുദീർഘമായ ഒരു പാരമ്പര്യം

വൈദികകാലംമുതൽക്ക് ഇങ്ങോട്ടു പരിശോധിക്കുമ്പോൾ, വർഷസഹസ്രങ്ങളെ അതിജീവിക്കുന്ന ഒരു മഹത്തായ പാരമ്പര്യം രാജകീയഭരണത്തിനുണ്ടെന്നു കാണാവുന്നതാണ്. അനിയന്ത്രിതമായ സ്വേച്ഛാപരത രാജാക്കന്മാരും പ്രജകളും ഇഷ്ടപ്പെട്ടിരുന്നില്ല. രാജ്യഭരണത്തിൽ ഭരണകർത്താവിന് തണലും തുണയുമായി മന്ത്രിസമിതികൾ ഉണ്ടായിരുന്നു. രാജ്യകാര്യങ്ങൾ നിർവ്വഹിച്ചുകൊണ്ടിരുന്ന ഉയർന്നവകുപ്പദ്ധ്യക്ഷന്മാരെ 'രാജകർത്തൃക്കൾ' എന്നാണ് അന്നു പറഞ്ഞുവന്നിരുന്നത്. അവരുടെ സമുദായത്തെ 'സമിതി' എന്നും വ്യവഹരിച്ചുവന്നു. കാലത്തിൻ്റെ പുരോഗതിക്കൊപ്പം പരിവർത്തനവിധേയമായിക്കൊണ്ടിരുന്നു അതിൻ്റെ പേരും, അധികാരങ്ങളും കർത്തവ്യങ്ങളും. ബ്രാഹ്മണകാലമായപ്പോഴേയ്ക്കും 'രത്നി' എന്ന പേരിലാണ് സമിതി അറിയപ്പെട്ടിരുന്നത്. അംഗങ്ങളുടെ പേരും അനുക്രമം പ്രധാനമന്ത്രി, അമാത്യൻ, സേനാപതി, കോശാദ്ധ്യക്ഷൻ എന്നിങ്ങനെ ആയിത്തീർന്നു. പൗരാണികകാലത്തിൽ 'മന്ത്രിപരിഷത്തെന്ന'പേരിൽ ഇതു കൂടുതൽ ഉന്നതാവസ്ഥയിലെത്തിച്ചേർന്നു. എട്ട്, പത്ത്, പന്ത്രണ്ട്, ഇരുപത്, മുപ്പത്തിയേഴ് ഇങ്ങനെ പലകണക്കിനും അംഗങ്ങൾ ഉൾപ്പെട്ടിരുന്നു. മഹാഭാരതത്തിലും, ശുക്രനീതിയിലും' മന്ത്രിപരിഷത്തിന് "ഗണ" ശബ്ദമാണ് ഉപയോഗിച്ചിരിക്കുന്നത്. കൗടില്യൻ്റെ അർത്ഥശാസ്ത്രത്തിൽ 'പരിഷത്തെ'ന്നും അശോകൻ്റെ ലേഖനങ്ങളിൽ 'പരിസ' എന്നുമാണ് കാണുന്നത്. ഇതിനുശേഷം വേറൊരുപദവും വളരെക്കാലത്തേയ്ക്കു പ്രയോഗിച്ചുകാണുന്നില്ല. ഇങ്ങനെ പേരിൽ മാറ്റങ്ങൾ വന്നുകൊണ്ടിരുന്നെങ്കിലും, കർത്തവ്യത്തിലും കർമ്മപദ്ധതിയിലും വ്യതിയാനമൊന്നും സംജാതമായില്ല.

## രാജാക്കന്മാരും മന്ത്രിപരിഷത്തും

മന്ത്രിപരിഷത്തുകൂടാതെ ഭരണംനടത്തുക രാജാക്കന്മാർക്ക് ദുസ്സാധമാണെന്നുള്ളത് അന്നത്തെ ഭരണഘടനയുടെ സ്വയംസിദ്ധമായ ഒരു അപരിത്യാജ്യനിയമമായിരുന്നു. രാജ്യതന്ത്രപരവും, സദാചാരപരവും മാത്രമല്ല, ധർമ്മഗ്രന്ഥങ്ങളേയും, നിയമസൂത്രങ്ങൾതന്നെയുമോ പരിശോധിച്ചാൽ ഈ നിയമത്തിൽ ഏകമതരാണ് തത്ക്കർത്താക്കളെന്ന് കാണാവുന്നതാണ്. മന്ത്രിപരിഷത്തുകൂടാതെ ഭരണം നടത്തുന്ന രാജാക്കന്മാർ കൊള്ളരുതാത്തവരും, മൂഢരുമാണെന്ന് പ്രസ്താവിച്ചുകൊണ്ടു ഇങ്ങനെ മനു അഭിപ്രായപ്പെടുന്നു. '[illegible]നായ വ്യക്തി ഭരണനിർവ്വഹണത്തിൽ ഏതുതരത്തിലും അയോഗ്യനാണ്. സുഗമവും, സുഗ്രാഹ്യവുമായ സംഗതികൾപോലും ഒരാൾ തനിയെ നിർവ്വഹിക്കുക സുകരമല്ല. വിഷമങ്ങളാലും, പരിവർത്തനങ്ങളാലും സമ്പൂർണ്ണമായ രാജ്യകാര്യം പോലുള്ള ഒരു കൃത്യം ഒരാൾക്ക് തനിച്ചെങ്ങനെ നടത്താൻ കഴിയും? ദിനംപ്രതി മന്ത്രികളോടുകൂടി സന്ധിവിഗ്രഹങ്ങൾ, ആത്മരക്ഷ, സ്വരാഷ്ട്രപരമായ മറ്റെല്ലാപ്രശ്നങ്ങൾ ഇവയെപ്പറ്റി ആലോചിക്കേണ്ടതാണ്. യാജ്ഞവൽക്യനും ഈ കാര്യത്തെ സമർത്ഥിച്ചുകൊണ്ട് നീതിവാക്യാമൃതത്തിൽ അഭിപ്രായപ്പെടുന്നത്, തൻ്റെ മന്ത്രിമാരുമായി അഭിപ്രായവിനിമയം ചെയ്യാതെ, അവരുടെ സമ്മതവും, സഹകരണവും നേടാതെ, ഭരണം നടത്തുന്നയാൾ രാജാവല്ലെന്നാണ്. രാഷ്ട്രമീമാംസയിൽ അഗാധപണ്ഡിതനായ ശുക്രാചാര്യൻ്റെ അഭിപ്രായം ഒന്നുകൂടികടന്നതാണ്. "തൻ്റെ മന്ത്രികളുടെ അഭിപ്രായത്തെ അനുസരിക്കാത്ത രാജാവ് രാജാവല്ല, പിന്നെയോ, രാജാവിൻ്റെ വേഷത്തിൽ പ്രജകളുടെ സമ്പത്ത് അപഹരിക്കുന്ന ചോരനാണ്" അദ്ദേഹം ഇങ്ങനെ തുടരുന്നു. സർവ്വശാസ്ത്രപാരംഗതനും, രാജ്യകാര്യപരമായ അതിസൂക്ഷ്മവസ്തുതകൾ പോലും മനസ്സിലാക്കാൻ കഴിയുന്നവനും, ആയ രാജാവുപോലും സ്വേച്ഛയാ ഒന്നുംതന്നെ പ്രവർത്തിക്കരുത്. ബുദ്ധിമാനായ രാജാവു മന്ത്രികളോടു ആലോചിച്ചുകൊണ്ട് എല്ലായ്പ്പോഴും പ്രവർത്തിക്കുന്നു. രാജ്യത്തെനഷ്ടമാക്കുകയാണ് ഒരു രാജാവിൻ്റെ സ്വേച്ഛാപൂർവ്വമായ ഭരണം.' ശരിയും ഉചിതവുമായ കാര്യങ്ങൾപോലും ബുദ്ധിമാന്മാരുടെ അനുമതികൂടാതെ പ്രവർത്തിക്കരുതെന്നാണ് ബൃഹസ്പതിയുടെ അഭിപ്രായം. പ്രസിദ്ധരാജ്യതന്ത്രജ്ഞനും, രാജഭരണത്തിൻ്റെ പ്രത്യേകപക്ഷപാതിയുമായ കൗടില്യനും, മന്ത്രിമാരാൽ ഭൂരിപക്ഷത്തോടെ നിശ്ചിതമാവുന്നകാര്യങ്ങളെ നിർവ്വഹിക്കാവൂഎന്നും, അതാണവരുടെ കർത്തവ്യമെന്നുംതന്നെയാണഭിപ്രായപ്പെടുന്നത്. മന്ത്രിപരിഷത്തിനെമാത്രമല്ല ഭരണസമിതിയേയും ഈ നിയമം ബന്ധിക്കും. മന്ത്രിപരിഷത്തുമുഖേന സ്വീകൃതമാവുന്ന നിയമങ്ങളെ റദ്ദുചെയ്യുന്നതിനുള്ള വിശേഷാധികാരം രാജാക്കന്മാർക്കില്ലായിരുന്നു എന്നതു പ്രസ്താവനാർഹമായ ഒരു സംഗതിയാണ്. രാജാക്കന്മാർക്ക് പ്രജാഹിതങ്ങളേയും, അവകാശങ്ങളേയുംസംബന്ധിച്ചു എത്രയധികം ചിന്തിക്കേണ്ടിയിരുന്നുഎന്നും, എത്രത്തോളം നിയന്ത്രിതരും, നിയമപാശങ്ങളാൽ നിബദ്ധരുമാണ് അവരെന്നും സ്പഷ്ടമാവുന്നുണ്ട്. കൗടില്യൻ അർത്ഥശാസ്ത്രത്തിൽ ഇങ്ങനെ എഴുതുന്നു:—'ആയിരം കണ്ണുള്ളവനാണ് ദേവേന്ദ്രൻ എന്നു പറയപ്പെടുന്നുവെങ്കിലും വാസ്തവം അങ്ങനെയല്ല. അദ്ദേഹത്തിനു കണ്ണുകൾ രണ്ടേ ഉള്ളൂ; പക്ഷേ ഇതിൻ്റെ യഥാർത്ഥാശയം അദ്ദേഹത്തിൻ്റെ മന്ത്രിപരിഷത്തിൽ ആയിരം അംഗങ്ങൾ ഉണ്ടെന്നുള്ളതാണ്. അവർമുഖേന അദ്ദേഹം കാര്യങ്ങൾ നേരിട്ടറിയുകയും, അവ നിർവ്വഹിക്കുകയുംചെയ്യുന്നുഎന്നസാരം."

"രാജാവു ഏകാന്തത്തിൽ മന്ത്രിമാരോടു പ്രത്യേകം പ്രത്യേകമായും, അതിനുശേഷം ഒന്നിച്ചും അഭിപ്രായം ആരായേണ്ടതാണ്. അതിനുശേഷം സ്വയം ചിന്തിക്കുകയും, ഏറ്റവും നല്ലതെന്നു തോന്നുന്നതിനെ ചെയ്യുകയുംവേണം." മനു. പൂർണ്ണമായും ഈ അഭിപ്രായത്തെ കൗടില്യനും അനുകൂലിക്കുന്നു. മന്ത്രിമാരിൽ ഏറ്റവും സമർത്ഥനും, വിദ്വാനും, വിശ്വാസിയുമായിട്ടുള്ള വ്യക്തിയുടെ ഉത്തരവാദിത്വത്തിലാണ് കൃത്യങ്ങളെല്ലാം നിർവ്വഹിക്കപ്പെട്ടിരുന്നത്. പ്രധാനമന്ത്രിയെന്നു പറയപ്പെടുന്നതും ഇദ്ദേഹത്തെയത്രെ. അങ്ങനെ സർവ്വവിധമായ ഭരണകാര്യങ്ങളിലും പ്രധാനമന്ത്രിയുടെ ഉപദേശം, പ്രേരണ, സഹായം ഇവയത്രെ രാജാവിനു പിൻബലമായിരിക്കുക.

## മന്ത്രിമാരുടെ സ്വാധീനതയുടെ പ്രാബല്യം

മന്ത്രിപരിഷത്തിൻ്റെ അനുമതികൂടാതെ ബ്രാഹ്മണർക്ക് ദാനംചെയ്യുന്നതിനുപോലും രാജാക്കന്മാർക്ക് സാധിച്ചിരുന്നില്ല. ദിവ്യാപദാനത്തിൽ കൊടുത്തിട്ടുള്ള ഒരുകഥ ഇതിനു ദൃഷ്ടാന്തമാണ്. ചില ബുദ്ധസന്യാസികൾക്കു ദാനംചെയ്യുന്നതിന് അശോകൻ ഒരിക്കൽ ആജ്ഞാപിച്ചു. പക്ഷേ അദ്ദേഹത്തിൻ്റെ 'അമാത്യനായ' രാധാഗുപ്തൻ്റെ അധീനതയിലുള്ള മന്ത്രിപരിഷത്ത് അതിന് അനുമതി നൽകിയില്ല. അമ്മാതിരി അഭിപ്രായങ്ങൾ മന്ത്രിപരിഷത്തിനുണ്ടെന്നുവരികിൽ അതു ആദ്യമേ സൂചിപ്പിക്കേണ്ടതാണെന്ന് അദ്ദേഹത്തിൻ്റെ ലേഖനത്തിൽ പ്രസ്താവിക്കുന്നുണ്ട്. രാജാവിൻ്റെ സ്വേച്ഛാപരമായ ആജ്ഞകളേയും, പ്രഖ്യാപനങ്ങളേയും എതിർത്തിരുന്നെന്നുമാത്രമല്ല, വ്യർത്ഥവും, ഹാനികരവുമായവയെ റദ്ദാക്കുകയും ചെയ്തിരുന്നെന്ന് ഇതിൽനിന്നു വെളിവാകുന്നുണ്ട്. ഈ കാര്യത്തിന് ഉപോൽബലകമായ ഉജ്ജ്വലമായ ഒരുദാഹരണം സുദർശനക്ഷേത്രത്തെപ്പറ്റി പറഞ്ഞുവരുന്നത് ഇവിടെ പ്രസ്താവിക്കത്തക്കതാണ്. ഗുജറാത്തിലാണ് ഈ ക്ഷേത്രം. ഇതിൻ്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് നിശ്ചയിച്ചു രുദ്രദമനൻ മന്ത്രിപരിഷത്തിനോടു ദ്രവ്യം ആവശ്യപ്പെട്ടു. അവരതു അനുവദിക്കായ്കയാൽ അദ്ദേഹത്തിനു അതു സ്വന്തം പണംകൊണ്ടു നടത്തേണ്ടിവന്നു. പ്രജകളെ വർഗ്ഗങ്ങളായി പിരിച്ചുനിറുത്തുന്നതിനോ, പൊറുതിമുട്ടിക്കുന്നതിനോ വേണ്ടിയല്ല, അവരുടെ സുഖത്തിനും അഭിവൃദ്ധിക്കും വേണ്ടിയാണ് നിയമങ്ങളെന്നും, മന്ത്രിപരിഷത്തിൻ്റെ ആനുകൂല്യംകൂടാതെ രാജാവിന് ഒന്നുംചെയ്യാൻ കഴിഞ്ഞിരുന്നില്ലെന്നും ഇതിൽനിന്നു വ്യക്തമാവുന്നു.


## അംഗങ്ങളുടെ സംഖ്യ

അംഗങ്ങളുടെ സംഖ്യ പൊതുവേ മാറിക്കൊണ്ടിരുന്നു. താന്താങ്ങളുടെ അറിവ്, അനുഭവം, ആവശ്യം ഇവയ്ക്കനുസൃതമായി രാജ്യതന്ത്രവിശാരദന്മാർ വിഭിന്നാഭിപ്രായങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ഒന്നോ, രണ്ടോ മന്ത്രികളാൽ മാത്രം നടത്തപ്പെടുന്ന ഭരണം രാജ്യത്തിൻ്റെ നാശഹേതുകമെന്നാണ് നീതിവാക്യാമൃതകാരൻ്റെ മതം. അതുകൊണ്ടു തന്നെയാണ് മൂന്നോ, അഞ്ചോ, ഏഴോ മന്ത്രിയായിരിക്കുന്നതു നന്നായിരിക്കുമെന്ന് അഭിപ്രായപ്പെടുന്നതും. സ്വാഭിപ്രായംമൂലം കാര്യനിർവ്വഹണത്തിനു തടസ്സം ഉണ്ടാകാതിരിക്കുവാനാണ് എണ്ണം വിഷമസംഖ്യയിലായിരിക്കുകയാണ് സമുചിതമെന്ന് നിർബന്ധിച്ചിട്ടുള്ളതും. കൗടില്യൻ്റെ മതം ഇതാണ്.

മനുവിൻ്റെ പക്ഷപാതികൾ ൧൨-ം, ബൃഹസ്പതിയുടെ അനുകൂലികൾ ൧൬-ം, ഉശനസ്സൻ്റെ അനുയായികൾ ൨൦-ം മന്ത്രിമാർ പരിഷത്തിൽ ഉണ്ടായിരിക്കണമെന്ന് പറയുന്നു. "എൻ്റെ അഭിപ്രായമാണെങ്കിൽ അവരവരുടെ കഴിവിനും ആവശ്യകതയ്ക്കും അനുഗുണമായി അംഗസംഖ്യ ക്ലിപ്തപ്പെടുത്തേണ്ടതാണെന്നാണ്." ൪ ബ്രാഹ്മണർ, ൮ ക്ഷത്രിയർ, ൨൧ വൈശ്യർ, ൩ ശൂദ്രർ, ൧ സൂതൻ അതായത് ആകെ ൩൭ പേരടങ്ങിയ ഒരു പരിഷത്തിനെപ്പറ്റി മഹാഭാരതത്തിൽ പ്രസ്താവിക്കുന്നു. പക്ഷേ, മറ്റൊരിടത്ത് ൪ ബ്രാഹ്മണർ, ൩ ശൂദ്രർ, ൧ സൂതൻ ഇങ്ങനെ ൮ പേർ അടങ്ങിയിരിക്കുന്നതിനാണ് കൂടുതൽ പ്രാധാന്യമെന്നും എഴുതിയിട്ടുണ്ട്. എല്ലാം വർണ്ണങ്ങൾക്കും അവരുടെ ഹിതം, സംഖ്യ ഇവയിൽ ശ്രദ്ധിച്ചുകൊണ്ട് സ്ഥാനം നൽകിയിരിക്കുന്നതായി വ്യക്തമാകുന്നു. ഏഴോ, എട്ടോ പേരെ വച്ചുകൊള്ളുന്നതിന് മനുവും, എട്ട് ഒൻപത് പേരെ ഉൾപ്പെടുത്തിക്കൊള്ളുന്നതിന് ശുക്രാചാര്യനും അഭിപ്രായം രേഖപ്പെടുത്തുന്നു. പ്രാചീനഭരണപദ്ധതിയെ അനുകരിച്ചുകൊണ്ട് ശിവജിയും "അഷ്ടപ്രധാന" മന്ത്രിമണ്ഡലം സ്ഥാപിച്ചു. ആചാര്യന്മാരുടെ അഭിപ്രായങ്ങളെ സൂക്ഷ്മം പരിശോധിക്കുന്നാപക്ഷം അഷ്ടാംഗമണ്ഡലത്തോടാണ് പൊതുവേ ആനുകൂല്യം. എട്ടു മന്ത്രിമാരെ അനുകൂലിക്കുന്നിടത്തുതന്നെ ശുക്രാചാര്യർ നിമ്നലിഖിതമായ ഒരു പരിഷത്തിനേയും ഉല്ലേഖം ചെയ്യുന്നു. ൧) സചിവൻ (യുദ്ധമന്ത്രി). ൨) പണ്ഡിതാമാത്യൻ (നിയമമന്ത്രി) ൩) മന്ത്രി (രാഷ്ട്രസചിവൻ) ൪) പ്രധാനമന്ത്രി (മന്ത്രിമണ്ഡലത്തിൻ്റെ അദ്ധ്യക്ഷൻ) ൫)

(ശേഷം നാലാം പേജിൽ)

മാധവ
സാരസപരില
രക്ത ശുദ്ധിക്കും
രക്തം ദുഷിച്ചുണ്ടാകുന്ന
രോഗങ്ങൾക്കും
അത്യുത്തമം
മാധവ ഫാർമസി ലിമിറ്റഡ്
SOLD EVERYWHERE
Distributors for
Travancore & Cochin
A. KUMARAN, ALWAYE



ബ്രിട്ടനിലെ ബോർഡ് അഫ് ട്രേഡ് പാർലമെൻററിസെക്രട്ടറിയായ മി. ഡബ്ലിയു. ബെൽച്ചർ റേഡിയോ എക്സിബിഷൻ ഉൽഘാടനംചെയ്യുന്നു.

(മൂന്നാംപേജിൽനിന്നും തുടർച്ച)

സുമന്ത്ര (അർത്ഥസചിവൻ) ൬) അമാത്യൻ (കൃഷികാര്യമന്ത്രി) ൭) പ്രാഡ്വിവാകൻ (നീതിന്യായമന്ത്രി) ൮) പ്രതിനിധി ൯) പുരോഹിതൻ ൧൦) ദൂതൻ (പരരാഷ്ട്ര സചിവൻ).

ആദ്യത്തെ എട്ടു മന്ത്രിമാരുടെ പക്ഷത്താണ് ഗ്രന്ഥകാരന്മാരിൽ പലരും. പ്രതിനിധിയെ സംബന്ധിച്ച് വ്യക്തമായ വിവരമൊന്നും കിട്ടുന്നില്ല. പ്രതിനിധിയാണെന്നു വിളിക്കുന്നതെന്തിനാണെന്നോ, ആരുടെ പ്രതിനിധിയെന്നോ, ഉള്ള അറിവും അപൂർണ്ണമാണ്. മന്ത്രിപരിഷത്തിൽ ഒരു പ്രമുഖസ്ഥാനം അദ്ദേഹത്തിനുണ്ടായിരുന്നെന്നു മാത്രമല്ല, രാജാവിനു അനിഷ്ടമായ കാര്യംപോലും ചെയ്യിക്കുവാനുള്ള കഴിവും പ്രതിനിധിക്കുണ്ടായിരുന്നു. ഇതിൽനിന്നും പ്രബലമായ മറ്റേതെങ്കിലും ജനപദത്തിന്റെയോ മന്ത്രിപരിഷത്തിന്റെയോ പ്രതിനിധി ആയിരിക്കാമെന്നു അനുമാനിക്കാവുന്നതാണ്.

ഉപര്യുക്തസദസ്യരുടെ കൂട്ടത്തിലൊന്നും ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും ഭരണകാര്യങ്ങളിൽ സുപ്രധാനമായ ഒരു പങ്ക് യുവരാജാവിനും ഉണ്ടായിരുന്നതായി മനസ്സിലാവുന്നുണ്ട്. രാജാവിന്റെ സഹായകനായി അദ്ദേഹത്തേയും കരുതപ്പെട്ടിരുന്നു. രാജാവിന്റെ പുത്രൻ, പൌത്രൻ, അനുജൻ, സോദരപുത്രൻ, ഭ്രാതൃപുത്രൻ ഇവരിൽ ആരെയെങ്കിലും യുവരാജാവാക്കിയിരുന്നു. യുവരാജാവിന്റെ അമാത്യനെ "കുമാരാമാത്യൻ എന്നു പറഞ്ഞുവന്നു. ഉത്തരാപഥത്തിലെ രാജധാനിയായ തക്ഷശിലയിലെ പ്രാന്തീയശാസകനായിരുന്ന അശോകന്റെ പുത്രനെന്നും പൌത്രനായ "സംപ്രതി" യുവരാജാവായിരുന്നു എന്നും ദിവ്യാവദാനത്തിൽനിന്നും വ്യക്തമാകുന്നു. അശോകനും ഒരിക്കൽ തക്ഷശിലയിലും, മറ്റൊരിക്കൽ ഉജ്ജയിനിയിലും പ്രാന്തീയഭരണകർത്താവായിരുന്നതും, രാജ്യഭരണനിർവ്വഹണത്തിൽ യുവരാജാവിന് എത്രത്തോളം കൈയുണ്ടായിരുന്നു എന്നും ബൌദ്ധസാഹിത്യം നമ്മെ അറിയിക്കുന്നു. ഒരു ഭരണകർത്താവിനെപ്പോലെ മന്ത്രിപരിഷത്തിൽ സമ്മാനിതനായിരുന്നു അദ്ദേഹം. യുവരാജാവിനെ "കുമാരാധ്യക്ഷനാ"ണെന്നു പ്രസ്താവിച്ചുകൊണ്ടു ഭരണാശപത്തിന്റെ കടിഞ്ഞാൺ പിടിക്കുന്നതും അദ്ദേഹം തന്നെയാണെന്നാണു ഭട്ടഭാസ്കരന്റെ അഭിപ്രായം.

## പേരുകൾ മാറിക്കൊണ്ടിരുന്നു

മന്ത്രിപരിഷത്തിലെ അംഗങ്ങളുടെ ഔദ്യോഗികനാമം കൂടക്കൂടെ മാറിക്കൊണ്ടിരുന്നു. മാനവധർമ്മശാസ്ത്രത്തിൽ മന്ത്രിമാർക്ക് 'സചിവ'നെന്നും, അർത്ഥശാസ്ത്രത്തിൽ 'അമാത്യ'നെന്നുമാണ് പ്രയോഗം. രാമായണത്തിൽ മന്ത്രിമാരെ 'സചിവ'നെന്നും ഉപയോഗിച്ചിട്ടുണ്ട്. അർത്ഥശാസ്ത്രത്തിൽ പ്രധാനമന്ത്രിയെ 'മന്ത്രിൻ (മന്ത്രി)' എന്നും അതിനുശേഷം അനുക്രമം പുരോഹിതൻ, സേനാപതി രാജാവ് ഇവർക്കു സ്ഥാനം നൽകിയിരിക്കുന്നു. പ്രധാനമന്ത്രിക്കു 'അമാത്യൻ' എന്നാണു മറ്റു നാമകരണംചെയ്യപ്പെട്ടിരിക്കുന്നതു. അദ്ദേഹം ബ്രാഹ്മണൻ തന്നെ ആയിരിക്കണമെന്നും അദ്ദേഹത്തിനു നിർബ്ബന്ധമുണ്ട്. അജാതശത്രുവിന്റെ പ്രധാനമന്ത്രിയെ 'അഗ്രിമാമാത്യൻ' എന്നു പറഞ്ഞിരുന്നതായി പാലിസാഹിത്യത്തിൽനിന്നും, അശോകന്റെ പ്രധാനമന്ത്രിയായ രാധാഗുപ്തന്റെ 'ഔദ്യോഗികനാമം 'അഗ്രാമാത്യ'നെന്നാണെന്നു' ദിവ്യാവദാനത്തിൽനിന്നും നമുക്കു അറിയുവാൻ കഴിയുന്നു. ശുക്രനീതിയിൽ 'മന്ത്രിൻ' എന്നും, ഗുപ്തരാജാക്കന്മാരുടെ കാലത്തിൽ 'മഹാദണ്ഡനാമകശബ്ദവും വ്യവഹൃതമായതായി കാണപ്പെടുന്നു. മാനവധർമ്മശാസ്ത്രത്തിൽ മാത്രം പുരോഹിതന്റെപേരു എടുത്തുപറയുന്നില്ലെങ്കിലും എട്ടുപേരിൽ അദ്ദേഹവും ഉൾപ്പെട്ടിരുന്നതായി അനുമാനം. പക്ഷെ അധികാരകർത്തവ്യം ഇവരിൽ അന്തരം കാണുന്നുണ്ട്, മനു "രാഷ്ട്രസചിവ"നെ "ദൂത"നെന്നു പറയുന്നു. സന്ധിവിഗ്രഹങ്ങളാണു അദ്ദേഹത്തിന്റെ കർത്തവ്യസീമയിൽ ഉൾപ്പെടുന്നതു. രാമായണത്തിലും ശുക്രനീതിയിലും "മന്ത്രി"എന്നേ പ്രയോഗിച്ചിട്ടുള്ളു എങ്കിലും, ഗുപ്തരാജാക്കന്മാരുടെ ലേഖനങ്ങളിലും, ബൃഹസ്പതിസൂത്രത്തിലും 'സന്ധിവിഗ്രഹി' എന്നാണു പ്രയോഗം. കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ ഇതിനെപ്പററി യാതൊരു സൂചനയുമില്ലെന്നുള്ളതു ആശ്ചര്യപൂർവ്വം പറയേണ്ടിയിരിക്കുന്നു. ഗ്രീക്ക്, പെർഷ്യാ, സിറിയാ മുതലായ രാജ്യങ്ങളോട് ചന്ദ്രഗുപ്തൻ, ബിന്ദുസാരൻ ഇവർക്കു ഘനിഷ്ഠസഖ്യം ഉണ്ടായിരുന്നതുകൊണ്ടു മൌര്യസാമ്രാജ്യത്തിനു ഇക്കാര്യത്തിൽ വിശേഷമഹത്വം ഉണ്ടായിരുന്നു. അവിടത്തെ രാജാക്കന്മാർ ഇവിടെ (മൌര്യരാജധാനിയിൽ) മെഗസ്തനീസ്, ഡയമോക്കസ്, ഡയനീഷിയസ് എന്നീ പ്രതിനിധികളെ (ദൂതന്മാരെ) അയച്ചിട്ടുമുണ്ടായിരുന്നു. പ്രധാനമന്ത്രിതന്നെ ഈ ജോലിയും ചെയ്യേണ്ടിയിരുന്നതുകൊണ്ടാവണം ഇതേപ്പററി പ്രത്യേകം അഭിപ്രായമൊന്നും കൌടില്യൻ പുറപ്പെടുവിക്കാതിരുന്നതു. അർത്ഥസചിവന്റെ ജോലി രാജാവു സ്വയം വഹിച്ചിരുന്നതായിട്ടാണു മനുസ്മൃതിയിലെ പ്രസ്താവം. ശുക്രനീതിയിൽ ഇതിനു 'സുമന്ത്ര'നെന്നാണു പ്രയോഗം. ചിലയിടങ്ങളിൽ 'അർത്ഥ—സംചകൃത്തു" എന്നും കാണുന്നുണ്ട്. സേനാപതിയെ യുദ്ധമന്ത്രിയെന്നു പറയാവുന്നതാണെങ്കിലും ശുക്രനീതിയിൽ 'സചിവ'നെന്നാണു പറഞ്ഞിട്ടുള്ളതു. സമരക്ഷേത്രത്തിൽ 'സേനാപതി'യായും, മന്ത്രിപരിഷത്തിൽ 'യുദ്ധമന്ത്രി'യായും രാമായണത്തിൽ വിവക്ഷിച്ചിരിക്കുന്നു. കൌടില്യകാലത്തിൽ സ്ഥാനങ്ങൾ വെവ്വേറെയായിരുന്നെന്നു മാത്രമല്ല പ്രാധാന്യം കൂടുതലുമായിരുന്നു. ഉപര്യുക്തരായ അഞ്ചുപേരോടുകൂടി യുവരാജാവിനെക്കൂടിച്ചേർത്തു പ്രായേണ മന്ത്രിപരിഷത്തോ ശാസനപരിഷത്തോ നിർമ്മിച്ചിരുന്നു. വൈദികകാലംമുതൽ കുറച്ചുകാലത്തോളം യുവരാജാവിനെപ്പററിയുള്ള പ്രതിപാദനമൊന്നും കാണുന്നില്ല. പക്ഷേ വൈദികകാലത്തിൽ ഉണ്ടായിരുന്ന 'സൂതൻ'തന്നെയാവണം അനന്തരകാലത്തെ 'ദൂതൻ'.

## അന്തരംഗസഭ

മൂന്നും, നാലും അംഗങ്ങളും തുടങ്ങിയിട്ടുള്ള 'അന്തരംഗസഭ' പരിഷത്തിനകത്തു ഉണ്ടായിരുന്നതായി കാണാവുന്നതാണ്. അംഗങ്ങളും മൂന്നോ, നാലോ വേണമെന്നു മഹാഭാരതത്തിലും, ൧൦ മുതൽ ൧൨വരെ ആകാമെന്നു രാമായണത്തിലും അഭിപ്രായപ്പെടുന്നു. ഒരംഗമാത്രമായിരിക്കുന്നതിനെ വിശാലാക്ഷൻ എതിർത്തിട്ടുണ്ട്. എണ്ണം വിഷമസംഖ്യതന്നെയായിരിക്കണമെന്നാണ് കൌടില്യന്റെ പ്രബലമായ അഭിപ്രായം. ... അഭിപ്രായഭിന്നതയും, കൃത്യനിർവ്വഹണത്തിനു കാലതാമസവും ... രാജാവിന്റെ ... സുഗമതരമാക്കുകയാണ് ഇവയുടെ ഉദ്ദേശ്യം. 'മന്ത്രധരർ' എന്നാണ് ഇതിലെ അംഗങ്ങളെ വിളിച്ചുവന്നതു. രാമായണത്തിൽ; മഹാഭാരതത്തിൽ 'മന്ത്രഗ്രഹ'നെന്നും, ... ഭരണപരമായ അധികാരത്തോടുകൂടിയ 'രജ്ജുകമന്ത്രിമാ'രെയും (അശോകന്റെ) ഇവരുടെ ശ്രേണിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഇന്നത്തെ ഉപസമിതികളോടാണ് ഇവർക്കു കൂടുതൽ സാദൃശ്യം.

## രാജ്യപരിഷത്തു്

മേൽപറഞ്ഞവ കൂടാതെ 'രാജ്യപരിഷത്തു'മുണ്ടായിരുന്നു. അന്തരംഗസമിതി, മന്ത്രിപരിഷത്തു ഇവയിലെ സദസ്യരെക്കൂടാതെ ഉയർന്ന വകുപ്പധ്യക്ഷന്മാരും ഉന്നതോദ്യോഗസ്ഥരും ഇതിലെ അംഗങ്ങളായിരുന്നു. ൧൮-ഓ, ൨൦-ഓ, ൨൮-ഓ ആകാമായിരുന്നു ഇതിലെ അംഗങ്ങളുടെ സംഖ്യ. ഇതിലെ അന്ന്യോഗസ്ഥാംഗങ്ങൾ മറ്റേതെങ്കിലും ജനപദങ്ങളുടെ പ്രതിനികൾ ആയിരിക്കാം. രാമായണത്തിൽ 'തീർത്ഥ'യെന്നും, കൌടില്യൻ 'മഹാ അമാത്യ'രെന്നും നാമകരണംചെയ്തിരിക്കുന്ന മററൊരു സമിതിയെപ്പററിയുള്ള ഉല്ലേഖവും പ്രാചീനഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്. ഇവരുടെ സംഖ്യ ൧൮ ആണത്രെ. ഓരോരോ വിഭാഗത്തിന്റെ അധ്യക്ഷനായിരിക്കേണ്ടിയിരുന്നതും ഇതിൽനിന്നുമായിരുന്നു.

അശോകന്റെ ലേഖനങ്ങളിൽ 'യുക്ത'ൻ 'അധ്യക്ഷൻ' എന്നു ഒരു ഉദ്യോഗസ്ഥനെപ്പററിയും പ്രസ്താവിക്കുന്നുണ്ട്. മന്ത്രിപരിഷത്തിനു വെളിയിലായിരുന്നു ഇവരുടെ സ്ഥാനം. പരിഷത്തിലെ 'അമ്പർഷിപ്പു' ഇവർക്കു അലഭ്യവുമായിരുന്നു, ... ഉദ്യോഗസ്ഥന്മാരും നിയമസഭാസാമാജികന്മാരും പാർട്ടിമെമ്പർമാരല്ലെന്നതും ... ഭാരതീയഭരണഘടനയോടു ...

# ഗീതാധർമ്മം കർമ്മയോഗംതന്നെ

എൻ. ഗോവിന്ദപ്പണിക്കർ റിട്ടഃ അസിസ്റ്റൻറു് പേഷ്കാർ

(തുടർച്ച)

'ത്രേതായുഗാദൌ ച തതോ വിവസ്വാൻ (മനവേദദൌ
മനുശ്ച ലോകഭൃത്യർത്ഥം സുതായേക്ഷ്വാക-(വേദദൌ
ഇക്ഷ്വാകുനാ ച കഥിതോ വ്യാപ്യ ലോ-(കാനവസ്ഥിതഃ'

(മ. ഭാ. ശാ. നർവ്വ. ൩൪൮-൫൧)

അതായതു്—
'വിവസ്വാൻ മനുവിന്നേകിക്കൊണ്ടാൻ (ത്രേതായുഗാദിയിൽ
മകനിക്ഷ്വാകുവിന്നേകീമനുലോകം (ഭരിക്കുവാൻ
ഇക്ഷ്വാകുചൊല്ലീട്ടുലകിൽപരം (വ്യാപിച്ചുനിലപ്പമായ്"

(ഭാഃ ഭാ)

ഈ പരമ്പരയും ഗീതയിൽ നാലാമദ്ധ്യായാരംഭത്തിൽ (൧൨) കൊടുത്തിരിക്കുന്ന യോഗത്തിന്റെ പരമ്പരയും, അതായതു്,

'ഇമം വിവസ്വതേ യോഗം പ്രോക്തവാ-(നഹമവ്യയം
വിവസ്വാൻ മനവേപ്രാഹ മനുരിക്ഷ്വാ-(കവേ/ബ്രവീത്
ഏവം പരമ്പരാപ്രാപ്തമിമം രാജർഷയോ (വിദുഃ

എന്നതും ഒന്നുതന്നെയാകയാൽ ആ നാരായണീയധർമ്മംതന്നെയാണിവിടെ പ്രതിപാദിക്കപ്പെട്ടിരിക്കുന്നതെന്നു അനിഷേധ്യമാണ്. എന്തെന്നാൽ രണ്ടു വിഭിന്ന ധർമ്മങ്ങളുടെ പരമ്പര ഒന്നുതന്നെയായിരിക്കുവാൻ ഒരിക്കലും ശക്യമല്ല. ഇതിനുപുറമെ അവിടെത്തന്നെ വൈശമ്പായനൻ ജനമേജയനോടു് ഈ മഹത്തായ ഭാഗവതധർമ്മംതന്നെ നിനക്കു ഹരിഗീതയിൽ അതായതു ഭഗവൽഗീതയിൽ ചുരുക്കി അതിന്റെ വിധികളോടുകൂടി പറഞ്ഞിട്ടുണ്ട്, അതായതു്

'ഏവമേഷമഹാൻധർമ്മഃസതേപൂർവ്വം (നൃപോത്തമ!
കഥിതോ ഹരിഗീതാസു സമാസ വിധി-(കല്പിതഃ'

(മ. ഭാ. ശാ, നർന്ന ൧൦)

എന്നു, പിന്നീടു് അടുത്ത രണ്ടാമദ്ധ്യായത്തിൽ അർജ്ജുനൻ വിമനസ്കനായപ്പോൾ ശ്രീഭഗവാൻ ഗീതയോതി, അതായതു്

'സമുപോഢേഷ്വനീകേഷു കുരുപാണ്ഡ-(വയോർമൃധേ
അർജ്ജുനേ വിമനസ്കേ ച ഗീതാ ഭഗവതാ (സ്വയം
... (ശാ. ... നർവ്വ. ൮),

അതായതു്,
'കുരുപാണ്ഡവന്മാരുടെ ... (...
അർജ്ജുനൻ ... ഭഗവാൻ ...
... (... ഭാ)

എന്നു പറയുന്നതിനാലും ഭഗവൽഗീതയിലെ ധർമ്മവും ആ നാരായണീയധർമ്മവും ഒന്നുതന്നെയാണെന്നു ഭഗവൽഗീതയുടെ ... സമ്മതിച്ചുപറയുന്നതിൽ കൂടുതലായി തെളിവോ പ്രമാണമോ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇനിയും അവിടെ നാരായണീയധർമ്മത്തിന്റെ ലക്ഷണമാം—

'നാരായണപരോധർമ്മഃപുനരാവൃത്തിദുർ-(ല്ലഭഃ
പ്രവൃത്തിലക്ഷണശ്ചൈവ ധർമ്മോനാരായ-(ണാത്മകഃ

(ശാ. നർ. ...)

അതായതു്,

'നാരായണപരംധർമ്മം പുനരാവൃത്തി-(ശൂന്യമാം
പ്രവൃത്തിലക്ഷണംതാനും നാരായണാ-(ത്മകം

(ഭാഷാ. ഭാര)

എന്നിപ്രകാരം അതു പ്രവൃത്തിപരവും മോക്ഷപ്രദവും രണ്ടുംകൂടിയതാണെന്നു പറഞ്ഞിട്ടുള്ളതിനാലും ഗീതാധർമ്മമായ യോഗവും പ്രവൃത്തിപരവും മോക്ഷപ്രദവുമാണെന്നുകൂടി അവിതർക്കിതമായി സിദ്ധിക്കുന്നു. കൂടാതെ മുമ്പു പറയപ്പെട്ടപ്രകാരം സാംഖ്യംപോലെ യോഗവും ഒരു സ്വതന്ത്രവും മോക്ഷപ്രദവുമായ മാർഗ്ഗമാണെന്നു് ഉപനിഷത്തും ദുർല്ലഭമായിട്ട സൂചിപ്പിക്കുന്നുണ്ട്. ഇതിലേക്കു ഈശാവാസ്യോപനിഷദ്വചനം ദൃഷ്ടാന്തമാണ്. ആയതു് അടുത്ത പാദായിൽ വിവരിച്ചിട്ടുണ്ട്. കൂടാതെ തത്കാരണം സാംഖ്യയോഗാധിഗമ്യം, ജ്ഞാത്വാദേവം മുച്യതേ സർവ്വപാശൈഃ, അതായതു് സർവ്വകാരണനും സാംഖ്യത്താലും യോഗത്താലും അധിഗമ്യനും അതായതു് പ്രാപിക്കപ്പെടാവുന്നവനുമായ ആ ദേവനെ സാക്ഷാൽകരിച്ചിട്ട മനുഷ്യൻ സർവ്വബന്ധനങ്ങളിൽനിന്നും മോചിക്കപ്പെടുന്നു (ശ്വേ. ൬ ൧൩) എന്നും കാണുന്നുണ്ട്. ഈ രണ്ടു പ്രാചീനനിഷ്ഠകളെ അടിസ്ഥാനമാക്കിയായിരിക്കണം എഴുത്തച്ഛൻ തന്റെ അദ്ധ്യാത്മരാമായണത്തിലെ ഉമാമഹേശ്വരസംവാദത്തിൽ ശ്രീരാമതത്വമുപദേശിക്കണമെന്നു ശ്രീഭഗവതി ആവശ്യപ്പെടുന്നിടത്തു ശ്രീഭഗവാൻ അതിനുമുമ്പു് ഉപദേശിച്ച പല വിഷയങ്ങളുടെകൂട്ടത്തിൽ 'സാംഖ്യയോഗഭേദാദികളും' എന്നു പറഞ്ഞിരിക്കുന്നതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

൩. ശ്രുതിസ്മൃതികളും ആചാര്യസമ്മതവുമനുസരിച്ച്, സർവ്വാത്മൈക്യജ്ഞാനവും ആജ്ഞാനോത്തരത്തിൽ കർമ്മസന്യാസവുംകൂടാതെ മോക്ഷം ശക്യമല്ലെന്നാണു സാമാന്യസിദ്ധാന്തം. എന്നിരുന്നാലും ജ്ഞാനോത്തരത്തിൽ ജ്ഞാനിക്കു കർമ്മത്തിലോ തൽഫലത്തിലോ യാതൊരു തിഷ്ഠയുമില്ലെങ്കിലും ലോകസംഗ്രഹത്തിനുവേണ്ടിയോ യഥാധികാരമായോ ജ്ഞാ

(ശേഷം ൧൨-ാം പേജിൽ

ഏതെല്ലാം
സംഖ്യകൾക്കുള്ള കാഷ്
സർട്ടിഫിക്കറ്റുകൾ
നിങ്ങൾക്കു ഉണ്ട്?



100, 500, 1000, 5000 രൂപായുടെ ഇങ്ങിനെ നാലു ഇനങ്ങളിൽ ഉള്ള കാഷ് സർട്ടിഫിക്കറ്റുകൾ ഉണ്ട്. അവ യഥാക്രമം 82½, 412½, 825, 4125 രൂപാ വില ക്കു വില്ക്കപ്പെടുന്നു. ബ്രാഞ്ച് മാനേജരോടു ചോദിച്ചാൽ കൂടുതൽ വിവരങ്ങൾ ഗ്രഹിക്കാം.

പാലാ സെൻട്രൽ ബാങ്ക് ലി.

ESTD 1927

കൊല്ലം. തിരുവിതാംകൂറിൽ എല്ലായിടത്തും ബ്രാഞ്ചുകൾ.

ഗ്രന്ഥവിഹാരം

# മനുഷ്യൻ

—o—

ഗ്രന്ഥകർത്താ,
കെ. ദാമോദരൻ

മംഗളോദയം ലിമിററഡ് തൃശ്ശൂർ
വില രൂ. 2.

മനുഷ്യൻ, കുരങ്ങിന്റെ പിൻതുടർച്ചക്കാരനാണെന്നു പരീക്ഷണനിരീക്ഷണങ്ങൾകൊണ്ടു ചില പാശ്ചാത്യനരവംശശാസ്ത്രജ്ഞന്മാർ ഉന്നയിക്കുന്ന വാദമുഖങ്ങളാണു ഈ വെളിവാടുപുസ്തകം ഉൾക്കൊള്ളുന്നത്. സൃഷ്ട്യുൽകൃഷ്ടമായ ആ വാദകോടികളെ അശേഷം സ്പർശിക്കാതെ, അങ്ങനെയൊന്നുണ്ടെന്നുള്ള സൂചനപോലുംകൂടാതെ. ജീവൻ വെറും ആൽബുമിനിയസ്സാണെന്ന ഭൗതികസിദ്ധാന്തത്തിലാണ് ഇതിന്റെ അസ്തിവാരം പടുത്തിരിക്കുന്നത്. നാം ഇന്നുകാണുന്ന സൂര്യഗോളം ആകസ്മികമായി ഒരു കാലത്തു പൊട്ടിത്തെറിച്ചതിൽനിന്നുള്ള ഒരംശംമാത്രമാണു ഭൂതലമെന്നു സാംഖ്യ് പറയുന്നു. ആകാശവും ഭൂമിയും ഉണ്ടാകട്ടെ, എന്നു യഹോവാ പറഞ്ഞുവെന്നതിൽകവിഞ്ഞു പുതുമയൊന്നും സാംഖ്യിന്റെ ഈ പറച്ചിലിൽനിന്നും നമുക്കനുഭവപ്പെടുന്നില്ല.

തദണ്ഡമഭവദ്ധൈമം
സഹസ്രാംശുസമപ്രഭം.

എന്നു ജഗൽസ്ഥിതിയെപ്പററി പഴമക്കാർ ഈ സ്ഥൂലപദാർത്ഥവിജ്ഞാനത്തിനായി തലപുകയുന്നതിനേക്കാൾ ജഗൽകാരണമായ ആ സൂക്ഷ്മതത്വത്തെപ്പററി ആലോചിക്കുകയായിരുന്നു. നമ്മുടെ മനുഷ്യശാസ്ത്രജ്ഞൻ ഡാർവിന്റെ കാലടികളെ പിൻതുടർന്നുപോയി ജീവവികാസത്തിന്റെ വിവിധദശകളെ അവലോകിച്ചു അപ്പോഴം മനുഷ്യത്വത്തിന്റെ പൂർണ്ണത ലെനിനിൽ ദർശിച്ചു സംതൃപ്തനാകുന്നു. ഇതാണ് മനുഷ്യന്റെ പരിപൂർണ്ണത. ലെനിനസത്തിലാണ് മനുഷ്യത്വം പരിപൂർണ്ണമായി വികസിക്കുന്നത്.

വൈവസ്വതോ മനുർന്നാമ:
മാനനീയോ മനീഷിണാം

എന്ന ഭാരതീയമായ പരിണാമവാദത്തിന്റെ അപകർഷകസ്വഭാവമല്ല, (കുരങ്ങുത്വം) സ്വയം ഏറെറടുക്കുന്ന മനുഷ്യനിൽ കാണുന്നത്. നമ്മുടെ മനുഷ്യൻ പറയുന്നു—മനുഷ്യൻ ബുദ്ധിമാനായതു ഇപ്പോഴംമാത്രമാണെന്ന്. കാറൽമാർക്സ് എന്ന മോശയുടെ പഴയ നിയമത്തിൽനിന്നു ലെനിനൻ ഉദരസമത്വമെന്ന പുതിയ കല്പന പുറപ്പെടുവിച്ചതോടുകൂടി മനുഷ്യൻ മനുഷ്യനായി. ഭൂമി സ്വർഗ്ഗരാജ്യമായി. സാംഖ്യ് ബുദ്ധിയുള്ളവനുമായി. മനുഷ്യൻ കുരങ്ങിന്റെ സന്താനമാണെങ്കിൽ ഉദരസമത്വത്തിൽകവിഞ്ഞു അവനു മറെറാന്നും ചിന്തിക്കേണ്ടതില്ലല്ലോ.

കുരങ്ങ്, മനുഷ്യപദവിയിലെത്തുന്നതിനു മുമ്പ് കുരങ്ങിനും മനുഷ്യനുമിടയ്ക്കായിട്ട് അഞ്ചാറു സത്വപ്രകൃതികളുണ്ടായിരുന്നതായും ജീവശൃംഖലയിലെ ആ കണ്ണികൾക്കു തീരെ തേയ്മാനംസംഭവിച്ചു ഭൂമുഖത്തുനിന്നു് ശ്ലേഷമായിരിക്കുന്നുവെന്നുമാണ് നരവംശശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തസംഗ്രഹം. ചൈനയിൽനിന്നും കണ്ടുകിട്ടിയ ഒരു പല്ലും സുമാത്രാദ്വീപുകളിൽനിന്നു കണ്ടുകിട്ടി ഒരു തുടയെല്ലും ഈ വാദത്തിന്റെ തെളിവിലേക്കായി ഹാജരാക്കപ്പെടുന്നുണ്ട്. ഏതാണ്ടു പത്തുലക്ഷംകൊല്ലങ്ങൾക്കുമുൻപെന്നു ആ ശാസ്ത്രകാരന്മാർതന്നെ സമ്മതിക്കുന്ന ഒരു കാലഘട്ടത്തിലെ സ്ഥിതിഗതികളെയാണു ഇന്നത്തെ മനുഷ്യൻ വെളിച്ചത്തു കൊണ്ടുവരുവാൻ വിചാരിക്കുന്നതെന്നുകൂടി ഓർക്കണം. ആ നിലയിൽ ആ പരിശ്രമത്തെ പഴിക്കയല്ല, ശ്ലാഘിക്കതന്നെയാണു വേണ്ടതു്. ആദിമമനുഷ്യസമുദായത്തിന്റെ സാമൂഹ്യജീവിതത്തെപ്പററി സാംഖ്യന്റെ, കണ്ടുപിടുത്തമായാണു ഈ ഗ്രന്ഥകാരൻ ഉപയോഗപ്പെടുത്തുന്നത്. കുരങ്ങുമനുഷ്യൻ കാടനായി ജീവിച്ചുവെന്നാണ് ലൈംഗികകാര്യങ്ങളിൽ യാതൊരുവ്യവസ്ഥിതിയും പരിപാലിച്ചുപോന്നിരുന്നില്ലെന്നു്. ശ്വേതകേതുവിന്റെ ചരിത്രം അതിനു തെളിവാണെന്നു്. നമ്മുടെ മനുഷ്യന്റെ സിവിലിസേഷൻമൂർത്തി മത്തായി വർത്തിക്കുന്ന പാശ്ചാത്യനാഗരികതയിലെ ഇന്നത്തെ ചെയ്തികൾ—

നാലുപേർകേട്ടാൽനിരക്കാത്തവസ്തുവാ-
വാലുള്ളവാനരന്മാർക്കും ചിതംവരാ

എന്ന ആ അഭിപ്രായം പകർത്തുന്ന അവസരത്തിൽ ഓർമ്മിക്കേണ്ടതായിരുന്നു. നമ്മുടെ മലകളിൽ ഇന്നും പരിഷ്കൃതബന്ധംകൂടാതെ കഴിയുന്ന കാട്ടുജാതിക്കാരുടെഇടയിലെ ചാരിത്രനിഷ്ഠയും പരിഷ്കാരപ്രിയരുടെഇടയിൽ അതിന്റെ ഇന്നത്തെനിലയും സംശയം പറയാതെതന്നെ നമുക്കു കണ്ടുമനസ്സിലാക്കാവുന്നതാണ്. സിദ്ധാന്തദശയിൽ ഇരിക്കുന്ന പല നൂതനവിജ്ഞാനങ്ങളും ഈ ഗ്രന്ഥം ആവിഷ്കരിക്കപ്പെടുന്നുണ്ടെന്നു സമ്മതിക്കണം. നമ്മുടെ രക്തത്തിൽ കലർന്നുപോയ വിശ്വാസങ്ങളെ തൊററാണെന്നു മാററിഎഴുതുവാൻ ഇതു ശ്രമിക്കുന്നുണ്ട്. അതുപോലെതന്നെ, വ്യവസ്ഥാപിതഭരണക്രമത്തിന്റെ വാഴ്ചയിൽനിന്നുണ്ടായിട്ടുള്ള നിമ്നോന്നതസ്ഥിതികളും സ്വാതന്ത്ര്യപരതകളും സ്ഥാപിതതാല്പര്യങ്ങളും അഗാധമായി പരിശോധിച്ചു പ്രജായത്തസിദ്ധാന്തത്തിൽ ഇതു എത്തിച്ചേരുന്നു. അങ്ങനെ മനുഷ്യന്റെ ഭൗതികപ്രധാനമായ ജീവിതാനുഷ്ഠാനങ്ങളിലെ വിവിധവശങ്ങളെയും സാമാന്യമായിട്ടെങ്കിലും ഇതു സ്പർശിക്കാതെവിട്ടിട്ടില്ല. ഒരുശാസ്ത്രഗ്രന്ഥത്തിനു വേണ്ട ലളിതപ്രതിപാദനം തന്നെ ഗ്രന്ഥകർത്താവു് ദീക്ഷിച്ചുപോരുന്നു. 'പ്രവർത്തിക്കുള്ള ഉപകരണങ്ങളുണ്ടാക്കി ഉപയോഗിക്കുക എന്നതു ചില വർഗ്ഗത്തിൽപെട്ട ജന്തുക്കളിൽ ബീജരൂപത്തിൽ കാണാമെങ്കിലും മനുഷ്യന്റെ യന്ത്രങ്ങൾക്കുള്ള ഒരു പ്രത്യേകതയാണതു്." ഗ്രന്ഥകർത്താവിന്റെ തർജ്ജമയുടെ മാതൃക കാട്ടുന്നതിനാണ് ഈ വാചകം.

നമ്മുടെ ശാസ്ത്രശാഖയിൽ നവീനതയ്ക്കായുള്ള ഈ ഒട്ടുവൈദ്യകം അക്കാരണത്താൽ അഭിനന്ദനീയമാണെന്നു പറയാതെ തരമില്ല.

സി. എം. പി.

—o—

# ശകുന്തള

—.*:—

ഗ്രന്ഥകർത്രി
കെ. പി. കുഞ്ഞിലക്ഷ്മി

മംഗളോദയം ലിമിററഡ് തൃശ്ശൂർ
വില രൂ ൧. ണ ൪.

ശ്രീമതി കെ. പി. കുഞ്ഞിലക്ഷ്മിയുടെ ശകുന്തള കാളിദാസന്റെ ശാകുന്തളത്തെ ഇതിവൃത്തമാക്കി ദ്രാവിഡവൃത്തങ്ങളിൽ എഴുതപ്പെട്ടിട്ടുള്ള ഒരു കവിതാപ്രബന്ധമാണ്. ഇതിവൃത്തത്തിനു വലിയ ഭേദഗതികളൊന്നും കല്പിച്ചില്ലെങ്കിലും പൂർവോത്തരഭാഗങ്ങളായി അതിനെ വിഭജിച്ചു കാണുന്നുണ്ട്. ഒരാത്മകഥാകഥനത്തിനുള്ള സൗകര്യം ശകുന്തളയ്ക്കു കൊടുത്തു ചില ദിക്കിൽ കഥ പറയിക്കുന്നുമുണ്ട്. പുരുഷന്മാരുടെ ധീരമാനിതയും സ്ത്രീകളുടെ പരാധീനതയും ആ, ആത്മഗതങ്ങളിൽ അഴകു വർദ്ധിപ്പിച്ചു കാണാം. ശാകുന്തളത്തിലെ ചതുർത്ഥാങ്കത്തിലെ വിശോത്തരമായ ചമൽക്കാരമാധുരിയോ അഞ്ചാമങ്കത്തിലെഭർത്തൃപരിത്യക്തയായ ശകുന്തളയുടെ ഉൽക്കടശോകലുക്ഷണമായ ആ നലയം ഇതിൽ നമുക്കു കാണാൻ സാധിക്കുകയില്ലെങ്കിലും കവിയിത്രിയുടെ ചില മൃദുഭാവനകൾ ഈ കാവ്യശരീരത്തിൽ ഓജസ്സു നൽകുന്നു.

ശാകുന്തളത്തിലെ മാലിനീതീരത്തിൽ ഗ്രന്ഥകർത്രി തിരിഞ്ഞുനോക്കുന്നതേയില്ല. അങ്ങനെ മൂലത്തിൽനിന്നു പിൻതിരിഞ്ഞതുകൊണ്ടു കൂടുതൽ രസമൊന്നും വരുത്താനൊന്നുമില്ല.

കഷ്ടമൊന്നവൾ വീപ്പിട്ടുമന്ദം
വൃക്ഷിച്ചാൾ, 'അർജ്ജുൻ വന്നാലോ'

എന്നതിൽ ഒരു സ്വഭാവചരായയുള്ളപോലെ തോന്നാം.

പ്രതിപാദനപ്രധാനമെന്ന കവിതയുടെ ഇന്നത്തെ മാനദണ്ഡംവച്ചു പരിശോധിച്ചാൽതന്നെയും പല കുറവുകളും ഇതിൽനിന്നു കണ്ടെടുക്കാവുന്നതാണ്. ദ്രാവിഡവൃത്തങ്ങൾക്കു സഹജമായ ഗാനാത്മകത്വംതന്നെ ഈ കവിതയിൽ പലയിടത്തും നഷ്ടപ്പെട്ടുപോയിട്ടുണ്ട്.

എന്നാൽ ഇന്നത്തെ കവിതക്കാരിൽപലക്കും തൊട്ടുതെറിച്ചിട്ടില്ലാത്ത പദാർത്ഥബോധവും സന്ദർഭപ്രതിബോധവും ഉല്ലേഖോന്മുഖമായ പ്രതിഭയും ഈ കവയിത്രിയെ അതിശോഭനമായ ഒരു ഭാവിയിലേക്കു നയിക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം.

സി-എം-പി.

—o—

# * റാഷന്റെ ചരിത്രം

ക്രിസ്തുവിനു് ഒരായിരത്തി ഒരുനൂറുകൊല്ലങ്ങൾക്കുമുൻപു് ചൈനയിൽ റാഷൻരീതി നടപ്പാക്കിയിരുന്നു—യാംഗ്-ടി-സി-ക്യാംഗ് നദിയിൽ അന്നുണ്ടായ ഭയങ്കര വെള്ളപ്പൊക്കംമൂലം കൃഷിയുടെ ഭൂരിഭാഗവും നശിച്ചുപോകയും, രാജ്യത്തിൽ ക്ഷാമം ബാധിക്കയും ചെയ്തു അന്നത്തെ ചൈനാചക്രവർത്തി കിട്ടാവുന്നിടത്തോളം ധാന്യങ്ങൾ ശേഖരിച്ചു്, സമുചിതരീതിയിൽ വിതരണം ചെയ്യുന്നതിനുള്ളവ്യവസ്ഥകൾ നടപ്പാക്കി.

(പത്മകുമാർ, ഇടപ്പള്ളി)

ഭാരതത്തിലെ അനേകം ഭാഗങ്ങളിൽ ഇന്നു റാഷൻസമ്പ്രദായം നിലവിലിരിക്കുന്നു. ഈ രീതി ഇരുപതാംനൂററാണ്ടിൽ ആവിഷ്കരിക്കപ്പെട്ട ഒന്നല്ല. അനേകായിരം സംവത്സരങ്ങൾക്കപ്പുറം, ഭക്ഷ്യക്ഷാമം നേരിട്ടിരുന്ന അവസരങ്ങളിൽ റാഷൻസമ്പ്രദായം സ്വീകരിക്കപ്പെട്ടിരുന്നു. റാഷൻകാർഡിന്റെ കഥ അത്യന്തം മനോരഞ്ജകമാണ്. ക്രിസ്തുവിനു് ഒരായിരത്തി ഒരുനൂറുകൊല്ലങ്ങൾക്കുമുൻപു് ചൈനയിൽ റാഷൻരീതി നടപ്പാക്കിയിരുന്നു. യാംഗ്-ടി-സി-ക്യാംഗ് നദിയിൽ അന്നുണ്ടായ ഭയങ്കരവെള്ളപ്പൊക്കംമൂലം കൃഷിയുടെ ഭൂരിഭാഗവും നശിച്ചുപോകയും, രാജ്യത്തിൽ ക്ഷാമം ബാധിക്കയുംചെയ്തു. അന്നത്തെ ചൈനാചക്രവർത്തി കിട്ടാവുന്നിടത്തോളം ധാന്യങ്ങൾ ശേഖരിച്ചു്, സമുചിതരീതിയിൽ വിതരണംചെയ്യുന്നതിനുള്ള വ്യവസ്ഥകൾ നടപ്പാക്കി. റാഷൻകാർഡിന്റെ സ്ഥാനത്തു് ഗവൺമെന്റിൽനിന്നും ജനങ്ങൾക്കു നൽകിയതു നിശ്ചിതഅളവിൽ നീളമുള്ള ഓരോ പട്ടചരടായിരുന്നു. ധാന്യം വാങ്ങിക്കഴിയുമ്പോൾ ആ ചരടിന്റെ ഒരംശം മുറിച്ചുകളയുകയായിരുന്നു പതിവു്. ഒരുമാസത്തേയ്ക്കുള്ള ധാന്യം ഒന്നായിട്ടാണു നൽകപ്പെട്ടിരുന്നതു്. ഈ സംഭവം ചൈനാചക്രവർത്തിയുടെ ദൂരദർശിത്വത്തിനു ദൃഷ്ടാന്തമാണെന്നുവരികിലും, ഹീറോഡോട്ടസസുമുതൽ, എച്ച്. ജി. വെൽസുവരെയുള്ള പാശ്ചാത്യചരിത്രകാരന്മാരും ഇതിനെ രേഖപ്പെടുത്തിയിട്ടില്ല.

റാഷൻസമ്പ്രദായത്തിനു മറെറാരുദാഹരണം പേർഷ്യയിൽനിന്നും ലഭിക്കുന്നുണ്ട്. ഒരുകാലത്തു് അവിടെ ഭയങ്കരമായ ക്ഷാമമുണ്ടായി. അവിടത്തെ അന്നത്തെ രാജാവിന്റെ പേർ തേഹമുരശ്കൻ എന്നായിരുന്നു. അദ്ദേഹം അവിടെ വിചിത്രമായ ഒരു റാഷൻരീതി നടപ്പാക്കി. സമ്പന്നരായ ആളുകൾ ഒരുനേരംമാത്രം ഭക്ഷണംകഴിച്ചിട്ടു്, ഒരുനേരത്തെ ആഹാരം സാധുക്കൾക്കു വിതരണംചെയ്യണമെന്നു അദ്ദേഹം ആജ്ഞാപിച്ചു. ഈ കല്പന ഏററവും നിഷ്കർഷയോടുകൂടിപാലിക്കപ്പെട്ടിരുന്നു. ആ പഴക്കാലത്തു ധനവാനും, ദരിദ്രനും തുല്യമായരീതിയിൽ ത്യാഗം അനുഷ്ഠിക്കണമെന്നാണ് ഈ രാജകല്പനയാൽ നിർദ്ദേശിക്കപ്പെട്ടതു്. ക്ഷാമകാലത്തു ധനികന്മാർമാത്രം സുഖമായി ജീവിക്കുകയും, നിർധനന്മാർ വിശന്നു മരിക്കയും ചെയ്യാൻ ഇടയാകരുതെന്നുള്ളതാണ് ഈ കല്പനയിൽ ഉൾക്കൊള്ളുന്ന തത്വം.

ക്രിസ്തുവിനു മൂവായിരം വർഷങ്ങൾക്കുമുൻപു് ഈജിപ്തിൽ റാഷൻരീതി നടപ്പായിരുന്നു. സകലആളുകൾക്കും സമാനരൂപത്തിൽ ധാന്യവിതരണത്തിനുള്ള ഏർപ്പാടുകൾ അവിടെ ചെയ്യപ്പെട്ടിരുന്നു. ഇതിനുവേണ്ടി മതാധിപതികളെയാണു ഗവൺമെന്റു ചുമതലപ്പെടുത്തിയിരുന്നതു്. ഓരോരുത്തനും മുദ്രയോടുകൂടിയ ഓരോ തുണിക്കഷണം സർക്കാരിൽനിന്നും നൽകിയിരുന്നു. അതായിരുന്നു അവന്റെ റാഷൻകാർഡ്. അയാൾക്കു് എത്ര ധാന്യം ലഭിക്കുമെന്നു് അതിൽ എഴുതപ്പെട്ടിരുന്നു. റാഷൻരീതിയെ അണുമാത്രമെങ്കിലും തടസ്സപ്പെടുത്തുകയോ, വ്യാജവ്യാപാരംചെയ്കയോ ചെയ്യുന്നവരെ നിർദ്ദാക്ഷിണ്യമായി തൂക്കിക്കൊല്ലുന്നതാണെന്നു് അവിടത്തെ രാജാവായിരുന്ന ഫറോവ വിളംബരംചെയ്തിരുന്നു.

പേർഷ്യയും, ഏതൻസ്സുംതമ്മിൽ ക്രിസ്തുവിനു ൪൦൦ കൊല്ലങ്ങൾക്കുമുൻപു് ഒരു യുദ്ധമുണ്ടായി. ശത്രുക്കൾ ഏതൻസ്സുനഗരം വളഞ്ഞു. ആഹാരസാമഗ്രികൾ കൊണ്ടുവരുന്നതിനുള്ള മാർഗ്ഗങ്ങൾ അടയ്ക്കപ്പെട്ടു. നഗരത്തിനുള്ളിൽ റാഷൻ നടപ്പാക്കി. ഓരോരുത്തനും ഓരോ മാർബിൾക്കഷണം ഗവൺമെന്റിൽനിന്നും കൊടുത്തു. കല്ലുകൊണ്ടുള്ള ഈ റാഷൻകാർഡ് കാണിച്ചാൽമാത്രമേ ഗവർമെന്റു ഡിപ്പോകളിൽനിന്നും ആളുകൾക്കു് ആഹാരസാധനം ലഭിക്കുമായിരുന്നുള്ളു. പണക്കാരായ ആളുകൾ തങ്ങളുടെ ഭൃത്യന്മാർവഴിയായി ഡിപ്പോകളിൽനിന്നും ആഹാരസാധനങ്ങൾ വാങ്ങിക്കാൻ തുടങ്ങിയതോടെ ജനങ്ങൾ ബഹളംകൂട്ടി. ഓരോരുത്തരും സ്വയം ഹാജരായി ധാന്യം വാങ്ങിക്കൊള്ളണമെന്നും, അല്ലാത്തപക്ഷം അവരും വിശപ്പുകൊണ്ടു മരിക്കേണ്ടിവരുമെന്നും അപ്പോൾ ഗവൺമെന്റു കല്പനയുണ്ടായി.

* ഹിന്ദിയിൽനിന്നു്.

പ്രസിദ്ധപ്പെടുത്തി!

## ആരോഗ്യരഹസ്യം

(മൂന്നാം പതിപ്പ്)

ഗ്രന്ഥകാരൻ:—പി. കൃഷ്ണയ്യർ, ഉഴവൂർ.

ഓജസ്സിനെ വർദ്ധിപ്പിക്കുന്നതിനും രോഗബീജങ്ങളെ ഹനിക്കുന്നതിനും സമർത്ഥങ്ങളായ എല്ലാ യോഗാസനങ്ങളേയും യഥാവിധി പരിശീലിക്കുന്നതിനു് ആവശ്യമായ സകല ഉപദേശങ്ങളും അടങ്ങിയ ഒരു വിശിഷ്ടഗ്രന്ഥം. 45 ഛായാപടങ്ങളോട്കൂടിയതു്.

വില 2-ക. 4-ണ. മാത്രം. തപാൽചിലവു വേറെ.

അപേക്ഷിക്കുക:—

മംഗളോദയം, ലിമിററഡ്, തൃശ്ശൂർ.

# സിംലാസമ്മേളനം ജൂണിലേക്കു മാററിവച്ചു

## വൈസ്രായി ഇന്ത്യൻനേതാക്കന്മാക്ക് സമൎപ്പിക്കുവാൻപോകുന്ന പദ്ധതി

### ചൊവ്വാഴ്ച കൂടുന്ന ബ്രിട്ടീഷ് മന്ത്രിസഭ ആ പദ്ധതിയ്ക്ക് അംഗീകാരം നൽകുമെന്ന്

ന്യൂഡൽഹി, മേ ൧൧—കാൺഗ്രസ്സ്, മുസ്‌ലിംലീഗ്, സിക്കുകാർ, നാട്ടുരാജ്യങ്ങൾ എന്നിവയുടെ പ്രതിനിധികളുമായി മേ ൧൬-ാംനു സിംലയിൽവച്ച് വൈസ്രായി സമ്മേളനം നടത്തുന്നതാണെന്നുള്ള പരിപാടി മാററിവച്ചിരിക്കുന്നുവെന്നും അത് ജൂൺ ൨-ാംനു നടന്നേക്കാനിടയുണ്ടെന്നും സൂക്ഷ്മമായി അറിയുന്നു. സമ്മേളനസ്ഥലം എവിടെയെന്ന് ഇതേവരെ നിശ്ചയിച്ചിട്ടില്ല.

വും സഹപ്രവൎത്തകരും പ്രധാനമന്ത്രി മി: ക്ലെമൻറ ആററ്‌ലി, ലിസ്റ്റോവൽപ്രഭു, സർസ്റ്റാഫോർഡ് ക്രിപ്സ്, മി.ഏ.വി. അലക്സാണ്ടർ മുതലായി മന്ത്രിസഭയിലെ ഇൻഡ്യാവിഭാഗ് മന്ത്രിമാരും ചേൎന്ന ഒരു സമ്മേളനം നടക്കുന്നതും അതിനെതുടൎന്ന ചൊവ്വാഴ്ച കൂടുന്ന ബ്രിട്ടീഷ് മന്ത്രിസഭായോഗത്തിൽവച്ചു വൈസ്രായി ഇൻഡ്യൻനേതാക്കളുമായി ആലോചന നടത്തുവാൻ ഉദ്ദേശിക്കുന്ന നിൎദ്ദേശങ്ങൾക്കു അവസാനമായി അംഗീകരണം ലഭിക്കുന്നതുമാണ്. (റായിട്ടർ)

—o—

## മഹാത്മജിയ്ക്കു കൃപലാനിയുടെ കമ്പി

ന്യൂഡൽഹി, മേ ൧൧—ഡൽഹിയിൽ വച്ചു മേ ൧൬-ാംതീയതി നടക്കുന്ന കാൺഗ്രസ്സ് പ്രവൎത്തകസമിതി സമ്മേളനത്തിൽ സംബന്ധിക്കുവാൻ അപേക്ഷിച്ചുകൊണ്ട് കാൺഗ്രസ്സ് പ്രസിഡൻറ് ആചാൎയ്യകൃപലാനി മഹാത്മജിക്ക് ഒരു കമ്പി അയച്ചിട്ടുള്ളതായറിയുന്നു.

സിംലാസമ്മേളനം ജൂണിലേക്കു മാററിവച്ചതിൻെറ ഫലമായി മേ ൧൪-ാംതീയതിമുതൽ കൂടുവാനിരുന്ന ലീഗുപ്രവൎത്തകസമിതിയോഗവും ജൂണിലേക്കു മാററിവച്ചിരിക്കുന്നു.

## തീൎപ്പുകല്പിക്കേണ്ടതു ഇന്ത്യയാണ്

ലണ്ടൻ, മേ ൧൧—വൈസ്രായി ഇൻഡ്യൻനേതാക്കന്മാരുമായി നടത്തുവാൻ പോകുന്ന സമ്മേളനത്തിലെ സുപ്രധാനചൎച്ചാവിഷയം അധികാരം ഒരേകീകൃത ഇൻഡ്യയിലേക്കോ വിഭക്തഇൻഡ്യയിലേക്കോ കൈമാറേണ്ടതു് എന്നതായിരിക്കും എന്നാണ് ലണ്ടനിലെ ഉത്തരവാദിത്വമുള്ള കേന്ദ്രങ്ങളിൽ കരുതപ്പെടുന്നതു്. ഇതിനെപ്പററി തീൎച്ചകല്പിക്കുവാനുള്ള ചുമതല ഇൻഡ്യയുടേതുതന്നെയാണെന്ന് ബ്രിട്ടീഷ് രാഷ്ട്രീയലോകം വിശ്വസിക്കുന്നു. ഈ മൌലികപ്രശ്നത്തിന് പരിഹാരമായി രൂപീകരിക്കപ്പെടുന്ന ഒരു പദ്ധതിയെക്കുറിച്ചു ഇൻഡ്യൻ നേതാക്കന്മാൎക്കുള്ള അഭിപ്രായമെന്തെന്ന് അറിയുക എന്നുള്ളതാണ് ഈ സംഭാഷണങ്ങളുടെ പ്രധാന ഉദ്ദേശം. തന്മൂലം യഥാൎത്ഥത്തിലുള്ള അധികാരകൈമാററത്തിന് ആവശ്യമായപദ്ധതിയോ പദ്ധതികളോ രൂപീകരിക്കുന്നകാൎയ്യംവേഗത്തിൽചെയ്യുതീൎക്കാൻ സാധിക്കും.തിങ്കളാഴ്ച വൈകിട്ടു ഇസ്‌റേപ്രഭു

## ബ്രിട്ടീഷുകാരുടെ ഉത്തരവാദിത്വം

കൽക്കട്ട മേ ൧൦

ഹിന്ദുമഹാസഭയുടെ ആഭിമുഖ്യത്തിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷവേളയിൽ അദ്ധ്യക്ഷതവഹിച്ച ഡാക്ടർ ശ്യാമപ്രസാദമുക്കർജി വൎഗ്ഗീയബുദ്ധിയെ ഇത്രത്തോളം വളൎത്തിയതു് ബ്രിട്ടീഷ് ഗവമ്മെണ്ടാണെന്ന് പ്രസ്താവിക്കയുണ്ടായി.

ബ്രിട്ടീഷുകാരുടെ ഭിന്നിപ്പിച്ചു ഭരിക്കുന്ന നയവും, നമ്മുടെ ആളുകളിൽ ചിലരുടെ പ്രീണനനയവുംകൂടി രാജ്യത്തിലെ നിലയെ ആകപ്പാടെ വഷളാക്കുകയും, ഒടുവിൽ ഇപ്പോഴും ഹിന്ദുമുസ്‌ലിം പ്രശ്നത്തെ പരിഹരിക്കാൻ; മാൎഗ്ഗമില്ലാതായിക്കലാശിക്കയും ചെയ്തിരിക്കുന്നു. ഒരു ഏക ഭാരതത്തിനുവേണ്ടിയാണ് ഹിന്ദുമഹാസഭ നിലകൊള്ളുന്നതെങ്കിലും, അംഗഭംഗപ്പെട്ട ഒരു പാകിസ്ഥാൻ അനുവദിച്ചെങ്കിലും സമാധാനം നേടണമെന്ന വിചാരിക്കുന്നതു് ആപൽക്കരമായിരിക്കുമെന്ന് അദ്ദേഹം തക്കീതുചെയ്യുന്നു.

(ഏ. പി.)

—o—

## രാജിവച്ച സർ റാബർട്ട് ഹച്ചിംഗ്സ്

### ലണ്ടനിലേയ്ക്കു തിരിച്ചു

കറാച്ചി, മേ. ൧൦ - കേന്ദ്രഭക്ഷ്യവകുപ്പിലെ ഭക്ഷ്യസെക്രട്ടറിയുടെ ഉദ്യോഗം രാജിവച്ച സർ റാബർട്ട് ഹച്ചിംഗ്സ് ന്യൂഡെൽഹിയിൽനിന്ന ഇവിടെ എത്തി അല്പദിവസം താമസിച്ചശേഷം ഇന്ന ലണ്ടനിലേയ്ക്കു തിരിച്ചിരിക്കുന്നു. വൈദ്യോപദേശമനുസരിച്ചാണ് താൻ നാട്ടിലേയ്ക്കു മടങ്ങുന്നതെന്ന് സർ റാബർട്ട് പ്രസ്താവിച്ചു. (ഏ. പി)

—

## രാജാജി മധുരയിൽ

—o—

### ട്രെയിനിൻെറനേക്കു കല്ലേറു്

മധുര മേ ൧൧—മി. സി. രാജഗോപാലാചാരി ഇന്ന ഉച്ചയ്ക്കു മി. ഭക്തവത്സലം മി. കെ. കാമരാജനാടാർ മററു കാൺഗ്രസ്സ് പ്രമാണികൾ എന്നിവരൊന്നിച്ചു ഇവിടെ എത്തിയിരിക്കുന്നു. കാൺഗ്രസ്സുകാരും ഉദ്യോഗസ്ഥന്മാരുമടങ്ങിയ ഒരു വലിയ ജനക്കൂട്ടം അദ്ദേഹത്തെ റയിൽവേസ്റ്റേഷനിൽവച്ചു സ്വീകരിച്ചു. പ്ലാററ്‌ഫാറത്തിൽ ചിലർ മി: കാമരാജനാടാൎക്കു എതിരായി മുദ്രാവാക്യങ്ങൾ വിളിച്ചുപറഞ്ഞു.

മധുരയിൽനിന്നും ൧൪-മൈൽ അകലെയുള്ള ഷോലാവന്ദൻ എന്ന സ്റ്റേഷനിൽ രണ്ടു മിനിട്ടുനേരം ട്രെയിൻനിറുത്തി. ചിലർ അവിടെ ഒരു കരിങ്കൊടിപ്രകടനം നടത്തുകയുണ്ടായി. ട്രയിൻ നീങ്ങിയ അവസരത്തിൽ വിദ്വേഷകരമായ മുദ്രാവാക്യങ്ങൾ ചിലർ വിളിച്ചുപറകയും നേതാക്കന്മാർ സഞ്ചരിച്ചിരുന്ന സലൂണിൽ കല്ലെറിയുകയും ചെയ്തതായി പറയപ്പെടുന്നു. ഏ. പി.

—o—

## അമൃതസരസ്സിൽ നിശാനിയമം

അമൃത്‌സർ, മേ. ൧൧—നിശാനിയമം നിൎത്തൽചെയ്തതോടുകൂടി ഇന്നരാവിലെ ൯ മണിമുതൽ ൧൨. മണിവരെ പല സ്ഥലങ്ങളിലുമായി മൂന്നുപേർ വധിക്കപ്പെടുകയും ൩൨ പേൎക്കു മുറിവേൽക്കുകയും ചെയ്തിരിക്കുന്നു.

ഇന്ന ഹൈദരബാദിലും സെക്കൻറാബാദിലും പരിപൂൎണ്ണശാന്തത അനുഭവപ്പെട്ടു. ഹൈദരബാദിലെ സ്ഥിതിഗതികൾ ഏതാണ്ടു സാധാരണഗതിയിലായിട്ടുണ്ടു്. സെക്കൻറാബാദിലും സ്ഥിതിഗതികൾ ആശാവഹമായിരിക്കുന്നു.

—o—

അൻറനനാറിവോ മേ. ൧൦—കൂറെ മഡഗാസ്കർ ലഹളക്കാർ മനൽജാരി എന്ന നഗരം ആക്രമിച്ചിരിക്കുന്നു. വൻപിച്ച നഷ്ടത്തോടെ അവർ തുരത്തപ്പെട്ടു. ലഹളക്കാരുടെ ലക്ഷ്യം അവിടത്തെ കാരാഗൃഹമായിരുന്നത്രേ. (റായിട്ടർ)

## കാൺസംബ്ലി രൂപീകരിക്കുന്ന ഭരണഘടന

—o—

### ഡാക്ടർ പ്രസാദിൻെറ പ്രസ്താവന

ബാംഗളൂർ, മേ: ൧൦ ഇന്ന് ഒരു സമ്മേളനത്തിൽപ്രസംഗിച്ചുകൊണ്ട് കാൺസംബ്ലിപ്രസിഡൻറായ ഡാ: രാജേന്ദ്രപ്രസാദ്‌പറഞ്ഞതു് ൧൯൪൮ ജൂണിൽ ബ്രിട്ടീഷുഗവമ്മെൻറ് അധികാരം കൈമാറുമെന്നുള്ള പ്രഖ്യാപനം ഇന്ത്യാക്കാരിൽ ഒരു വലിയ ചുമതലയാണ് ഏല്പിക്കുന്നതു് എന്നാണ്. ഇപ്പോൾ ചെയ്തുതീൎക്കേണ്ടതായിരിക്കുന്ന ജോലി ഇൻഡ്യൻ കാൺസ്റ്റിററുവൻറസംബ്ലി ഇപ്പോൾ പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന രൂപത്തിൽ ഭരണഘടന രൂപീകരിക്കുക എന്നുള്ളതാണെന്നും ഇന്ത്യയുടെ ഓരോ സ്ഥാനവും അതിൽ പങ്കെടുക്കേണ്ടതാണെന്നും അദ്ദേഹം പറയുകയുണ്ടായി. രൂപീകരിക്കപ്പെടേണ്ട ഭരണഘടന നാട്ടുരാജ്യങ്ങളുൾപ്പെടെ ഇന്ത്യയ്ക്കു പൊതുവെ സ്വീകാൎയ്യമായിട്ടുള്ളതായിരിക്കണം എന്ന് അദ്ദേഹം പ്രസ്താവിച്ചു. (ഏ. പി)

—o—

## കാ: പ്രവൎത്തകസമിതി

—o—

### ജൂൺ ൧൨-ാംനു സമ്മേളിക്കും

ന്യൂഡൽഹി, മേ ൧൦—മേ ൧൨-ാംതീയതിയും തുടൎന്നുള്ള ദിവസങ്ങളിലും കാൺഗ്രസ്സ് പ്രവൎത്തകസമിതിയുടെ ഒരടിയന്തിരയോഗം ഡൽഹിയിൽവച്ചു നടത്തപ്പെടുന്നതാണെന്ന കാൺഗ്രസ്സ് പ്രസിഡൻറ് ആചാൎയ്യ ജെ. ബി. കൃപലാനി പ്രസ്താവിക്കുന്നു. ഡൽഹിയിൽ എവിടെവച്ചാണ കൂടുന്നതെന്നും പിന്നീടറിയിക്കുന്നതാണ്, ഇതുസംബന്ധിച്ചുള്ള നോട്ടീസ്സ് മെമ്പറന്മാൎക്കു യഥാവസരം ലഭിച്ചില്ലെന്നുവരാം. അതിനാൽ ഈ പത്രപ്രസ്താവന ഒരു ക്ഷണമായി സ്വീകരിക്കുവാൻ കാൺഗ്രസ്സ് പ്രസിഡൻറ് അഭ്യൎത്ഥിക്കുന്നു. (ഏ-പി)

—o—

## ക്ഷയരോഗാശുപത്രി

—o—

### മി. രാജഗോപാലാചാരി ഉൽഘാടനംചെയ്തു

തൃശ്ശിനാപ്പള്ളി, മേയ്: ൧൦—ഇന്നരാവിലെ തൃശ്ശിനാപ്പള്ളി എക്സ്പ്രസ്സിൽ മി. സി. രാജഗോപാലാചാരി ഇവിടെ എത്തിയിരിക്കുന്നു.

ഇൻഡസ്ത്രീസും സപ്ലൈസും മെമ്പർ മി. സി. രാജഗോപാലാചാരി ഇന്ന് ഒരു ക്ഷയരോഗാശുപത്രി ഉൽഘാടനംചെയ്തിരിക്കുന്നു. മി. രാജഗോപാലാചാരിയുടെ നാമധേയംചേൎത്തുള്ള ഈ ആശുപത്രിയിൽ ഇപ്പോൾ അമ്പതുപേൎക്കുള്ള ചികിത്സാസൌകൎയ്യങ്ങൾ ഉണ്ട്. ഇതു താമസിയാതെ വികസിപ്പിക്കപ്പെടാനിടയുണ്ട്. തൃശ്ശിനാപ്പള്ളി ക്ഷയരോഗനിവാരണസൊസൈററിയാണ് ഈ ആശുപത്രി പണികഴിപ്പിച്ചതു്. (ഏ. പി)

—o—

## ഐക്യരാഷ്ട്രപ്രമാണവും ദക്ഷിണാഫ്‌റിക്കൻ പ്രശ്നവും

—o—

### കാമൺസിൽ ലേബർ മെമ്പറുടെ ചോദ്യം

ലണ്ടൻ, മേയ് ൯. യൂറോപ്യനല്ലാത്ത വൎഗ്ഗക്കാരോടുള്ള ദക്ഷിണാഫ്‌റിക്കൻ ഗവമ്മെൻറിൻെറ പെരുമാററം ഐക്യരാഷ്ട്ര അസംബ്ലിയുടെ അടുത്ത സമ്മേളനത്തിൽ ചൎച്ചയ്ക്കുവരുമ്പോൾ ഐക്യരാഷ്ട്രപ്രമാണത്തിനും ബ്രിട്ടീഷു് ഗവമ്മെൻറിൻെറ പ്രഖ്യാപിതമായ നയത്തിനും വിരുദ്ധമായ നയത്തിൽ പിൻതുണ നൽകാതിരിക്കുന്നതിന ബ്രിട്ടീഷ് ഗവമ്മെൻറിൻെറ പ്രതിനിധികൾക്കു നിൎദ്ദേശം നൽകുമോ എന്ന് അടുത്ത തിങ്കളാഴ്ച കാമൺസിൽ ലേബർ മെമ്പറായ മി. ഫ്‌റെഡറിക്ക് സ്കിന്നാർഡ് പ്രധാനമന്ത്രിയോടു ചോദിക്കുന്നതാണ്. (റായിട്ടർ)

—o—

## ഹൈദ്രബാദിൽ ആറുപേർ കൊല്ലപ്പെട്ടു

—o—

### ഹത്താൽ ആചരിച്ചു

ഹൈദരബാദ് (ഡിവിഷൻ) മേ. ൧൧—മേ ൧൦-ാംനു മി: ജയപ്രകാശ്‌നാരായണനെ അറസ്‌റുചെയ്യുകയും രാജ്യത്തുനിന്ന വെളിയിൽ ആക്കുകയും ചെയ്തതിനെത്തുടൎന്നുണ്ടായ ലഹളകളിൽ ഹൈദരബാദിലും സെക്കൻറാബാദിലുമായി ൬ പേർ കൊല്ലപ്പെടുകയും ൧൦ പോലീസുകാൎക്ക് പരുക്ക് ഏൽക്കുകയും ചെയ്തിട്ടുണ്ടെന്ന ഹൈദ്രബാദ് ഗവമ്മെൻറ് ഇന്ന പ്രസിദ്ധപ്പെടുത്തിയ ഒരു പ്രസ്സ് നോട്ടിൽ പറയുന്നു.

—o—

## രാജൻബാബുവിൻെറ പരിപാടി

—o—

### മദ്രാസിനുതെക്കുള്ള പരിപാടി റദ്ദാക്കുന്നു

മദ്രാസ് ൧൧—മേ ൧൭-ാംനു മുതൽ മദ്രാസിനുതെക്കുള്ള ഡാ: രാജേന്ദ്രപ്രസാദിൻെറ പരിപാടികൾ റദ്ദുചെയ്യപ്പെട്ടിരിക്കുന്നതായി ഇന്ന പ്രഖ്യാപിച്ചിരിക്കുന്നു. ൧൭-ാംനു രാവിലെ അദ്ദേഹം വീണ്ടും ഡൽഹിയിലേക്കു പോകുന്നതാണ്. തന്മൂലം തൃശ്ശിനാപ്പള്ളി, തഞ്ചാവൂർ, തിരുവനന്തപുരം മുതലായ സ്ഥലങ്ങളിലേക്കുള്ള സന്ദൎശനപരിപാടികൾ ഇതോടെ റദ്ദായിരിക്കുന്നു. (ഏ. പി)

—o—

## ഇന്ത്യൻഗവൎണ്ണറന്മാർ വേണം

—o—

### സർ ഒലാഫിനെ മാററണം

ന്യൂഡെൽഹി, മേ: ൧൦—ഇന്ത്യൻ സോഷ്യലിസ്‌റുപാർട്ടിയുടെ ഡൽഹി പ്രൊവിൻഷ്യൽക്കമ്മിററി നടത്തിയ ഒരു പൊതുയോഗത്തിൽ അതിൎത്തിദേശത്തിലെ ഗവൎണ്ണർ സർ ഒലാഫ്‌കാരോയെ മാററണമെന്നുള്ള പ്രമേയം പാസാക്കിയിരിക്കുന്നു. വിവിധപ്രാവിൻസുകളിലെ ബ്രിട്ടീഷ് ഗവൎണ്ണരന്മാരെ മാററി പകരം ഇന്ത്യാക്കാരെ ഗവൎണ്ണരന്മാരായി നിയമിക്കണമെന്നും പ്രമേയം ആവശ്യപ്പെടുന്നു. ഹൈദ്രബാദ് ഗവമ്മെണ്ട് മി. ജയപ്രകാശനാരായണനെ അറസ്‌റുചെയ്തതിനെ പ്രതിഷേധിക്കുന്നതാണ് മറെറാരുപ്രമേയം. (ഏ. പി)

—o—

## നിയമവിരുദ്ധമാക്കി

പാരീസ് മേ ൧൦—മഡഗാസ്കറിൽ ലഹളയുണ്ടാക്കുന്ന ഡമോക്രാററിക് പ്രസ്ഥാനത്തെ ഫ്‌റഞ്ചുഗവമ്മെണ്ട് നിയമവിരുദ്ധമാക്കിയിരിക്കുന്നു. ഇപ്പോഴത്തെ ഫ്‌റഞ്ച് ഗവമ്മെൻറിൻെറപേരിൽ വിശ്വാസം രേഖപ്പെടുത്തിയ ഇന്നലത്തെ വോട്ടിൻെറ ആദ്യത്തെ ഫലമാണ ഇതു്. (റായിട്ടർ)

—

## ബാപേ രാജിവയ്ക്കണം

റങ്കൂൺ, മേ ൧൦—ബർമ്മീസ് ഇടക്കാലഗവമ്മെണ്ടിൽ വാണിജ്യമെമ്പരായിരിക്കുന്ന യു. ബാപെ അഴിമതി കാണിച്ചതിനാൽ അദ്ദേഹം രാജിവയ്ക്കണമെന്ന് ഇടക്കാലഗവമ്മെണ്ടു നേതാവായ മി: ആങ്ങ്സാൻ പ്രസ്താവിക്കുന്നു. ഒരു അകളങ്കിതമായ പ്രശസ്തിയുള്ള തൻെറ ഗവമ്മെണ്ടിൻെറ പേരിൽ മേൽപ്രകാരം ആരും കളങ്കമുണ്ടാക്കാൻ പാടില്ലെന്ന് അദ്ദേഹം ഒരു പ്രസ് കാൺഫറൻസിൽ പ്രസ്താവിച്ചു. (ഏ. പി)

—o—

## പുതിയ പഞ്ചാബ്‌നിയമം

ലാഹോർ മേ. ൧൦—നശിപ്പിക്കപ്പെട്ട പഞ്ചാബ് പ്രദേശങ്ങളെ സംബന്ധിക്കുന്ന ഒരു നിയമം പഞ്ചാബ് ഗവൎണ്ണർ പാസ്സാക്കിയിരിക്കുന്നു. ലഹളപ്രദേശങ്ങളിലെ നഷ്ടശിഷ്ടങ്ങൾ മാററുന്നതിനും നശിപ്പിക്കപ്പെട്ട നന്നാക്കുന്നതിനും മാറമാണ് ഇതുകൊണ്ടുദ്ദേശിച്ചിരിക്കുന്നതു്. (ഏ.പി.)

—o—

# ഭക്ഷ്യനില

—o—

## രാജൻബാബുവിന്റെ പ്രസ്താവന

ബാംഗ്ളൂർ, മേ ൧൦—ഇൻഡ്യയിൽ ഗോതമ്പുവിളവ് നഷ്ടപ്പെട്ടതുകൊണ്ടും വിദേശങ്ങളിൽനിന്ന ഇൻഡ്യയ്ക്കു നിശ്ചയിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ മതിയായ അളവിൽ വന്നുചേരാത്തതുകൊണ്ടും ഇൻഡ്യ ഒരു വൈഷമ്യമേറിയ ഭക്ഷ്യനിലയെ അഭിമുഖീകരിച്ചു കൊണ്ടിരിക്കയാണെന്ന കേന്ദ്രഗവമെന്റിലെ ഫുഡ് മെമ്പറായ ഡാ: രാജേന്ദ്രപ്രസാദ് ഇന്ന് ഒരു പ്രസ്സ്കാൺഫറൻസിൽ പ്രസ്താവിക്കയുണ്ടായി.

ഈ അർദ്ധവർഷത്തിൽ ഇൻഡ്യയ്ക്കനുവദിച്ചിട്ടുള്ള ൪൦൦൦൦൦ ടൺ അരിയിൽ ഇതുവരെ ൧൮൨൦൦൦ ടൺ മാത്രമെ വന്നുചേർന്നുകഴിഞ്ഞിട്ടുള്ളു. മേ, ജൂൺ മാസങ്ങളിൽ ൧൦൦൦൦൦ ടൺ അരികൂടി വന്നുചേരുമെന്നു ഗവമെന്റ് കരുതുന്നു. പിന്നെയും ൧൧൮൦൦൦ ടൺ അരിയുടെ കുറവു പരിഹരിക്കേണ്ടതായി വരും.

ഈ വർഷം ഉത്തരാർദ്ധത്തിലേക്ക ഇൻഡ്യയ്ക്കു അരി അനുവദിച്ചിട്ടില്ലെന്നുള്ള വാഷിംഗ്ടൺറിപ്പോർട്ടിൽ ഉൽക്കണ്ഠയുള്ളതായി അദ്ദേഹം പ്രസ്താവിച്ചു.

ഇപ്രാവശ്യത്തെ ഗോതമ്പുവിളവ് ഇൻഡ്യയിൽ പലയിടത്തും വർഷാധിക്യത്താൽ നഷ്ടപ്പെട്ടു. ഗോതമ്പിന്റെ കാര്യത്തിൽ ഇരുപതുലക്ഷം ടണ്ണോളം നഷ്ടം ഭവിച്ചിരിക്കുമെന്നു കണക്കാക്കപ്പെടുന്നു.

കഴിഞ്ഞകൊല്ലം ഒരു ഭക്ഷ്യവൈഷമ്യത്തെ നേരിടുവാൻ ഗവമെന്റ് ഒരുക്കമായിരുന്നു. എന്നാൽ ഈ വർഷം അങ്ങനെയല്ല. നല്ല വിളവുണ്ടാകുമെന്ന ആദ്യഘട്ടങ്ങളിൽ ലക്ഷണങ്ങളുണ്ടായിരുന്നു. വിളവെടുപ്പുസമയം ആയപ്പോഴേക്കാണ് വിളവിന്റെ നില മോശമാകാൻ തുടങ്ങിയതു്. അതിനാൽ ഭക്ഷ്യവൈഷമ്യം ഉണ്ടാകുമെന്നറിയാനോ അതിനെ നേരിടുവാൻ തയ്യാറാകുവാനോ ഗവമെന്റിനു കഴിഞ്ഞില്ല.

ജൂലൈമുതൽ നവംബർവരെയുള്ള കാലം ആയിരിക്കും ഏറ്റവും വൈഷമ്യമേറിയ ഘട്ടം. വിദേശത്തുനിന്ന ഗവമെന്റ് പ്രതീക്ഷിച്ച വേഗതയിലോ അളവിലോ ഭക്ഷ്യധാന്യങ്ങൾ വന്നുചേരുന്നില്ല. സംഭ്രമം ഉളവാക്കണമെന്നു തനിക്കു ഉദ്ദേശമില്ലെങ്കിലും യഥാർത്ഥനില അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാണെന്നു ഡാ: പ്രസാദ് പ്രസ്താവിച്ചു.

നേരത്തെ കാൺഗ്രസ്സ് പ്രവർത്തകരോടായി ചെയ്ത ഒരു പ്രസംഗത്തിൽ ഡാ: പ്രസാദ് പ്രസ്താവിച്ചതു് "സ്വതന്ത്ര ഇൻഡ്യയുടെ ഭരണവ്യവസ്ഥ നിർമ്മിക്കുന്നജോലി കാൺസ്റ്റിറ്റ്യുവന്റ് അസംബ്ലി മുന്നോട്ടുകൊണ്ടുപോകുകയാണെന്നാണ്. അതിൽ ചേരുവാൻ സമ്മതമുള്ള എല്ലാ യൂനിറ്റുകളെയും സ്വാഗതം ചെയ്യുന്നതാണ്. വളരെപുരോഗമനോന്മുഖമായിരുന്നിട്ടുള്ള മൈസൂർസ്റ്റേറ്റ് നേരത്തെതന്നെ പ്രതിനിധികളെ അയക്കാൻതീരുമാനിക്കുമെന്നദ്ദേഹം ആശിക്കുന്നു. മൈസൂർസ്റ്റേറ്റിന മാറു സ്റ്റേറ്റുകൾക്കു ഒരു മാതൃകയായിത്തീരത്തക്ക ഭരണവ്യവസ്ഥ ഉണ്ടാകുമെന്നും താൻ ആശിക്കുന്നതായി അദ്ദേഹം പറഞ്ഞു.

### രാജൻബാബുവിന്റെ സന്ദർശനങ്ങൾ

മൈസൂർ ൧൧, ഭക്ഷ്യസാധനങ്ങളെ സംബന്ധിച്ചും കൃഷിയെസംബന്ധിച്ചും ഉള്ള അനേകം അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഇൻഡ്യൻ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബയോകെമിസ്ട്രി ഭാഗം ഇന്നു ഡാ: രാജേന്ദ്രപ്രസാദ് സന്ദർശിച്ചിരിക്കുന്നു. അദ്ദേഹം ലബോറട്ടറി ചുററിനടന്നു കാണുന്നതിനും അവിടത്തെ ജോലികളെല്ലാം അറിയുന്നതിനുംവേണ്ടി രണ്ടുമണിക്കൂർ സമയം വിനിയോഗിച്ചു.

വിവിധരീതികളിലുള്ള വ്യവസായതൊഴിൽ പരിശീലനങ്ങൾ നൽകിവരുന്ന ബാംഗ്ളൂരിലെ തൊഴിൽവിദ്യാമന്ദിരം ഇന്നു രാവിലെ ഡാ: രാജേന്ദ്രപ്രസാദ് സന്ദർശിച്ചു. (എ. പി.)

—o—

# ഗാന്ധിജിയും സുഹ്റവർദിയും തമ്മിലുള്ള കൂടിക്കാഴ്ച

## പരമാധികാര ഏകീകൃതബംഗാളിന്റെ ആവശ്യകതയെപ്പററി ചർച്ചകൾ

## കാൺഗ്രസ്സ്—ലീഗ് നേതാക്കന്മാരുടെ കൂടിയാലോചനകൾ

കല്ക്കട്ടാ, മേ. ൧൧—ഇന്നു വൈകിട്ടു് ബംഗാൾപ്രധാനമന്ത്രി മി: എച്ച്. എസ്. സുഹ്രവർദി സോഡ് ആശ്രമത്തിൽവച്ചു മഹാത്മാഗാന്ധിയെ സന്ദർശിക്കുകയും ൪൦ മിനിട്ടോളം സംഭാഷണം നടത്തുകയും ചെയ്തിരിക്കുന്നു. ഒരു പരമാധികാര ഏകീകൃതബംഗാളിന്റെ സാദ്ധ്യതകളെപ്പററിയും അതിന്റെ ആവശ്യകതയെപ്പററിയും ആണ് ചർച്ചനടന്നതെന്നറിയുന്നു. മി: സുഹ്രവർദി ഭാവിയിലെ





ഏകീകൃതബംഗാൾ അദ്ദേഹം ദർശിക്കുന്ന രൂപത്തിൽ എളുപ്പത്തിലുള്ളതായിരിക്കുമെന്നു മഹാത്മജിയെ ധരിപ്പിച്ചു. അദ്ദേഹം നാളെയും മഹാത്മജിയെ സന്ദർശിക്കുന്നതാണ്. എ.പി.

### കാൺഗ്രസ്സ്-ലീഗ് നേതാക്കന്മാരുടെ കൂടിയാലോചനകൾ

കൽക്കട്ട, മേ: ൧൧—ബംഗാളിലെ ചില കാൺഗ്രസ്സ് നേതാക്കന്മാരും ലീഗുനേതാക്കന്മാരും ബംഗാൾപ്രശ്നത്തിന് ഒരു തീരുമാനമുണ്ടാക്കുന്നതിനുവേണ്ടി കൂടിയാലോചനകൾ നടത്തുന്നതായി വിശ്വാസ്യമായ കേന്ദ്രങ്ങളിൽനിന്നറിയുന്നുണ്ട്. ബംഗാൾപ്രധാനമന്ത്രി മി: സുഹ്രവർദിയുടെ വസതിയിൽ പലതവണ പ്രസ്തുത നേതാക്കന്മാരുടെ സമ്മേളനങ്ങൾ നടന്നുകഴിഞ്ഞെന്നും, ഇപ്പോഴും ആലോചനകൾ തുടർന്നുകൊണ്ടിരിക്കുന്നുവെന്നും പറയപ്പെടുന്നു.

സ്വതന്ത്രവും പരമാധികാരയുക്തവുമായ ഒരു ബംഗാൾ, അതിന് ഒരു സോഷ്യലിസ്റ്റ്റിപ്പബ്ളിക്കൻഭരണവ്യവസ്ഥ, ഇവയുടെ അടിസ്ഥാനത്തിലാണ് മേൽപ്പറഞ്ഞ ആലോചനകൾ നടക്കുന്നതു്. ഈ ആലോചനകളുടെ അന്തിമഫലം എന്തായിരുന്നാലും ഗാന്ധിജിയുടെയും, മി. ജിന്നായുടെയും അംഗീകാരത്തോടുകൂടിമാത്രമേ അതു് അവസാനരൂപം കൈക്കൊണ്ടതായി വിചാരിക്കപ്പെടുകയുള്ളു. ഗാന്ധിജി ഇപ്പോൾ ബംഗാൾ സന്ദർശിക്കാൻ കാരണം ഇതാണെന്നു് വിചാരിക്കപ്പെടുന്നു.

ഇന്നലെ ബംഗാൾ ലീഗ്കമ്മിററി ബംഗാൾ വിഭജനപ്രക്ഷോഭണത്തെപ്പററി മൂന്നുമണിക്കൂർനേരം ആലോചനനടത്തി. ബംഗാളിനെപ്പോലുള്ള ഒരു പ്രവിൻസിൽ വിഭജനപ്രസ്ഥാനം വിജയകരമാകാൻ ഇടയില്ലെന്നു്, മററുസമുദായങ്ങളുമായി ബംഗാളിന്റെ ഭാവിഭരണവ്യവസ്ഥയെപ്പററി ആലോചനനടത്താൻ നിയമിക്കപ്പെട്ട ലീഗ്സബ്കമ്മിററി റിപ്പോർട്ടുചെയ്യുന്നു. മററുസമുദായങ്ങളുമായി തുടർന്ന് ആലോചനനടത്താൻ സബ്കമ്മിററിയെ വീണ്ടും അധികാരപ്പെടുത്തിയിരിക്കുന്നു.

ബംഗാളിലെ ഹിന്ദുക്കളിൽ ഒരു ബഹുഭൂരിപക്ഷം ആവശ്യപ്പെടുന്ന വിഭജനത്തിനുപകരം മന്ത്രിസഭയിൽ ഹിന്ദുക്കൾക്കും മുസ്ലിങ്ങൾക്കും പകുതിവീതം പ്രാതിനിധ്യവും, സംയുക്തനിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിൽ നിയമസഭയിലേക്കു തിരഞ്ഞെടുപ്പും അനുവദിക്കാമെന്നുള്ള ഒരു വാഗ്ദാനം ബംഗാൾഹിന്ദുക്കൾക്കു നൽകാൻ ഡൽഹിയിലെ ഉയർന്ന രാഷ്ട്രീയകേന്ദ്രങ്ങളിൽ ആലോചനയുള്ളതായി വെളിപ്പെട്ടിരിക്കുന്നു. ബംഗാൾലീഗിന്റെ അംഗീകൃതനേതൃസ്ഥാനങ്ങളിൽനിന്നു് ആ വാഗ്ദാനം ഉണ്ടായാൽ അതു് ഹിന്ദുക്കളുടെ പരിഗണനയ്ക്കു് അർഹമായിരിക്കുമത്രേ. അതിലെ നിബന്ധനകൾ പരിപാലിക്കുന്നപക്ഷം വൈസ്രോയിയും അതിനെ അനുകൂലിക്കുന്നതായിരിക്കും.

### ചതിയിൽ പെടരുതു്

ലീഗ്‌വർഗ്ഗീയവാദികളുമായി ഈയിടെ ചിലർ നടത്തുന്ന അപ്രതീക്ഷിതമായ കൂടിയാലോചനകളെ ദേശീയബംഗാൾ ആശങ്കകളോടെ വീക്ഷിക്കുന്നതായി ബംഗാൾ ഹിന്ദുമഹാസഭയുടെ പ്രസിഡന്റ് മി: എൻ. സി. ചാററർജിപ്രസ്താവിക്കുന്നു.

ഇന്ത്യൻയൂണിയന്റെ ഒരു ഘടകമെന്നനിലയിൽ ബംഗാളിനെ വിഭജിച്ച് ഒരു പുതിയ പ്രാവിൻസ് സൃഷ്ടിക്കാനുള്ള ശ്രമത്തെ അടിയിൽനിന്നു് തകർക്കാനുള്ള ശ്രമങ്ങൾ അനുവദിക്കപ്പെടുന്നതല്ല എന്നു് അദ്ദേഹം തുടരുന്നു. മി: ജിന്നായുടെ വ്യംഗ്യമായ അനുമതിയോടെ ലീഗുകാർ തയ്യാറാക്കുന്ന കുടുക്കിൽ ചില രാഷ്ട്രീയനേതാക്കന്മാർ ചെന്നകപ്പെടാൻ പോകുന്നതായി ബംഗാളിൽ പൊതുവേ ഒരു ഭീതിയുണ്ട്.

ഇന്ത്യൻയൂണിയനോടു് നാമമാത്രമായി ബന്ധപ്പെട്ടിരിക്കുക എന്നതുംപ്പെടെ ലീഗുകാർ പല ഇരകളും ചൂണ്ടയിൽ കോർത്തിട്ടുന്നു എന്നു് വരാവുന്നതാണ്. ഇതിന്റെയെല്ലാം ഉദ്ദേശം പശ്ചിമബംഗാളിലെ ഹിന്ദുക്കളുടെ ഭൂമിയിൽ മുസ്ലിങ്ങളെ കൊണ്ടുവന്നു് താമസിപ്പിച്ച് അവിടമെല്ലാം മുസ്ലിംഭൂരിപക്ഷപ്രദേശമാക്കുകയെന്നതാണ്. ആ പദ്ധതി പൂർത്തിയായിക്കഴിയുമ്പോൾ ബംഗാൾ മുഴുവൻ പിന്മാറി പകിസ്ഥാനിൽ ചേരാൻ ലീഗുനേതാക്കന്മാർ കാരണമുണ്ടാക്കുന്നതായിരിക്കും. അപ്പോഴേക്ക് വിഭജനം വേണമെന്നുപറയാനുള്ള കാലംതന്നെയും കഴിഞ്ഞിരിക്കയും ചെയ്യും. അതിനാൽ വർഗ്ഗീയസമാധാനമെന്ന പിടികിട്ടാവസ്തുവിനുവേണ്ടി ശ്രമിക്കരുതെന്നു് ശ്രീ: ചാററർജി ഉൽബോധിപ്പിക്കുന്നു.

# വിഭജനമാഗ്രഹിക്കുന്ന മെമ്പർമാർ

—o—

## ഫാർവേഡ്ബ്ളാക്കിൽനിന്നു രാജിവയ്ക്കണമെന്നു്

ബാംബെ, മേ. ൯, ഏതാനും ദിവസങ്ങൾക്കുമുൻപ് ഫാർവേഡ്ബ്ളാക്ക പ്രസിഡന്റ് മി. ശാർദ്ദൂലസിംഗ്കവീശ്വർ ബങ്കാളിലെ ഫാർവേഡ്ബ്ളാക്ക് നേതാക്കൾക്കു അയച്ച ഒരു മെമ്മോറാണ്ഡത്തിൽ അവർ ആവശ്യപ്പെട്ടിട്ടുള്ളതുപോലെ ബംഗാളും, പഞ്ചാബും, ഇന്ത്യയോ വഭജിക്കണമെന്നു് പ്രസ്താവിക്കുവാനാഗ്രഹമുള്ള സകല കക്ഷിയംഗങ്ങളും ഫാർവേഡ്ബ്ളാക്കിൽനിന്നു രാജിവച്ച് കാൺഗ്രസ്സിലോ ഹിന്ദുമഹാസഭയിലോ ലീഗിലോ ചേർന്നുകൊള്ളണമെന്നു അഖിലേന്ത്യാ ഫാർവേഡ്ബ്ളാക്ക് ജനറൽ സെക്രട്ടറി പണ്ഡിററ് ശീലഭദ്രയാജി ഒരു പ്രസ്താവനയിൽ പറയുന്നു.

(എ-പി)

—o—


# പഴക്കം ചെയ്യുന്തും വില കുറഞ്ഞതും

പരിശോധിക്കുക......അതുകൊണ്ട് എഴുതിനോക്കുക! എന്തുമാതിരി നിബ്ബ്?

വജ്റംപോലെ നിലനില്ക്കുന്നതു്—എന്നാൽ വെൽവെററ്പോലെ തെന്മാർവം—എന്തെന്നാൽ ഇതിന്റെ നിബ്ബ് 14 ക്യാററ് കട്ടിസ്വർണ്ണവും ജീവിതകാലം നില്ക്കുന്ന ഓസ്മിഇറിഡിയം അററവും പിടിപ്പിച്ചിട്ടുള്ളതു മാകുന്നു.

സ്ലൈഡ്, ലിവർ, ഡ്രോപ്പ് എന്നീ വിവിധ ഫില്ലിംഗ് ടൈപ്പിൽ മെൻറ്മോർ കിട്ടുന്നതാണ്.




വില രൂ: 15/-

ഇംഗ്ലണ്ടിൽ നിർമ്മിച്ചതു്

MENTMORE

Auto-Flow

മെൻററ്മോർ

ആട്ടോ ഫ്ളോ

വ്യാപാരസംബന്ധമായ എഴുത്തുകുത്തുകൾ താഴെപ്പറയുന്ന വിതരണാധികാരികളോടപേക്ഷിക്കുക:—

മുള്ളർ & ഫിപ്പ്സ് (ഇൻഡ്യാ) ക്ലിപ്തം

ക്വീൻസ്മാൻഷൻസ്,

ബാസ്റ്റിയൻറോഡ്, ബാംബെ.

# റിക്ഷക്കാരൻ

(പി. എസ്സ്. നായർ)

കോടികോടികളായിട്ടെണ്ണിയെന്നാലും സംഖ്യ
കൂട്ടമീപ്രപഞ്ചത്തിൽ ജീവജാലങ്ങളെല്ലാം,
നേടിയ പൂർവ്വജന്മ പാപപുണ്യാനുസൃതം
തേടിവന്നെടുക്കുന്നു പലമാതിരിജന്മം.
അത്യന്തം സുകൃത്യങ്ങൾ ചെയ്തതിൻഫലംകൊണ്ടു
മർത്ത്യരായ് ജനിച്ചുനാം; ദൈവസാന്നിദ്ധ്യംചേരാൻ
എത്രയുമെളുപ്പമാം മാർഗ്ഗത്തെക്കാട്ടിത്തരാ-
നുത്തമമായജന്മമില്ലിതുപോലെവേറെ.
ഇതുപാവനമാകും മനോജ്ഞാകൃതി വെറും
വ്യർത്ഥമായ് കളയുവാനെത്രപേർശ്രമിക്കുന്നു!
കുക്ഷിപൂരണമൊരു പ്രാരബ്ധമെന്നമാത്രം
ലക്ഷ്യമായ്ക്കരുതിയിന്നൂഴിയിലെഴുന്നവർ
ഉദ്യോഗം വഹിക്കുവാൻ ഭീമമാം ശ്രമത്തിനാ
ലാദ്യന്തം സ്വാതന്ത്ര്യത്തെ വിററതിന്മേതും കാൺമൂ!
മദ്ധ്യമരെന്നുചൊല്ലും വാണിഭക്കാരാണിന്നു
സത്യവും ധർമ്മമെന്നതൊന്നുമേയില്ലാത്തവർ!
ഇവരെക്കാളെന്തൊന്നിന്നു യാതൊന്നും ശിക്ഷിക്കാതെ 'റിക്ഷ'
കൈവലിച്ചീടുന്നതു നിന്മതമത്യുത്തമം.
സ്വാതന്ത്ര്യം, സ്വാഭിമാനതല്പരൻ ഭവാനെന്നു
വാദമെന്നിയേ പറഞ്ഞീടാം ഞാൻ വണ്ടിക്കാരാ!
വക്രബുദ്ധിയും, ചോരൻ, ഘാതകൻ ചാരിത്രത്തെ
വിക്രയം ചെയ്യും വേശ്യ, മദ്യപൻപലതരം
ദുഷ്കൃതംകൊണ്ടും പണം നേടുന്നകുടിലന്മാ-
രൊക്കെയും നിന്മേലേറിയല്ലയോ ചരിക്കുന്നു!
പാപികളാകുന്നോരവരെപേറിനീപായുന്നതിൽ
പാപവുമതിവേഗം തവകുനേശിച്ചുപോം.
ഒട്ടുമേയവരെനീയധമന്മാരെന്നോർത്തു

# * ജന്മദിനം

വന്നെത്തിടുന്നുവീണ്ടുമമമഹോത്സവം; കാന്തി-
ച്ചിന്നിടും വസന്തത്തിൻ സഞ്ചിതാദരവായ്പാൽ,
കവിതൻമച്ചിൽ ചാഞ്ഞചില്ലുകൾ ഹർഷത്താലേ
നവമാം ജന്മർഷത്തിൻ പൂക്കുടനിറയ്ക്കുന്നു!
ബന്ധിതമാമീ മുറിക്കുള്ളി,ലിക്കുജകന്നോതര-
ചിന്തതൻകൂടുകളിൽ പെട്ടേകനായിരിപ്പു ഞാൻ...
പൂത്തുലഞ്ഞീടും 'പലശ'ച്ചില്ലയാകൂക്ഷണം
ഹാർദ്ദമാകിലും വ്യർത്ഥംതന്നെയാണീവർഷത്തിൽ.
വസന്തർത്തുവിൽപാടാൻ കൊതിപ്പു ഞാനെന്നാലെൻ
മനസ്സിൽ വിയോഗത്തിൽ സ്വപ്നങ്ങൾനിഴലിപ്പൂ.
അറിയാമെനിക്കെന്റെ, ജന്മനാളതിവേഗ-
മൊരുമാററമേശാത്ത നാളുമായ് മേളിച്ചീടും.
അതിരേതുമില്ലാത്ത കാലമൊന്നനന്തത-
ഗതിയിൽ ലയിച്ചുതു വിസ്മൃതമാകുന്നോന്നം...!
ഈ വിഷാദമിപ്പുഷ്പവീഥികൾ നെടുനീളെ
ത്തുവിടും നഴലിങ്കലാർദ്രത ചേർപ്പീലേതും
ഓൺമകളുണർത്തുന്ന വേദന, വനാന്തത്തിൻ-
മർമ്മരധ്വനിയിങ്കൽ മുഴങ്ങുന്നില്ല തെന്നും
നിർഭയമാകും ഹർഷോന്മാദ, മവിയോഗത്തിൻ
നിത്യവേദനതട്ടി മറഞ്ഞുനാദവീചികൾ
ഉന്മിഷൽകുതൂഹലമാംനേരമനന്തത്തിൻ-
പൊന്മുരളിയിൽ ലോലഗാനങ്ങൾ മുഴക്കീടും.

* ടാഗോർ കവിതയിൽനിന്ന്.

—*—

വിട്ടിടാത്തതുതവ സൽബുദ്ധിയൊന്നുമാത്രം
ഇത്രയുമുദാരതയുള്ളനിൻസ്വാതന്ത്ര്യത്തെ
ഏത്രയും കൊതിക്കുന്നു ഞങ്ങളിന്നടിമകൾ!

—:*:—

# കളഞ്ഞു!

(ആർട്ടിസ്റ്റ് ജഗതി)

'വല്ലതും കളഞ്ഞുവോ?'
ചോദിച്ചൂയായെൻരാഗ-
വല്ലരിവലംകൈയ്യു-
ളളടക്കിയെന്തോഗൂഢം
പുഞ്ചിരിതൂകുമ്പോഴാ
പ്പൂമുഖം കാൺകെകാൺകെ
യെഞ്ചിത്തം തകർന്നിരു-
ന്നെന്തു കാരണത്താലോ!
'വല്ലതും കളഞ്ഞുവോ?'
ആയിരമാവർത്തിച്ചാ
വല്ലാത്തചോദ്യത്തെയെ-
ന്നുള്ളിനാലുദ്ദേഗാൽഞാൻ!
വല്ലഭേ! അന്ന്, എന്തോ
കളഞ്ഞുപോയെൻചിത്ത-
വല്ലകിതൻതന്തിയിൽ
വാന്നൊരിക്കലുരാഗം:-
'ചെന്നിണങ്ങേതാം പാപ
ച്ചേറ്റിൽ–അല്ലേൽഏതിൽ
ചെന്നിണംഭലിനൽകാ-
ച്ചെയ്യണംപ്രേമപ്പൂണം'!
ചിന്തിച്ചു ചിന്തിച്ചെന്റെ
കണ്ണിണകണ്ണീർക്കണം
ചിന്തിച്ചുകണ്ടോൾത്താപാൽ
ചൊന്നവാം സഗദ്ഗദം:-
'ആശ്ശു!മാപ്പേക്രൂരമാം-
നാടകമതാനന്ദ-
പത്മവസാദിയാക്കി
സ്വീകരിക്കാൻചേതൻഭാഗം!'

# പരസ്യം

# ഐക്യകേരളം

## അതിനെക്കുറിച്ചു സാമാന്യജനങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക

കൊച്ചീമഹാരാജാവു തിരുമനസ്സുകൊണ്ടു കഴിഞ്ഞ കർക്കടകമാസത്തിൽ പ്രഖ്യാപിച്ച ഐക്യകേരളാദർശം കേരളീയരുടെയിടയിൽ നവമായ ഒരുന്മേഷം ഉളവാക്കിയിരുന്നു. ദേശീയമായ സ്വാതന്ത്ര്യം ലഭ്യമാകുവാൻ പോകുന്ന ഈ ഘട്ടത്തിൽ ഈ നവോന്മേഷത്തിനും ഐക്യചിന്തയ്ക്കും അസാമാന്യമായ ഒരു പ്രാധാന്യംതന്നെയുണ്ടു്.

പ്രായോഗിക രാജ്യതന്ത്രജ്ഞതയുടെ പേരിൽ ചില സ്ഥാനങ്ങളാൽ തിരസ്കരിക്കപ്പെട്ടിരിക്കുന്ന ഈ ആദർശത്തിന്റെ പുറകിൽ കേരളീയർ എത്രമാത്രം അണിനിരക്കുന്നുവെന്നു് തൃശ്ശൂർവച്ചു കൂടിയ ഐക്യകേരള കൺവെൻഷൻ പ്രസ്പഷ്ടമാക്കുകയുണ്ടായി.

എന്നാൽ ശാന്തമായ ചിന്തക്കുശേഷവും കേരളീയർ ആ ആദർശത്തിന്റെ പുറകിൽതന്നെ ഉറച്ചുനില്ക്കുന്നു എന്നു കാണിക്കുന്നതിനു ഒരു ശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നു.

ഗാലപ് പോൾ എന്ന പേരിൽ അമേരിക്കയിൽ ആരംഭിച്ചു് ഇന്നു പരിഷ്കൃതരാജ്യങ്ങളിലൊക്കെ പ്രചരിച്ചുകഴിഞ്ഞിരിക്കുന്ന ഈ സമ്പ്രദായം ഒരു പ്രശ്നത്തെക്കുറിച്ചുള്ള പൊതുജനാഭിപ്രായം എത്രത്തോളമാണെന്നു മനസ്സിലാക്കുവാൻ സഹായിക്കും.

ഏതാണ്ടു ആ മാതൃകയിൽ ഐക്യകേരളത്തെക്കുറിച്ചും ഒരു ഗാലപ് പോൾ നടത്തുവാൻ "ദീപം" നിശ്ചയിച്ചിരിക്കുന്നു.

വിദ്യാഭ്യാസവും പൊതുജീവിതവും ഇന്ത്യയിലെ ഇതരഭാഗങ്ങളെക്കാൾ മെച്ചപ്പെട്ടുനില്ക്കുന്ന കേരളത്തിൽ ഈ ഗാലപ് പോൾ എത്രയും സ്വാഗതാർഹമായിരിക്കുമെന്നാണു പ്രതീക്ഷിക്കപ്പെടുന്നതു്. ഐക്യകേരളത്തിന്റെ ഗുണദോഷങ്ങളെപ്പററി ഇതിനകം ധാരാളം ചിന്തിച്ചുകഴിഞ്ഞിട്ടുള്ള കേരളീയർക്ക് അതേപ്പററി ഖണ്ഡിതമായ ഒരഭിപ്രായം പറയുവാൻ ഇപ്പോൾ സാധിക്കുമെന്നാണു് വിശ്വസിക്കപ്പെടുന്നതു്.

ഈ വിശ്വാസപ്രതീക്ഷകളെ ആശ്രയിച്ചു് ഐക്യകേരളത്തെ സംബന്ധിച്ചു മൂന്നു ചോദ്യങ്ങൾ താഴെ കൊടുത്തിരിക്കുന്നു. ഗാഢമായും നിഷ്പക്ഷമായും ഇതേപ്പററി ആലോചിച്ചശേഷം നിങ്ങളുടെ അഭിപ്രായം 'ദീപം' പത്രാധിപരുടെ പേർക്ക് അയയ്ക്കുക. അടിയിൽ കൊടുത്തിരിക്കുന്ന ഫോറത്തിലെ ഉവ്വ്, ഇല്ല, എന്ന ഉത്തരങ്ങളിൽ ഏതിനോടാണു് നിങ്ങൾ അനുകൂലിക്കുന്നതെന്നുവെച്ചാൽ അതിനു നേരെ X എന്ന ചിഹ്നം ഇടുക. ഇതുപോലെ വരച്ചുണ്ടാക്കിയ ഫോറങ്ങളും ഉപയോഗിക്കാം.

അഭിപ്രായം രേഖപ്പെടുത്തുന്നതിനു അഞ്ചൽകാർഡുകളും തപാൽകാർഡുകളും ഉപയോഗിക്കാവുന്നതാണ്. വരച്ചുണ്ടാക്കുന്ന ഫോറങ്ങളിൽ ചോദ്യങ്ങൾ എഴുതണമെന്നില്ല. നമ്പർ കാണിച്ചാൽ മതിയാകും. എഴുതുന്ന ആളുകളുടെ പേരു്, ദേശം, ജാതി (മതം) വയസ്സ്, തൊഴിൽ എന്നിവയും കാണിച്ചിരിക്കണം.

ചോദ്യങ്ങൾക്കുള്ള ഉത്തരവും മററു വിവരങ്ങളും എഴുതി കാർഡ് ഐക്യകേരളം പോൾ, പത്രാധിപർ, ദീപം എറണാകുളം എന്ന മേൽവിലാസത്തിൽ അയയ്ക്കുക.

കേരളത്തിന്റെ ഭാവിയേയും കേരളീയരുടെ ക്ഷേമജീവിതത്തെയും സംബന്ധിക്കുന്ന ഈ ജീവൽപ്രശ്നത്തെ സംബന്ധിച്ച ഖണ്ഡിതമായ ഒരഭിപ്രായം ഓരോ കേരളീയനും ഉണ്ടായിരിക്കേണ്ടതാണ്. ആ അഭിപ്രായം എന്താണെന്നു വ്യക്തമാക്കുവാൻ കൈവന്നിരിക്കുന്ന ഈ സൗകര്യത്തെ എല്ലാ കേരളീയരും പ്രയോജനപ്പെടുത്തുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

ഈ വിനീതശ്രമത്തിൽ എല്ലാവരുടേയും സഹായസഹകരണങ്ങളെ അഭ്യർത്ഥിച്ചുകൊള്ളുന്നു. വോട്ടിംഗ് കാർഡ് ഇടവമാസം ൨൨-ാംതീയതിക്കുമുമ്പ് ദീപം ആഫീസിൽ കിട്ടത്തക്കവണ്ണം അയയ്ക്കേണ്ടതാണെന്നു് ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ.

ദീപം പത്രാധിപർ

—o—

| ചോദ്യം | ഉത്തരം | |
|---|---|---|
| | ഉവ്വ് | ഇല്ല |
| 1. മലയാളികൾക്കു സമത്വവും സ്വാതന്ത്ര്യവും നൽകുന്ന ഒരു ഐക്യകേരളം ഉണ്ടാകണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ? | | |
| 2. നിങ്ങൾ ഉദ്ദേശിക്കുന്ന ഐക്യകേരളം ഏതു രൂപത്തിലുള്ളതാണ്. (a) ഒരു സബ്ഫെഡറേഷനാണോ? | | |
| (b അതോ, ഒരു സംസ്ഥാനമോ? | | |
| 3. കേരളം ഇന്ത്യായൂണിയനിൽ ചേരണമെന്നാണോ നിങ്ങളുടെ അഭിപ്രായം? | | |

പേര്.........................
സംസ്ഥാനം.........................
തൊഴിൽ.........................
മതം.........................
വയസ്സ്.........................
(മേൽവിലാസം വേണമെങ്കിൽ ചേർക്കാം മറുപുറത്തെഴുതുക.)

# ടാക്കീസ്

കൊല്ലം S. M. P. പാലസ്സിൽ
കൊത്തമംഗലം ശീനു, പി. എൻ. ജാനകി, മി. ആർ. മംഗളം, രാമചന്ദ്രൻ അഭിനയിച്ച
"ശകടയോഗം"
എന്ന ചിത്രം.

കൊല്ലം ബേബിടാക്കീസിൽ
മെഹറുന്നിസാ, മാസ്റ്റർ കിഷോർ, വത്സല കുംടേക്കർ, നാസിന–മഹമ്മദ് ഹുസൈൻ അഭിനയിച്ച
'ബേഡി ദ്ഷ്മൻ'
എന്ന ഹിന്ദുസ്ഥാനി ചിത്രം.

കൊല്ലം ലക്ഷ്മിടാക്കീസിൽ
ശോഭനമായ 5-ാംവാരം
ററി. ആർ. മഹാലിംഗം, ജയലക്ഷ്മി, ശാരംഗപാണി, പന്തലു അഭിനയിച്ച
— നാം ഇരുവർ —
WE TWO
എന്ന തമിഴ് ചിത്രം

ചവറ കെ. സി. ടാക്കീസിൽ
എം. കെ. ത്യാഗരാജഭാഗവതർ, എൽ. നാരായണറാവു, എം. എസ്. ദേവസേന മുതലായവർ അഭിനയിച്ച
സത്യശീലൻ
എന്ന പ്രശസ്ത തമിഴ് ചിത്രം

കരുനാഗപ്പള്ളി
ശ്രീ വിദ്യാധിരാജ് ടാക്കീസ്സിൽ
രഞ്ജൻ ബി. എ. വസുന്ധരാദേവി, കൃഷ്ണൻ മധുരം അഭിനയിച്ച
മങ്കമ്മാശപഥം
എന്ന ചിത്രം

അമ്പലപ്പുഴ ഗോപിടാക്കീസിൽ
എം. എസ്. സുബ്ബലക്ഷ്മി, ശാന്താആപ്ടേ, വൈ. വി. റാവു, വി. എ. ചെല്ലപ്പ, സാരംഗപാണി, ററി. എസ്. ദൊരരാജ് മുതലായവർ അഭിനയിച്ച
സാവിത്രി

ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ
കണ്ണാമ്പാ, പുഷ്പവല്ലി, സി. എൻ. ആർ. അലങ്കി, അഭിനയിച്ച
— പാദുകാ —
ജെമിനി തെലുങ്ക്
പുതിയ പുരാണപടം

(൪-ാംപേജിൽനിന്നു തുടർച്ച)

നിത്യം യവൻ കർമ്മംചെയ്യുന്നതിന്നു വിരോധമില്ലെന്നു ആചാര്യസമ്മതവും ചെയ്യണമെന്നു ശ്രൌതസ്മൃതിവിധികളുമുണ്ട്. ഉദാഹരണമായി ഈശാവാസ്യോപനിഷത്തിലെ ഈ ശ്ലോകങ്ങൾ നോക്കുക:—

'ഈശാവാസ്യമിദംസർവ്വം' ഇത്യാദി...(൧)
'കുർവ്വന്നേവേഹകർമ്മാണി ജിജീവിഷേച്ഛതം സമാഃ
ഏവം ത്വയിനാന്യഥേതോസ്തി നകർമ്മലിപ്യതേനരേ' (൨),

അതായതു 'ഈ പ്രപഞ്ചം മുഴുവനും പരമേശ്വരനിൽ സ്ഥിതിചെയ്യുന്നു, എന്നുവച്ചാൽ പരമേശ്വരൻ്റേതാണ് തൻ്റേതല്ല...; ഈ നിഷ്കാമബുദ്ധിയോടുകൂടി കർമ്മംചെയ്തുകൊണ്ട് ആയുഷ്കാലം നയിക്കണം, ഇപ്രകാരം (ഏവേദ) ഈശ്വരാർപ്പണ(ഈശാവാസ്യ) ബുദ്ധിയോടുകൂടി കർമ്മങ്ങൾചെയ്യുന്നതായാൽ അവ കർമ്മകർത്താവിനെ ബന്ധിക്കുകയില്ല. ഇതിന്നുമേലുള്ള ചില ശ്ലോകങ്ങളെയും കർമ്മപരമായിട്ടുതന്നെയാണ് ശ്രീഅരവിന്ദഘോഷൻ വ്യാഖ്യാനിച്ചിട്ടുള്ളത്. ആദ്യ ഉപനിഷത്തുകളായ ബൃഹദാരണ്യകവും ഛാന്ദോഗ്യവും നോക്കുന്നതായാൽ അവയിൽ പറയപ്പെടുന്ന ബ്രഹ്മജ്ഞാനികളായ രാജർഷികളും ചില ബ്രഹ്മർഷികളും ഗൃഹസ്ഥാശ്രമികളായിരുന്നു എന്നു കാണാവുന്നതാണ്. ജനകൻ ശ്രീകൃഷ്ണൻ, ജൈഗീഷവ്യൻ, ജൈവാലി, അജാതശത്രു, അശ്വപതി, കൈകേയൻ യാജ്ഞവല്ക്യൻ എന്നിങ്ങനെ പലരും ജ്ഞാനപ്രാപ്തിക്കു ശേഷവും ഗൃഹസ്ഥാശ്രമത്തിലിരുന്നതായും രാജർഷികളായവർ രാജ്യഭരണം യുദ്ധം മുതലായ പല ലൗകികകർമ്മങ്ങളിൽ ഏർപ്പെട്ടിരുന്നതായും കാണുന്നുണ്ട്. അതുകൊണ്ടുതന്നെയാണ്, ബാദരായണാചാര്യർ തൻ്റെ വേദാന്തസൂത്രത്തിൽ 'തുല്യം തു ദർശനം' (വേ. സൂ. ൩. ൪. ൯) അതായതു ജ്ഞാനപ്രാപ്തിക്കു ശേഷമുള്ള കർമ്മസന്യാസവും (കർമ്മത്യാഗവും) കർമ്മയോഗവും (കർമ്മാനുഷ്ഠാനവും) രണ്ടും തുല്യങ്ങളാണെന്നു ശ്രുതികൾ പറയുന്നു എന്നു പറഞ്ഞിരിക്കുന്നത്. രണ്ടും സമങ്ങളാകയാൽ രണ്ടും സ്വാതന്ത്ര്യവും മോക്ഷപ്രദവുമാണ്. അതിൽതന്നെ 'കാമകാരേണ ചൈകേ' (വേ. സൂ. ൩. ൪. ൧൫), അതായതു ജ്ഞാനികളുടെ ഇഷ്ടംപോലെ കർമ്മത്തെ ചിലർ ത്യജിക്കയും ചിലർ ചെയ്കയും ചെയ്യുന്നു എന്നും പറഞ്ഞിട്ടുള്ളതിനാൽ ഈ രണ്ടു പക്ഷവും യുക്തംപോലെയാണെന്നും ശാസ്ത്രദൃഷ്ട്യാ സിദ്ധിക്കുന്നു.

'വിവേകീ സർവ്വദാമുക്തഃ കുർവ്വതോനാസ്തി കർത്തൃതാ
അലേപവാദമാശ്രിത്യ ശ്രീകൃഷ്ണജനകൗ യഥാ',

അതായതു പൂർണ്ണബ്രഹ്മജ്ഞാനം സിദ്ധിച്ചവൻ ശ്രീകൃഷ്ണജനകന്മാരെപ്പോലെ കർമ്മംചെയ്തുകൊണ്ടിരുന്നാലും അകർത്താവും അലേപനും സർവ്വദാ മുക്തനുമാണ് എന്ന സ്മൃതിപ്രമാണവും ഇതിനെ സ്ഥിരീകരിക്കുന്നു. ഇതുപോലെതന്നെ ഗീതയും കർമ്മപരമ്പരയെ വിവരിച്ചശേഷം—

'ഏവം ജ്ഞാത്വാകൃതം കർമ്മപൂർവൈരപിമുമുക്ഷുഭിഃ' (൪, ൧൫), അതായതു ഇപ്രകാരം അറിഞ്ഞിട്ട് ജനകൻ മുതലായ പൂർവ്വികന്മാരായ ജ്ഞാനികൾ പണ്ടും കർമ്മംചെയ്തു എന്നു പറയുന്നു. യോഗവാസിഷ്ഠത്തിലും (൬. ൧. ൧) ഭാഗവതത്തിലും (ഭാഗ. ൨. ൮. ൪൩) ഇപ്രകാരമുള്ള കർമ്മയോഗികളുടെ മറ്റുദാഹരണങ്ങളും കൊടുത്തിട്ടുണ്ട്. ജനകനും മറ്റും ജ്ഞാനികളാണെന്നു, യോഗവാസിഷ്ഠത്തിൽ തന്നെ അവർ 'ജീവന്മുക്തർ' എന്നു പറഞ്ഞിരിക്കുന്നതിൽനിന്നും നിസ്സംശയമായിട്ടറിയാവുന്നതുമാണ്; കൂടാതെ വ്യാസമഹർഷി തൻ്റെ പുത്രനായ ശുകനെ മോക്ഷശാസ്ത്രത്തിൻ്റെ പൂർണ്ണജ്ഞാനസമ്പാദനത്തിനായി ജനകൻ്റെ അടുക്കൽ അയച്ചതായി യോഗവാസിഷ്ഠത്തിലും (൨. ൧) മഹാഭാരതത്തിലും (ശാം. ൩൨൫) പറഞ്ഞിട്ടുള്ളതുകൊണ്ടും സുവ്യക്തമാണ്. ഇപ്രകാരംതന്നെ ഉപനിഷത്തുകളിലും [illegible] കേകയൻ ഉദ്ദാലകന്മാർക്ക് [illegible] കാശിരാജാവായ അജാതശത്രു ഗാർഗ്ഗ്യബാലാകിക്കും ബ്രഹ്മജ്ഞാനമുപദേശിച്ചതായും ഇതിഹാസങ്ങളുമുണ്ട്. (ബൃ. ൨. ൧) കൂടാതെ ബൃഹദാരണ്യകോപനിഷത്തിൽ യാജ്ഞവല്ക്യൻ ജനകനു [illegible], ഒട്ടധികം ബ്രഹ്മജ്ഞാനമുപദേശിച്ചിട്ടുണ്ടെങ്കിലും രാജ്യഭരണമുപേക്ഷിച്ചു സന്യസിക്കണമെന്നു ഒരിടത്തുമുപദേശിച്ചിട്ടില്ല; നേരെമറിച്ചു ജ്ഞാനപ്രാപ്തിക്കു ശേഷം ലോകവ്യവഹാരത്തെ ഉപേക്ഷിക്കുന്നവർ അങ്ങിനെ ചെയ്യുന്നതു (നകാമയന്തേ) അതിനെ ഇഷ്ടപ്പെടാത്തതുകൊണ്ടാണെന്നു പറഞ്ഞിരിക്കുന്നു. (ബൃ. ൪. ൪. ൨൨). ഇതിനാൽ ബൃഹദാരണ്യകോപനിഷത്തിൻ്റെ അഭിപ്രായം, സന്യസിക്കുന്നതും സന്യസിക്കാതിരിക്കുന്നതും ഓരോരുത്തൻ്റെയും ഇഷ്ടംപോലെയാണെന്നും ബ്രഹ്മജ്ഞാനത്തിനും സന്യാസത്തിനും തമ്മിൽ നിത്യമായ സംബന്ധമൊന്നുമില്ലെന്നും സിദ്ധിക്കുന്നു. ബൃഹദാരണ്യകത്തിൻ്റെ ഈ അഭിപ്രായം വേദാന്തസൂത്രത്തിൽ വിവരിക്കപ്പെട്ടിട്ടുള്ളതു മുമ്പെതന്നെ എടുത്തു കാണിച്ചിട്ടുണ്ട് (വേ. സൂ. ൩. ൪. ൧൫). ഇനിയും ആചാര്യാഭിപ്രായം നോക്കുന്നതായാൽ, ജനകാദികൾ ചെയ്തതുപോലെ ജ്ഞാനപ്രാപ്തിക്കുശേഷവും ജ്ഞാനി തൻ്റെ ജീവിതത്തിലെ അധികാരമനുസരിച്ച് ലോകസംഗ്രഹത്തിനുവേണ്ടി മരണപര്യന്തം നിഷ്കാമകർമ്മം ചെയ്യുന്നതിന്നു വിരോധമില്ലെന്നു ശ്രീ ശങ്കരാചാര്യർതന്നെ സമ്മതിച്ചിട്ടുണ്ട് (വേ. സൂ. ശം. ഭാ. ൩. ൩. ൩൨; ഗീ. ശം. ഭാ. ൨. ൧൧; ൩. ൨൦). എന്നാൽ പ്രവൃത്തിരൂപമായി കാണപ്പെടുന്ന അതിനെ (അവൻ്റെ ചേഷ്ടയെ) കർമ്മമായി ഗണിക്കുന്നതല്ല. മുക്തസംധാനമായി അതിനെ ജ്ഞാനത്തോടുകൂടി ചേർക്കാനും പാടില്ല;......എന്തെന്നാൽ (ഇവിടെ) ഫലാപേക്ഷയോ അഹങ്കാരമോ ഇല്ല" എന്നു മാത്രമേ പറയുന്നുള്ളൂ. (ഗീ. ശം. ഭാ. ൨. ൧൧). ഇതിൽനിന്നും സ്പഷ്ടമാകുന്നതു, ഈ മതശാഖ, ജ്ഞാനോത്തരത്തിലും കർമ്മംചെയ്യുന്നതിന്നു വിരോധിച്ചിട്ടില്ലെന്നു മാത്രമല്ല, യഥാധികാരമോ ലോകസംഗ്രഹാർത്ഥമോ ഒരു ഒഴികഴിവായിട്ടെങ്കിലും കർമ്മംചെയ്യുന്നതിന്നു സമ്മതിച്ചിട്ടുണ്ടെന്നാണ്. എന്നാൽ ഗീതയാകട്ടെ ഈ പരിമിതമായ ഒഴിവിനെ (exception) അതിലംഘിച്ച് അതിൻ്റെ വ്യാപ്തിയെ അതിവിസ്തൃതമാക്കി ധർമ്മോപദേശം ചെയ്യുന്നതു, എല്ലാ ജ്ഞാനികളും ജ്ഞാനപ്രാപ്തിക്കുശേഷവും വെറും കർത്തവ്യമായും ലോകസംഗ്രഹാർത്ഥമായും തങ്ങളുടെ ജീവിതത്തിൽ പ്രാപ്തമാകുന്ന കർത്തവ്യകർമ്മങ്ങളെ ചെയ്തുകൊണ്ടിരിക്കണമെന്നാണ്. തദ്വാരാ ഗീതയുടെ ധർമ്മം അതിവ്യാപകമാണെങ്കിലും അതിൽ സ്ഥാപിതമായ തത്വം ശ്രുതിസ്മൃത്യപേക്ഷകതാവും ആചാര്യസമ്മതവുമാണെന്നും ആയതു നിരാക്ഷേപമാണെന്നും സിദ്ധിക്കുന്നു. മേൽ വിവരിച്ച കാരണങ്ങളാൽ സാംഖ്യവും യോഗവും (കർമ്മസന്യാസവും കർമ്മയോഗവും) രണ്ടും സമവും സ്വതന്ത്രവും മോക്ഷപ്രദവുമായ ജീവിതമാർഗ്ഗങ്ങളാണെന്നും കൂടി സിദ്ധിക്കുന്നു.

൩. കർമ്മസന്യാസവും കർമ്മയോഗവും ഓരോന്നും പ്രത്യേകം പ്രത്യേകം സമം മോക്ഷപ്രദമാണെന്നും ഒന്നു മറ്റൊന്നിൻ്റെ പ്രാരംഭപടങ്ങളല്ലെന്നും പറഞ്ഞതുകൊണ്ടുമാത്രം ഗീതയുടെ താല്പര്യാർത്ഥത്തിന്നു മതിയാകുന്നതല്ല എന്തെന്നാൽ രണ്ടും സമം മോക്ഷപ്രദമാണെങ്കിൽ ഒരുവനു അവൻ്റെ ഇഷ്ടംപോലെ ഏതെങ്കി

(ശേഷം പത്താംപേജിൽ)



Ad. No. S. 9.

## അറിയിപ്പ്

—○—

അഭിപ്രായത്തിനുള്ള പുസ്തകങ്ങളുടെ രണ്ടു പ്രതികൾവീതം പത്രാധിപർ, മലയാളരാജ്യം, കൊല്ലം എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്. പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ മുതലായവ മഷികൊണ്ടു കടലാസിൻെറ ഒരു വശത്തുമാത്രം വ്യക്തമായി എഴുതിയിരിക്കേണ്ടതും, മേൽകാണിച്ചിട്ടുള്ള മേൽവിലാസത്തിൽ അയച്ചുതരേണ്ടതുമാണ്. ആഫീസുദ്യോഗസ്ഥന്മാരുടെ സ്വകാര്യമേൽവിലാസത്തിൽ അയയ്ക്കപ്പെടുന്ന ലേഖനങ്ങൾ, ഗ്രന്ഥങ്ങൾ മുതലായവ ഗൗനിക്കുന്നതല്ല.

പത്രാധിപർ.

—○—

(ഒൻപതാംപേജിൽനിന്നും തുടർച്ച)

ലും ഒരുമാർഗ്ഗം സ്വീകരിക്കാമെന്നു വരുന്നതേയുള്ളു. അപ്പോൾ യുദ്ധം ചെയ്യണമെന്നു തീർച്ചപ്പെടുത്തി ഉപദേശിക്കുന്നതിനുപകരം, അർജ്ജുനനു ജ്ഞാനം ലഭിച്ചതിനുശേഷം യുദ്ധം ചെയ്കയോ അല്ലെങ്കിൽ അതിനുപകരം ലോകവ്യവഹാരത്തെ ഉപേക്ഷിക്കുകയോ ചെയ്യാമെന്നു രണ്ടു മാർഗ്ഗങ്ങളിലൊന്നിൻെറ സ്വീകരണം നൽകുന്നതേയുള്ളു. അതുകൊണ്ടാണ്, അങ്ങു കർമ്മസന്യാസത്തേയും കർമ്മയോഗത്തേയും പ്രശംസിക്കുന്നു; എന്നാൽ ഇവയിൽവച്ച് ഏതാണ് ശ്രേയസ്കരമായിട്ടുള്ളതെന്നു നല്ലവണ്ണം നിശ്ചയിച്ച് പറഞ്ഞുതരണം എന്നു അർജ്ജുനൻ പ്രകൃതത്തിനനുസരിച്ചു സരളമായും ചോദിക്കുന്നതു്:—

'സന്യാസം കർമ്മണാം കൃഷ്ണ പുനര്യോഗം ച ശംസസി
യച്ഛ്രേയ ഏതയോരേകം തന്മേ ബ്രൂഹി സുനിശ്ചിതം (൫. ൧)

എന്തെന്നാൽ ആ അധികം ശ്രേഷ്ഠമായ മാർഗ്ഗം അനുസരിച്ച് അവനു പ്രവർത്തിക്കുവാൻ എളുപ്പമുണ്ടല്ലോ. ഇതിനുത്തരമായി ഉടനെ അടുത്ത ശ്ലോകത്തിൽ തന്നെ 'സന്യാസവും കർമ്മയോഗവും രണ്ടും നിശ്രേയസകര (മോക്ഷപ്രദ) മാണെങ്കിലും ഇവയിൽവെച്ച് കർമ്മസന്യാസത്തെക്കാൾ കർമ്മയോഗം വിശിഷ്ടമാണ്' (൫. ൨) എന്നു ശ്രീഭഗവാൻ കർമ്മയോഗത്തിൻെറ കൂടുതലായ പ്രയോജനത്തേയും യോഗ്യതയേയും അസന്ദിഗ്ദ്ധമായും വ്യക്തമായും സ്പഷ്ടമാക്കി ഉപദേശിക്കുന്നുണ്ട്. ഗീതയിൽ കർമ്മയോഗത്തിൻെറ വൈശിഷ്ട്യത്തെ നിർദ്ദേശിക്കുന്ന ഈ ഒരു വചനം മാത്രമല്ല ഉള്ളതു്. ഈ ഉപദേശത്തെക്കുറിക്കുന്ന അനേകവചനങ്ങളുണ്ട്. 'തസ്മാദ് യോഗായ യുജ്യസ്വ' (൨. ൫൦) 'മാതേസംഗോ/സ്ത്വകർമ്മണി' (൨. ൪൭), 'യസ്ത്വിന്ദ്രിയാണി മനസാ നിയമ്യാരഭതേർജ്ജുന. കർമ്മേന്ദ്രിയൈഃ കർമ്മയോഗമസക്തഃ സ വിശിഷ്യതേ' (൩. ൭), 'കർമ്മജ്യായോഹ്യകർമ്മണഃ (൩. ൮), 'കുരു കർമ്മൈവ തസ്മാത് ത്വം' (൪. ൧൫), 'യോഗമാതിഷ്ഠോത്തിഷ്ഠ, ഭാരത' (൪. ൪൨), (യോഗി) ജ്ഞാനിഭ്യോ/പിമതോ/ധികഃ തസ്മാത് യോഗീ ഭവാർജ്ജുന' അതായതു 'കർമ്മയോഗി ജ്ഞാനയോഗിയെക്കാൾ ശ്രേഷ്ഠനാകുന്നു., അതിനാൽ അല്ലയോ അർജ്ജുന നീ (കർമ്മ)യോഗിയായി തീരുക' (൬. ൪൬), 'മാമനുസ്മര യുദ്ധ്യ ച' (൮. ൭) എന്നവചനങ്ങളും വിശേഷിച്ചും 'ജ്യായഃ അധികഃ, വിശിഷ്യതേ' എന്നുസ്പഷ്ടമായ പദങ്ങളും കർമ്മയോഗത്തിൻെറ യോഗ്യത കർമ്മത്യാഗത്തിൻേറതിനേയും അഥവാ അകർമ്മത്തിൻേറതിനേയുംകാൾ ഉത്കൃഷ്ടമെന്നു കാണിക്കുന്നു. അപ്രകാരം ഉൽകൃഷ്ടമെന്നു കാണിക്കുവാനായിട്ട് മനഃപൂർവ്വം ഉപയോഗിച്ചിട്ടുള്ളതാണ് 'ജ്യായഃ അധികഃ വിശിഷ്യതേ' എന്നപദങ്ങളെന്നുകൂടി പറയാവുന്നതാണ്. അല്ലാത്തപക്ഷം അവ നിരർത്ഥങ്ങളായി തീരുന്നതാണ് എന്നുതന്നെയുമല്ല, ൧൮-ാമദ്ധ്യായത്തിലെ സാംഖ്യജ്ഞാനവിവരണത്തിനിടയ്ക്കുതന്നെ 'തസ്മാദ് യുദ്ധ്യസ്വ (൨. ൧൮) എന്നാരംഭിച്ച കർമ്മോപദേശം ൧൮-ാമദ്ധ്യായത്തിലെ ഉപസംഹാരത്തിലും 'നിയതങ്ങളായ കർമ്മങ്ങളെ ഉപേക്ഷിക്കുന്നതു യോഗ്യമല്ലെന്നും അവയെ അനാസക്തമായും ഫലാശയെ ത്യജിച്ചും എപ്പോഴും ചെയ്യണമെന്നുമാണ് എൻെറ നിശ്ചിതവും ഉത്തമവുമായ അഭിപ്രായം' എന്നു ശ്രീഭഗവാൻ സ്പഷ്ടമായിഉപദേശിച്ചിട്ടുമുണ്ട്. (൧൮. ൬-൭) അതിനാൽ കർമ്മയോഗം സന്യാസമാർഗ്ഗത്തെക്കാൾ ശ്രേഷ്ഠമാണെന്നാണ് ഗീതയുടെ അഭിപ്രായമെന്നു ഇതിൽനിന്നും നിസ്സംശമായി സ്ഥിരീകരിക്കപ്പെടുന്നു. ഇനിയും ഈ കർമ്മയോഗത്തിൻെറ സ്വരൂപമെന്തെന്നു നിർണ്ണയിക്കേണ്ടിയിരിക്കുന്നു.

—○—


# മസൂരിസിദ്ധചികിത്സ

(ഗ്രന്ഥകർത്താ ഡാ: പി എസ്. നായർ)

മസൂരിയുടെ ഉല്പത്തി, വളർച്ച, കുരുക്കളുടെ വ്യത്യാസം, ചികിത്സ ഇവകളെപ്പററി ശാസ്ത്രീയം പ്രതിപാദിക്കുന്ന ഒരു ഉത്തമ വൈദ്യഗ്രന്ഥം. മസൂരി ബാധിക്കാതിരിക്കുന്നതിനുള്ള അനുഷ്ഠാനമുറകളും 96 വ്യാധികളുടെയും സാദ്ധ്യാസാദ്ധ്യലക്ഷണങ്ങളും ഇതിൽ ചേർത്തിട്ടുണ്ട്. വില ണ. 14.

മാനേജർ, ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം




വി. എൻ. കെ. നായരും പത്നിയും, അമേരിക്കയിലേയ്ക്കുപോയ സന്ദർഭത്തിൽ അവർ കയറിയിരുന്ന കപ്പലിലെ ക്യാപ്റ്റനുമായി സംഭാഷണം നടത്തുന്നതാണ് ചിത്രം.

# നമ്മുടെ രാജ്യത്തെ പഴവർഗ്ഗങ്ങളും കൃഷികളും

(മുളയ്ക്കൽ ഡി. ജോർജ്ജ് മാവേലിക്കര)

ഈ രാജ്യത്തിൽ ശാസ്ത്രീയമായ രീതിയിൽ പഴവർഗ്ഗങ്ങൾ കൃഷിചെയ്തു ഫലമെടുത്തു ലാഭമുണ്ടാക്കുവാനായി ശ്രമിക്കുന്നവർ വളരെ കുറവാണ്. വളരെ അധികം പഴങ്ങൾ നമ്മുടെ രാജ്യത്തിൽ അവിടവിടയായി അതു ധാരാളം ഉണ്ടാകുന്ന കാലങ്ങളിൽ നശിച്ചുപൊയ്ക്കൊണ്ടിരിക്കയാണ്. എന്നാൽ ഇപ്രകാരം നശിച്ചുപോകുന്നതു, ആ പഴവർഗ്ഗങ്ങളിൽനിന്നും ലഭിക്കാവുന്ന തുച്ഛമായ ആദായംകൊണ്ടുള്ളതിനെക്കാൾ, പഴവർഗ്ഗകർഷകരുടെ ഇവകളെ എപ്രകാരം വിവിധസന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്തുവാനുള്ള അറിവുകുറവാണ് കൂടുതലായിട്ടുള്ളതു്. പഴവർഗ്ഗകർഷകർ അവകളെ എപ്രകാരം ദീർഘകാലത്തേക്കു സൂക്ഷിക്കുവാൻ സാധിക്കും എന്നു പഠിച്ചാൽ ഈ ഭീമമായ നഷ്ടത്തെ പരിഹരിച്ചു അവർതന്നെ ഈ നഷ്ടത്തിൽനിന്നും കൂടുതൽ പണം സമ്പാദിക്കുവാൻ ഇടയാകും.

താഴെ കാണിച്ചിരിക്കുന്ന കണക്കിൽനിന്നും വെളദേശങ്ങളിൽനിന്നും എത്ര വൻപിച്ച തോതിലാണ് ഇന്ത്യാരാജ്യത്തിലേക്കു കുപ്പികളിലും തകരങ്ങളിലും അടച്ചു സൂക്ഷിച്ചിരിക്കുന്ന പഴവർഗ്ഗങ്ങൾ ഇറക്കുമതിചെയ്യുന്നതു് എന്നു മനസ്സിലാക്കാവുന്നതാണ്.

(ലക്ഷക്കണക്കിൽ)

| | 1932 to 33 | 1935 to 36 | 1937 to 38 | 1939 to 40 |
|---|---|---|---|---|
| കുപ്പികളിലും തകരങ്ങളിലും സൂക്ഷിച്ചിട്ടുള്ള പഴവർഗ്ഗങ്ങൾ | 7.83 | 11.23 | 12.12 | 9.58 |
| കുപ്പികളിലും തകരങ്ങളിലും സൂക്ഷിച്ചിട്ടുള്ള ജാം മുതലായവ | 4.41 | 7.03 | 6 65 | 6 75 |
| പച്ചയും ഉണങ്ങിയതുമായ മററു പഴങ്ങൾ | 28.02 | 31.44 | 29 71 | 30 4 |
| ഉണങ്ങിയ ഈന്തപ്പഴങ്ങൾ | 50.48 | 52.45 | 56.26 | 43.5 |
| ആകെ | 90.74 | 102.15 | 104.74 | 90.4 |

* ൧൯൩൯ മുതൽ ൪൦ വരെയുള്ള ഇറക്കുമതികൾ കുറഞ്ഞുപോയിട്ടുള്ളതു ലോകമഹായുദ്ധംമൂലം ഉണ്ടായ കപ്പൽഗതാഗതക്കുറവുകൾ നിമിത്തമാണ്.

ഇപ്രകാരം കോടിക്കണക്കിന് ഇന്ത്യയിൽനിന്നും അന്യരാജ്യങ്ങളിലേക്കു പണംപോകുന്നതു് നമ്മുടെ രാജ്യത്തിൻെറ പുരോഗമനത്തിനു എത്രത്തോളം ഹാനികരമാണ് എന്നു് പറയാതെതന്നെ മനസ്സിലാക്കാമല്ലോ. അതേ സമയംതന്നെ നമ്മുടെ രാജ്യം ഭക്ഷണസാധനങ്ങൾ ഉളവാക്കുന്ന ഒരു കർഷകരാജ്യമാണ് എന്നുള്ളതുംകൂടെ ഓർമ്മയിൽ വരുമ്പോൾ ഈ ഇറക്കുമതി കണക്കുകൾ കാണുമ്പോൾ അതിശയിക്കാതെയും മനഃക്ലേശമില്ലാതെയും ഇരിപ്പാൻ രാജ്യസ്നേഹികളായ നമുക്കു് സാധിക്കുകയില്ല.

വേനല്ക്കാലങ്ങളിൽ പ്രത്യേകിച്ചും എത്രയോ അധികം വളരെ മധുരവും, ആകർഷണീയമായ വാസനയോടും കൂടിയ പഴങ്ങൾ നമ്മുടെ ചെറുചെറു തോട്ടങ്ങളിലും ചന്തകളിലും നശിച്ചുപൊയ്ക്കൊണ്ടിരിക്കുന്നു. എന്നാൽ ഇക്കാലങ്ങളിലുള്ള പഴങ്ങൾ പച്ചയ്ക്കു് രാജ്യത്തുള്ള ആളുകളുടെ ആവശ്യം കഴിഞ്ഞതിനുശേഷം ബാക്കി പല രീതികളിലായി സൂക്ഷിച്ചുവെച്ചിരുന്നാൽ പഴവർഗ്ഗങ്ങൾ ഇല്ലാത്തസമയങ്ങളിൽ അവകളെ വിററു വലിയ ആദായം കർഷകർക്കു ലഭ്യമാകാവുന്നതാണ്.

പഴവർഗ്ഗവ്യവസായത്തിനുള്ള സാഹചര്യങ്ങൾ:— തിരുവിതാംകൂർരാജ്യം വളരെ ചെറുതാണെങ്കിലും പഴവർഗ്ഗവ്യവസായം വളരെ മുന്നണിയിൽ എത്തിച്ചേരുന്നതിനു സകല സാഹചര്യങ്ങളും അനുവദിയ്ക്കുന്നുണ്ട്. പഴവർഗ്ഗങ്ങൾ പലതും പല രീതിയിലുള്ള ശീതോഷ്ണാവസ്ഥയും മണ്ണും വേണ്ടിയവയാണ്. അപ്രകാരം ഈ ചെറിയ രാജ്യത്തിനുള്ളിൽ വളരെ തണുപ്പുള്ള പ്രദേശങ്ങൾ തുടങ്ങി ക്രമേണ ചൂടുകൂടി വളരെ ചൂടുള്ള പ്രദേശങ്ങളും, പ്രകൃതിയാൽതന്നെ രാജ്യത്തെ മൂന്നു പ്രത്യക്ഷരീതിയിൽ തെക്കുനിന്നു് വടക്കോട്ടു വിഭജിച്ച പല തരങ്ങളിലുള്ള മണ്ണോടു കൂടിയതും ആക്കിത്തീർത്തിരിക്കുന്നു. പഴവർഗ്ഗങ്ങളെശാസ്ത്രീയരീതിയിൽ വളർത്തി അനുഭവമെടുത്തിട്ടുള്ള ഒരാൾ നമ്മുടെ "രാജ്യത്തെസാഹചര്യങ്ങളും, പഴവർഗ്ഗവ്യവസായത്തിൻെറ ശോചനീയമായ അവസ്ഥയും കണ്ടാൽ ആദ്യം സങ്കടവും പിന്നീട് അതിൻെറ ഭാവി ഭംഗിയാക്കിത്തീർക്കാമെന്നുള്ള ആശകൊണ്ടു് സന്തോഷവും ഉണ്ടാകാതെ ഇരിക്കുകയില്ല. ഈ രാജ്യത്തിൽ പല തരത്തിലുള്ള പഴവർഗ്ഗങ്ങൾ വളർന്നുവരുന്നു. എന്നാൽ അതേ സമയംതന്നെ ഇന്ത്യയുടെ മററു പല ഭാഗങ്ങളിലും അവകൾ വളരാതെയും ഇരിക്കുന്നു. അപ്രകാരമുള്ള സ്ഥലവാസികളുടെ ആവശ്യത്തിനു തെക്കെഅററത്തുകിടക്കുന്ന ഈ രാജ്യത്തുനിന്നും പഴവർഗ്ഗങ്ങൾ അതേപടി അയച്ചു അവരുടെ ഉപയോഗത്തിന് ഉതകിക്കാൻ സാധിക്കുകയില്ലല്ലോ. എന്നാൽ അവകളെ ഇവിടത്തന്നെ ഓരോ പഴങ്ങളുടെ സ്വഭാവം അനുസരിച്ച് ഓരോ രീതികളിൽ അവകളെ സൂക്ഷിച്ചു (Preserve) ദീർഘകാലത്തേക്കു് കേടുകൂടാതെ ഭദ്രമാക്കിയാൽ ഇന്ത്യാരാജ്യത്തിൽ തന്നെ അവകളെ അയച്ചു വലിയ ആദായം ഉളവാക്കത്തക്ക ഒരു വ്യവസായം തുടങ്ങാവുന്നതാണ്. ഉദാഹരണമായി കൈതച്ചക്ക, ഏത്തക്കാ, ചക്ക, മാങ്ങ മുതലായവകൾ വളരാത്ത വളരെ അധികം രാജ്യങ്ങൾ ഇന്ത്യയുടെ ഉള്ളിൽതന്നെയുണ്ട്. അവിടേക്കെല്ലാം ഇവകളെ ദീർഘകാലസുരക്ഷിതമാക്കി കഴിഞ്ഞാൽ അയയ്ക്കാൻ സാധിക്കും. ഇനിയും ഇന്ത്യയിലുള്ള വ്യാപാരസാഹചര്യങ്ങളെപ്പാടെ വിട്ടുകഴിഞ്ഞാൽതന്നെ വെളിരാജ്യങ്ങളിലേക്കു് ഈ പഴങ്ങളെ അയച്ചാൽ എത്ര വലിയ ആവശ്യക്കാർ ഉണ്ടാകുമെന്നു അധികം വിവരണംകൂടാതെതന്നെ മനസ്സിലാക്കാമല്ലോ. നമ്മുടെ ഈ രാജ്യത്തുണ്ടാകുന്ന പല പഴങ്ങളും അവയിൽനിന്ന് എടുക്കാവുന്ന മററുസാധനങ്ങളും ഇംഗ്ലണ്ടിലെ ആസ്ട്രേലിയിലെ, ന്യൂസിലണ്ടിലെ മററു യൂറോപ്പുരാജ്യങ്ങളിലൊ കിട്ടുന്നില്ല. ഒരു ശാസ്ത്രീയവും, ശരിയായ പദ്ധതിമൂലവും പഴവർഗ്ഗവ്യവസായം ഏർപ്പെടുത്തിയാൽ മററു ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പല വ്യാപാരങ്ങളേക്കാൾ മുന്നണിയിൽ നിൽക്കത്തക്ക ഒന്നായിത്തീരും. പഴവർഗ്ഗങ്ങൾ അന്യരാജ്യത്തേയ്ക്കു കയററിഅയയ്ക്കുക എന്നതു ഇന്ത്യയിൽ ഒരു പുതിയ വ്യാപാരമല്ല. വളരെ പഴയ കാലങ്ങളിൽ ഈ വ്യാപാരം വളരെ വിപുലമായ രീതിയിൽനടന്നുകൊണ്ടിരുന്നു. വളരെ മുൻകാലങ്ങളിൽതന്നെ ഇൻഡ്യയിൽനിന്നുമുള്ള ഉണങ്ങിയതും, ഉപ്പിട്ടതും, പച്ചപഴങ്ങളും, സുരക്ഷിതമായ പഴവർഗ്ഗങ്ങളും Fruit preser-

(ശേഷം പതിനൊന്നാം പേജിൽ)

(രണ്ടാംപേജിൽനിന്നും തുടർച്ച)

ലേക്കു എനിക്കു മടങ്ങണം."

"ശരി, അതെല്ലാം നിങ്ങളുടെ ഇഷ്ടംപോലെതന്നെ" ആ വൃദ്ധൻ തലകുനിച്ചുകൊണ്ടു പറഞ്ഞു. "ഞാൻ ഇപ്പോഴും നിങ്ങളോടു ഈ ഭക്ഷണം കഴിക്കുവാൻ അപേക്ഷിക്കുന്നു." അയാൾ കൈകൊട്ടി വിളിച്ചു. സ്ത്രീകൾ തട്ടുകളുമായി അകത്തോട്ടുവന്നു.

ഗല്ലി ഭക്ഷണം കഴിച്ചു. അയാൾക്കു അയാളുടെ ശക്തി വീണ്ടുകിട്ടിയതുപോലെ തോന്നി. "എന്തൊക്കെയാണു് വർത്തമാനം" അയാൾ ചോദിച്ചു. "സോശ്'രാജാവ് ഓടിപ്പോയി" ആ വൃദ്ധൻ പറഞ്ഞു "ഇററലി ജയിച്ചു."

വേറെ ഏതെങ്കിലും ഒരു മനുഷ്യനായിരുന്നു എങ്കിൽ അനുശോചനം പ്രകടിപ്പിക്കുമായിരുന്നു. ഗല്ലി ഒന്നു മൂളുകമാത്രം ചെയ്തു. ഹാ, ഹാ! അയാൾ വിചാരിച്ചു. ആ വയസ്സനോടുള്ള അയാളുടെ അതിരുകവിഞ്ഞ അനുസരണംകൊണ്ടായിരിക്കണം ഒരുപക്ഷെ അയാൾ അങ്ങിനെ ചെയ്തതും. "ഒന്നു തീർച്ചയാണു്." അയാൾ പറഞ്ഞു." എന്നോടുള്ള ഈ ദയ മറക്കുകയില്ല.

"നിങ്ങളോടു വിസ്തരിച്ചു പറയുവാൻ എന്നെ അനുവദിക്കുമെന്നുവിചാരിക്കുന്നു" ആ വൃദ്ധൻ പറഞ്ഞു. "ഞാൻ ആതിഥേയനാണു്. നിങ്ങൾ എന്റെ അതിഥിയുമാണു്. നിർഭാഗ്യവശാൽ നിങ്ങൾ ഒരു ഇററാലിയനാണെന്നുള്ളതു് വാസ്തവം തന്നെ '

'നിർഭാഗ്യ? സൂക്ഷിച്ചു സംസാരിയ്ക്കുക' ഗല്ലി താക്കീതുചെയ്തു.

'.........ഉം, അതുകൊണ്ടു യുദ്ധക്കളത്തിൽ നിങ്ങൾ എന്റെ ശത്രുവാണു്. പക്ഷെ ഞങ്ങൾക്കു സൽക്കാരം ഒരു ആചാരമാണു്; നിയമമാണു്. പ്രത്യുപകാരമോ നന്ദിയോ ഞാൻ ആവശ്യപ്പെടുന്നില്ല. എന്റെ കടമയിൽ കവിഞ്ഞു ഞാൻ വേറെ ഒന്നും ചെയ്യുന്നില്ല."

'ഹാ' ഗല്ലിപറഞ്ഞു.

'ഈ കോഴിക്കറി കഴിക്കുവാനുള്ള ബുദ്ധിമുട്ടെടുക്കുക."

'നിങ്ങൾ പർവ്വതനിവാസികൾ ചെയ്യുന്നതു് ചീത്തയാവില്ല തീർച്ച.........ആ, ശരി, ഇതു യുദ്ധം കഴിഞ്ഞതുപോലെ ഇരിക്കുന്നു. നിങ്ങൾ യുദ്ധംചെയ്തതിലും കൂട്ടതലാഴി ചെയ്യുമെന്നു ഞങ്ങൾ വിചാരിച്ചിരുന്നു എന്നു നിങ്ങളോടു പറയുന്നതിൽ എനിക്കു് ഒരു ലവലേശം മടിയില്ല.'

"ആരാണു് അതു്?" അയാൾ ചോദിച്ചു. ഒരു വയസ്സായ സ്ത്രീ നിഴലിൽനിന്നും പുറത്തുവന്നുപറഞ്ഞു. "നമ്മുടെ മക്കൾ വീട്ടിലേക്കു വരുന്നുണ്ടു്" ഗല്ലി അവളുടെ മുഖം ചുളിച്ചു പിടിച്ചിരിക്കുന്നതു കണ്ടു. മാത്രമല്ല മുക്കാലും വായ് തുറക്കാതെയാണു് അവൾ പറഞ്ഞതു്. ആ വൃദ്ധൻ ഒന്നു നിവർന്നുനിന്നു പറഞ്ഞു. "അവർ ഉള്ളോട്ടുവരട്ടെ."

ഒരു വാതിൽതുറന്നു. രണ്ടാളുകൾ മുറിയുള്ളോട്ടുവന്നു. അവർ ഒരു ശവത്തെ എടുത്തിരുന്നു.

"എന്റെ മൂത്തമകൻ ആ വൃദ്ധൻ പറഞ്ഞു.

"നിങ്ങൾക്കു ഞങ്ങൾ എന്തെങ്കിലും അസൗകര്യമുണ്ടാക്കുന്നുണ്ടെങ്കിൽ ക്ഷമിക്കുക. എനിയും നാലാളുകൾ ഉണ്ടു്. അവരെ ശവക്കല്ലറയിലേക്കു് കൊണ്ടുപോകണം." ആ വൃദ്ധന്റെ മുഖം ഉരുകുന്നപോലെ തോന്നി. രണ്ടു കവിളിൽകൂടെയും കണ്ണീർകണങ്ങൾ ഇററിറവീണു. ആ വയസ്സൻ അവരോടു് ഉറക്കെ രൂക്ഷതയോടുകൂടി പറഞ്ഞു "മിണ്ടാതിരിക്കുക! നമുക്കൊരതിഥിയുണ്ടു്."

ആ ഇളയപുത്രന്റെ കൈ പുറത്തു കിടന്നിഴഞ്ഞു. വൃദ്ധ ആ വിറങ്ങലിച്ച കൈപിടിച്ചു. അടുത്തുള്ള മുറിയിലേക്കു് ആ ശവത്തിനെ അനുഗമിച്ചു.

"അവളുടെപേരിൽ ക്ഷമിക്കുക" ആ വൃദ്ധൻ പറഞ്ഞു.

"അതെല്ലാം ശരി" ഗല്ലി പറഞ്ഞു. "ഒരമ്മയുടെ അനുകമ്പ സ്വാഭാവികമാണു്."

"ഞാനും യുദ്ധക്കളത്തിൽ പോയിരുന്നു പക്ഷെ എനിക്കു മരിക്കുവാൻ സാധിച്ചില്ല" ആ വൃദ്ധൻ പറഞ്ഞു.

വല്ലായ്മയോടെ ഗല്ലി മിഴിച്ചുനിന്നു. "നോക്കു" അയാൾ പറഞ്ഞു.

"എന്തായാലും അതു പോകട്ടെ—നിങ്ങളുടെ ഏതെങ്കിലും ഒരു മകനെ ഒരുപക്ഷെ ഞാൻതന്നെയായിരിക്കും കൊന്നതു്."

"സർ, നിങ്ങൾ അവരെ എല്ലാവരേയും നിർദ്ദയമായി കൊന്നാലുംകൂടി മര്യാദ എന്ന നിയമം ഉള്ള കാലത്തോളം എന്റെ വീട്ടിൽവച്ചു നിങ്ങളോടു ചീത്തയായി പെരുമാറുകയില്ല എന്നു ഞാൻ നിങ്ങൾക്കു ഒന്നുകൂടി ഉറപ്പുതരുന്നു. സ്വസ്ഥമായിരിക്കുക." ആ വൃദ്ധൻപറഞ്ഞു.

"ഓ, ഞാൻ ഭയപ്പെടുന്നില്ല, ഈശ്വരാ, ഇല്ല," ഗല്ലി ഉറക്കെ ചിരിച്ചു. 'ഒരു യോദ്ധാവിനെപ്പോലെ, നിങ്ങൾക്കു മനസ്സിലായില്ലേ—' "എല്ലാ സംശയവും തീർന്നിരിക്കുവാൻ നിങ്ങൾ ഇഷ്ടപ്പെടുന്നു," ആ വൃദ്ധൻ പറഞ്ഞു. "ഞാൻ നിങ്ങളോടു വിനയപൂർവ്വം നന്ദിപറയുന്നു" അയാൾ പുറത്തേക്കുപോയി. കുറച്ചു നിമിഷങ്ങൾക്കുശേഷം ഒരു കുപ്പിയുമായി വീണ്ടും പ്രവേശിച്ചു. "ഇതാ ബ്രാണ്ടി. എന്റെ വേലക്കാരൻ ഇററാലിയൻസിഗററുകൂടി കൊണ്ടുവന്നിട്ടുണ്ടു്. പക്ഷെ തികച്ചും അതിന്റെ രസം ആസ്വദിക്കുവാൻ നിങ്ങൾക്കു സാധിക്കയില്ല. അതിന്മേൽ രക്തം പുരണ്ടിട്ടുണ്ടു്.

ഗല്ലി കുറച്ചു കുടിച്ചു. ശരി നിങ്ങളുടെ ഈ അതിഥിസൽക്കാരനിയമം ഞാൻ ഇഷ്ടപ്പെടുന്നു എന്നു പറയാതെ നിവൃത്തിയില്ല. എല്ലാം ശരിയായാൽ നിങ്ങൾക്കു വ്യസനിക്കേണ്ടിവരില്ലെന്നു ഞാൻ ഇതാ ഉറപ്പുതരുന്നു." ആ വൃദ്ധൻ പ്രതിവചിച്ചു "ഞാൻ ഈ പർവ്വതശിഖരത്തിൽ ഇരിയ്ക്കുന്ന കാലത്തോളം എനിക്കു ഇററലിക്കാരെ ഭയപ്പെടേണ്ടതില്ല. ഒരു വഴി മാത്രമേയുള്ളു. നിങ്ങളുടെ ഡ്യൂച്ചെ (Duce) ഒരു വലിയ സൈന്യത്തെ അയയ്ക്കേണ്ടിവരും. പക്ഷെ അതിഥിസൽക്കാരത്തെപ്പററി ഞാൻ കുറച്ചു പറയട്ടെ. "ഈ രാജ്യത്തു് ഒരു മനുഷ്യനുണ്ടായിരുന്നു. അയാൾ അയാളുടെ അയൽപക്കക്കാരന്റെ ഭാര്യയെ അവമാനിച്ചു. പിന്നീടു മകാനു. ആ സ്ത്രീയുടെ ഭർത്താവാകട്ടെ ഈയാളെ കൊല്ലുവാൻ നിർബന്ധിതനായി. ആ കുററംചെയ്തവനു എന്തു ചെയ്യാൻ കഴിയും?" രാജ്യത്തുനിന്നു ക്ഷണം പുറത്തുപോകുക!"

"അല്ല, അയാൾ ആർക്കു് ഉപലവാചെയ്യുവേം ആ ആളുടെ വീട്ടിൽ ചെന്നു അവിടെ താമസിച്ചു. ആ ആതിഥേയനു അതിഥിയുടെ നേരേ കൈപൊക്കാൻ സാധിച്ചില്ല. ആ അതിഥിയാകട്ടെ ൨൦ കൊല്ലം അവിടെ താമസിച്ചു."

"സാധു ആതിഥേയൻ!"

"സാധു ആതിഥേയൻ! പുകയില നന്നോ?

"ചീത്തയല്ലതന്നെ. ശരി...ശരി... ശരി. നിങ്ങൾക്കറിയുമോ എന്താണെന്നു്? ഞാനൊന്നു ഷേവ്വു് ചെയ്തു കുളിച്ചു എങ്കിൽ എനിക്കു മടങ്ങിപ്പോകുവാൻ നോക്കാം."

'നിങ്ങളുടെ ഇഷ്ടംപോലെ. നിങ്ങൾക്കു ഇഷ്ടമുള്ളതുവരെ ഇവിടെ താമസിക്കാം. പക്ഷെ നിങ്ങൾക്കു പോകണമെങ്കിൽ......ഇൻസ്യയിൽ!

ഒരു വേലക്കാരൻ അകത്തോട്ടുവന്നു. ആ വൃദ്ധൻ പറഞ്ഞു "പാഷയെ വെള്ളികെട്ടിച്ച സേഡിൽ ഇട്ടു നിർത്തുക. ആലിയോടു് വെള്ളം ചൂടാക്കി എന്റെ അതിഥിയെ ഷേവ്വ് ചെയ്യുവാൻ പറയുക

നന്നായി ഷേവ്വ്ചെയ്തു വൃത്തിയായി സ്നാനംകഴിച്ചിട്ടു ഗല്ലി റിവോൾവർ ശരിയാക്കിവെച്ചു. "ഞാൻ എനി മടങ്ങിവരുമ്പോൾ" അയാൾ പറഞ്ഞു. "ഞാൻ ആലിയെ നിങ്ങളുടെ അടുത്തുനിന്നു കൊണ്ടുപോകും. ഞാൻ ഇതുവരെ ഇങ്ങനെ ഭംഗിയായി ഷേവ്വ് ചെയ്തിട്ടില്ല"

'മാത്രമല്ല നിങ്ങളുടെകൂടെ വരുവാനുള്ള സ്വാതന്ത്ര്യം ഞാൻ എടുക്കുന്നു'.

രണ്ടുപേരും സവാരിചെയ്തു. കുന്നുകളുടെ അവസാനമായി. സന്ധ്യയായി. 'ഇവിടെ' ആ ആതിഥേയൻ പറഞ്ഞു 'എന്റെ രാജ്യത്തിന്റെ അതിർത്തിയാകുന്നു.'

'എന്ത്?' ഗല്ലി ചോദിച്ചു.

കുതിരപ്പുറത്തുനിന്നു തിരിഞ്ഞുനോക്കിയപ്പോൾ താൻ വൃദ്ധന്റെ ഘനത്ത തോക്കിനു എതിരായിരിയ്ക്കുന്നതു കണ്ടു.

"ആ ൨൦ കൊല്ലം താമസിച്ച മനുഷ്യൻ" ആ വൃദ്ധൻ പറഞ്ഞു. "അവസാനം പുറത്തിറങ്ങി തോട്ടത്തിലേക്കു പോയി. നിങ്ങൾ ഇപ്പോൾ എന്റെ വീട്ടിലല്ല. നിങ്ങൾക്കു പ്രാർത്ഥിക്കണമെങ്കിൽ അതു ചെയ്യാം." ഗല്ലി തല കുനിച്ചു.

"ഓരോന്നും എന്റെ ഓരോ മക്കൾക്കു വേണ്ടി" എന്നുപറഞ്ഞു ആ വൃദ്ധൻ അഞ്ചുപ്രാവശ്യം വെടിവെച്ചു. ഗല്ലി കുതിരപ്പുറത്തുനിന്നും ഉരുണ്ടുവീണു. വൃദ്ധൻ അയാളുടെ ദേഹത്തിനെ ചവുട്ടി മെതിച്ചുകൊണ്ടു കുതിരയെ ഓടിച്ചു മടങ്ങിപ്പോയി.

ഒരു സ്ത്രീയുടെ രോദനം ആ വീട്ടിൽനിന്നും കേട്ടു. ആ വൃദ്ധനും കരയുവാൻ തുടങ്ങി.

—o—

(രണ്ടാംപേജിൽനിന്നും തുടർച്ച)

ഇന്ത്യയിൽ ഒരു ഫാഷനായിട്ടുണ്ടു്. തങ്ങളുടെ മൂക്കിനപ്പുറം നോക്കിക്കാണാൻ കഴിയാത്ത രാഷ്ട്രീയവാദികൾ പോലും ഏകലോകത്തെപ്പററി ഉൽഘോഷണങ്ങൾ നടത്തുന്നു. തന്റെ വിശാലമായ സഹകാവത്തിനു് പരിഹസിക്കപ്പെട്ടിരുന്ന ഒരു കാലത്തു് സങ്കുചിതമായ ഭിത്തികളാൽ വേർതിരിക്കപ്പെടാത്ത ഒരു ലോകത്തെപ്പററി സംസാരിക്കുവാൻ ധൈര്യവും ദീർഘദൃഷ്ടിയും ഉണ്ടായിരുന്ന ആ വ്യക്തിയെ നാം വിസ്മരിച്ചുകഴിഞ്ഞു. ഒരു ഏകലോകം സാദ്ധ്യമാക്കിത്തീർക്കുന്ന മൂല്യങ്ങളെക്കുറിച്ചു പ്രസംഗിച്ചുകൊണ്ടു് അദ്ദേഹം ഏഷ്യയിലും യൂറോപ്പിലും ഉള്ള ഓരോ രാജ്യത്തിലും സഞ്ചരിച്ചു. എന്നാൽ ദേശീയത വീണ്ടും പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്ന ആ കാലത്തു് അദ്ദേഹത്തിന്റെ വാക്കുകൾ മരുഭൂമിയിലെ വിത്തുപോലെ ആയി. തന്റെ പരിമിതമായ വിഭവശക്തികൊണ്ടു് അദ്ദേഹം ശാന്തിനികേതനത്തിൽ സാർവ്വദേശീയപഠനത്തിനുള്ള ഒരു കേന്ദ്രം ആരംഭിച്ചു. അന്നു് തന്റെ ബുദ്ധിമാന്മാരായ സമകാലീനന്മാർക്കു് അതേപ്പററി അവജ്ഞയെ ഉണ്ടായുള്ളു. ഈയിടെ ന്യൂഡെൽഹിയിൽ നടന്ന ഏഷ്യൻകാൺഫറൻസിൽ ടാഗോറിന്റെപേരുപോലും സൂചിപ്പിക്കയുണ്ടായില്ല. അതു് ഓർമ്മപ്പിശകാണോ അതോ നന്ദികേടാണോ?

അനുകരണസാദ്ധ്യമല്ലാത്ത സാഹിത്യകൃതികൾകൊണ്ടു് ടാഗോർ സ്വയം അമർത്ത്യനാക്കപ്പെട്ടു. അദ്ദേഹത്തെ വലുതാക്കുവാൻ ഭാവിയുടെ പ്രശംസ ആവശ്യമില്ല. നാം അദ്ദേഹത്തെ സ്മരിക്കുവാൻ ശ്രമിക്കുന്നെങ്കിൽ സ്വയം അഭിമാനിതരാകുന്നതിനും അദ്ദേഹം വിട്ടിട്ടുപോയ മഹത്തായ പാരമ്പര്യത്തിനു് അവകാശികളാകുന്നതിനും നമുക്കു് ഇടയാകും. N.I.P.P.

—o—

(പത്താം പേജിൽ നിന്നും തുടർച്ച)

ves) ലോകപ്രസിദ്ധമായിരുന്നു. ഈ വ്യാപാരവും വ്യവസായവും മററു പലേ കൈത്തൊഴിലായ വ്യവസായങ്ങൾ മാഞ്ഞുപോയതുപോലെതന്നെ മാഞ്ഞുപോവുകയാണു ചെയ്തതു്. അതിനുള്ള കാരണങ്ങളും മററും ഇവിടെ വിവരിക്കാനുള്ള വിഷയങ്ങൾ അല്ലാത്തതിനാൽ വായനക്കാരുടെ അന്വേഷണത്തിനായി വിടുന്നു. ൧൮൨൭-ാംവർഷം ൨൦ ലക്ഷം രൂപയ്ക്കു പഴവർഗ്ഗങ്ങളും അതിൽനിന്നുണ്ടാകുന്ന മററു സാധനങ്ങളും കയററുമതി ചെയ്തു. അപ്പോൾമുതൽ ഈ കയററുമതി ക്രമേണ പുരോഗതിയെപ്രാപിച്ചുകൊണ്ടുവരുന്നതു് ൧൮൩൪-ാം ൩൫-ാം മദ്ധ്യേ ൪൦ ലക്ഷം രൂപയ്ക്കു കയററുമതിചെയ്തതായി കാണുന്നു. എന്നാൽ ഇപ്പോഴും ഈ വ്യവസായം ഒരു വെറും ശിശുപ്രായത്തിൽതന്നെ കിടക്കുന്നുള്ളു. അമേരിക്കയിൽ തകരത്തിനുള്ളിൽ അടച്ചു കയററുമതിചെയ്യുന്നതിന്റെ ആയിരത്തിലൊരു ഭാഗംപോലും ഇന്ത്യ ഒട്ടുക്കുനോക്കിയാൽ ചെയ്യുന്നില്ല. ഈ വ്യവസായം തുടവേം ശിശുപ്രായമായിത്തന്നെ ഇരിക്കുന്നതിനുള്ള തെളിവു കയററുമതി വളരെ കുറഞ്ഞും ഇറക്കുമതി വളരെ കൂടിയുമാണു് എന്നുമാത്രമാണു്.

എന്തുകൊണ്ടാണു് പഴവർഗ്ഗകൃഷി ഇപ്പോൾ ആദായകരമല്ലാതെ ഇരിക്കുന്നതു്. അതിനുള്ള കാരണങ്ങൾ താഴെ പറയുന്നവയാകുന്നു—൧. വളരെ അധികം പഴവർഗ്ഗകർഷകരും വിദ്യാഭ്യാസരഹിതരാണു്. അവർ പണ്ടുമുതൽക്കേ പരാജയപ്പെട്ട വഴിയിലും, രീതിയിലുംതന്നെയാണു്, ഇപ്പോഴും ഈ കൃഷി നടത്തിക്കൊണ്ടുപോകുന്നതു്. ൹ാവർഷക്കാലത്തെ പഴക്കമുള്ള (Crade) രീതികൾതന്നെയാണു് ഇപ്പോഴും നടത്തിക്കൊണ്ടുപോകുന്നതു്. പഴവർഗ്ഗച്ചെടികൾക്കു് പ്രത്യേകിച്ചും ശരിയായ പോഷണാംശങ്ങളും പ്രത്യേകരീതിയിലുള്ള സൂക്ഷ്മവും അത്യാവശ്യമാണു്. ഈ ചെടികൾ പലേതരത്തിലുള്ള സുഖക്കേടുകൾക്കും മററു ഉപദ്രവികളായ ജീവികൾക്കും അധീനങ്ങളാണു്. ഇവകളെക്കുറിച്ചു ശരിയായ അറിവു കർഷകർക്കു സിദ്ധിക്കാതിരിക്കും കാലത്തോളം ഈ കൃഷിക്കു ശാസ്ത്രീയമായ പുരോഗമനം സിദ്ധിക്കുകയില്ല.

൨. പഴവർഗ്ഗത്തോട്ടങ്ങൾ ഇപ്പോൾ സാധാരണയായി ഒരു സന്തോഷവല്ലിക്കുള്ള ഒന്നായിമാത്രം ആദ്യംമുതലെ ആരംഭിക്കുന്നു. ഇപ്രകാരമുള്ള തോട്ടങ്ങളുടെ ആദ്യംമുതലേ വ്യാവസായികമായോ, വ്യാപാരത്തിനായോ ഉള്ള ഉദ്ദേശങ്ങൾ ഒന്നുംതന്നെയില്ല. തന്മൂലം വളരെ അധികം നഷ്ടങ്ങളും (Waste fistness) അനാവശ്യചിലവുകളും (Extravagnce) ഇതിന്റെ തുടക്കത്തിലും, പിന്നീടുള്ള നിലനില്പിനുമായിവ്യയംചെയ്യുന്നു.

൩. മിക്കയിടത്തും പഴവർഗ്ഗച്ചെടികൾ വളരെ താണതരങ്ങളാണു് നട്ടുപിടിപ്പിക്കാറുള്ളതു്. തന്മൂലം അതിൽനിന്നുണ്ടാകുന്ന ഫലങ്ങളും വളരെതാണഗുണങ്ങൾ ഉള്ളവ മാത്രമാണു്.


൪. വളരെയധികം സന്ദർഭങ്ങളിലും പഴവർഗ്ഗത്തോട്ടങ്ങൾ ചേരാത്ത മണ്ണുള്ളതും അവിടെ നടുന്ന ചെടികൾക്കു ചേരായ ശീതോഷ്ണാവസ്ഥയും ആണു് ഉള്ളതു്, അന്യോന്യം മണ്ണിന്റെ രീതിമൂലമോ, യാതൊരു താരതമ്യവും ഇല്ലാത്ത പലതരം ചെടികൾ ഒന്നിച്ചു നട്ടുവരുന്നു. എന്നാൽ വ്യവസായപരമായിട്ടുള്ള തോട്ടങ്ങളിൽ സൂക്ഷ്മബുദ്ധിയോടുകൂടെ തിരഞ്ഞെടുത്തു് ആ മണ്ണിനും, ശീതോഷ്ണസ്ഥിതിക്കും പററിയ ഒരേഒരു വർഗ്ഗം മാത്രമേ കൃഷിചെയ്യാവൂ.

൫. തോട്ടങ്ങളിലുള്ള പഴവർഗ്ഗമരങ്ങളും, ചെടികളും വളരെയധികം അടുത്തടുത്താണു് നട്ടുവരുന്നതുകണ്ടുവരാറുള്ളതു്. തൻമൂലം ഫലങ്ങൾ അധികവും രോഗബാധിതങ്ങളായിട്ടുള്ളവയും, പ്രാണിയുപദ്രവവും ധാരാളമായിക്കാണുന്നു. മരുന്നുതളിക്കൽ (Spraying) ഈ കൃഷിക്കാർക്കു ഒട്ടുമുക്കാലാളുകൾക്കുംതന്നെ കേട്ടുകേൾവിപോലും ഇല്ലാതെയും ഇരിക്കുന്നു.

ശാസ്ത്രീയരീതിയിലുള്ള തോട്ടങ്ങളുടെ ആവശ്യം—പഴവർഗ്ഗകർഷകർ ശാസ്ത്രീയരീതികളിൽ വ്യാപാരത്തോതിൽ തോട്ടങ്ങൾ വളർത്തേണ്ടുന്ന സമയം അതിക്രമിച്ചിരിക്കുന്നു. നല്ലതായ ചെടികൾ വാങ്ങുന്നതിനോ, അവകളെ വളർത്തുന്നതിനോ ചിലവാക്കുന്ന പണം ഒരിക്കലും നഷ്ടമാകുകയില്ല. ഉടൻ ആദായത്തെക്കാൾ ദീർഘകാലത്തെ ആദായമായിരിക്കുമല്ലോ ഏററവും ഉത്തമം. കർഷകർ തോട്ടങ്ങൾ നട്ടുണ്ടാക്കാൻ തുടങ്ങുന്നതിനുമുമ്പെതന്നെ അതിലെ ഫലങ്ങൾ ആ സ്ഥലത്തുതന്നെ ചിലവാക്കണമോ അതോ മററു അന്യദേശങ്ങളിൽ അയച്ചു ചിലവാക്കുകയാണോ എന്നു തീർച്ചയാക്കണം. ഇപ്രകാരമുള്ള കാര്യങ്ങൾ തീർച്ചയാക്കിയതിനുശേഷം തിരഞ്ഞെടുക്കപ്പെട്ട രീതികളിൽ ചിലവാക്കാനുള്ള പഴവർഗ്ഗങ്ങളിൽ ഏവയാണോ ആ പ്രത്യേകമണ്ണിലും, ശീതോഷ്ണാവസ്ഥയിലും തൃപ്തികരമായി വളർന്നു ഫലമുണ്ടാകുന്നതു് എന്നു നിശ്ചയിച്ചു അവകളെ മാത്രം നട്ടുവളർത്താം. ഒരുതോട്ടത്തിൽ ഒരുജാതി പഴവർഗ്ഗങ്ങൾ മാത്രമേ നട്ടുപിടിപ്പിക്കാവൂ. ഇങ്ങനെ ആയാൽ അവകൾക്കുണ്ടാകാവുന്ന സുഖക്കേടുകൾക്കും കൃമിആക്രമണങ്ങൾക്കും ശരിയായ പ്രതിവിധി കണ്ടുപിടിച്ചു പ്രയോഗിക്കാൻ സാധിക്കയുള്ളു. പലതരം പഴവർഗ്ഗങ്ങൾ ഒരു വലിയ ഭൂവിഭാഗത്തിൽ ചെയ്യുവാൻ സാധിയ്ക്കുമെങ്കിൽ അപ്രകാരമുള്ള ഭൂമിയെ ഓരോ തരം വർഗ്ഗങ്ങൾക്കും ഓരോ ഭാഗങ്ങളായി തിരിച്ചു അതിൽ ഓരോ വർഗ്ഗങ്ങൾ മാത്രമേ കൃഷിചെയ്യാവൂ. ഒരു തോട്ടത്തിലെ പഴങ്ങൾ നശ്ശേഷ

(ശേഷം പന്ത്രണ്ടാം പേജിൽ)


Vol. XIX THE MALAYALA RAJYAM Quilon, Monday May 12 — 1947. No. 296





മുകളിൽ ഇടത്തു്—മൌണ്ട്ബാററൻ പ്രഭുവും മഹാത്മാഗാന്ധിയും ലേഡിമൌണ്ട്ബാററനും.

വലത്തു്—ഗാന്ധിയും ജിന്നായും.







താഴെ ഇടത്തു്—കാൺസ്റ്റിറ്റ്യുവൻറ് അസംബ്ലിയിൽ ചേർന്ന നാട്ടുരാജ്യങ്ങളുടെ ചില പ്രതിനിധികൾ. ഉദയപ്പൂർ ദിവാൻ സർ ടി. വിജയരാഘവാചാരിയും ജയ്പ്പൂർ ദിവാൻ സർ വി. ററി. കൃഷ്ണമാചാരിയും കാൺസംബ്ലി ചേംബറിൽനിന്ന് മി. സി. രാജഗോപാലാചാരിയുമൊത്ത് പുറത്തേയ്ക്കു വന്ന അവസരത്തിൽ എടുത്ത ചിത്രം. മദ്ധ്യത്തിൽ പുതിയ ഇന്ത്യാ-ബർമ്മാ സ്റ്റേററ് സെക്രട്ടറിയായ ലിസ്റ്റോവിൽ പ്രഭു. വലത്തു് കാൺസംബ്ലിയിലേയ്ക്കുള്ള കൊച്ചിയുടെ പ്രതിനിധി മി. പനമ്പിള്ളി ഗോവിന്ദമേനോൻ (കൊച്ചിമന്ത്രി)

(പതിനൊന്നാംപേജിൽനിന്നും തുടർച്ച)

ന്നെ ചിലവാക്കണമെന്ന് നിശ്ചയിച്ചിരിക്കുന്നു എന്നുവെച്ചാൽ ആ തോട്ടത്തെ മേൽപറഞ്ഞപ്രകാരം വിഭജിച്ച് ഓരോ വർഗ്ഗങ്ങളും നട്ടുവളർത്തണം. എന്നാൽ മാത്രമെ തദ്ദേശവാസികൾക്കാവശ്യമുള്ള ഓരോ ജാതി പഴങ്ങളും ആവശ്യത്തിൽ കൂടുതൽ ഉണ്ടാക്കി നശിച്ചു പോകാതിരിക്കയുള്ളു.

ഇപ്പോൾ കർഷകർക്ക് അവർക്കുള്ള കച്ചവടക്കാരുടെ പക്കൽ അവരുടെ പഴങ്ങളെ വില്പാൻമാത്രമെ അറിവും, സൗകര്യങ്ങളും ഉള്ളു. അതിൽനിന്നും അപ്രകാരമുള്ള കച്ചവടക്കാർ ധനവാന്മാരാകുന്നതല്ലാതെ കർഷകർക്ക് യാതൊരു പ്രയോജനവും ലഭിക്കുന്നതല്ല. എന്നാൽ ഈ കർഷകർ പരസ്പരസഹായസംഘങ്ങളായോ മററോ രൂപീകരിച്ച് കൂടുതൽ പരസ്യങ്ങൾക്കും പലേ മൂടിക്കിടക്കുന്ന അറിവുകളെ വെളിക്കെടുക്കുന്നതിനായുള്ള ശ്രമങ്ങളും ചെയ്യേണ്ടതാണ്. പഴവർഗ്ഗകർഷകർ ഒന്നുചേർന്ന് ഏകോപിച്ചു പരസ്പരസഹായപ്രവർത്തനങ്ങൾ ആരംഭിച്ചല്ലാതെ ഒരുകാലത്തും അവരുടെ ഇപ്പോഴുള്ള ആഴമേറിയ കിണററിൽനിന്നും കയറുന്നതിന് സാധിക്കുകയില്ല.

പഴവർഗ്ഗവ്യവസായങ്ങൾ തുടങ്ങുവിൻ—ചൈതന്യവും മുമ്പോട്ടു ഗമിക്കാൻ ആഗ്രഹവും, വിദ്യാഭ്യാസവുമുള്ള ചെറുപ്പക്കാർക്ക് ഇതാ വളരെ അധികം സാദ്ധ്യതയുള്ള ഒരു പ്രവർത്തനരംഗം. നമ്മുടെ രാജ്യത്തിൽ എത്ര അധികം സ്ഥലങ്ങൾ ഇപ്പോഴും പഴവർഗ്ഗച്ചെടികളും മരങ്ങളും അങ്ങിങ്ങായി വെറുതെ കിടന്ന് ഉപയോഗശൂന്യമായിരിക്കുന്നു: അവയിലുണ്ടാകുന്ന പഴങ്ങൾ വളരെ അധികവും അവിടെത്തന്നെ കിടന്നു നശിച്ചുപോവുകയാണല്ലൊ. വിദ്യാഭ്യാസവും, വ്യാപാരത്തിൽ വാസനയുമുള്ള ചെറുപ്പക്കാർ പഴവർഗ്ഗങ്ങളെ ഏതുപ്രകാരവും, ഏതുവിധത്തിലും, സുരക്ഷിതമായി സൂക്ഷിക്കുവാൻ സാധിക്കും എന്നു പഠിച്ചതിനുശേഷം ഈ വ്യവസായത്തിലേക്ക് ഇറങ്ങിത്തിരിക്കുക: പ്രയാസങ്ങളും, അസൗകര്യങ്ങളും ഉള്ളവ നിങ്ങളുടെ മുമ്പിൽ താനെ മഞ്ഞു സൂര്യന്റെ മുമ്പിൽ മാറുന്നതുപോലെ ആകും. ശാസ്ത്രീയമായ രീതിയിൽ തകരങ്ങളിലും, കുപ്പികളിലും സൂക്ഷിച്ചു, ഭംഗിയോടുകൂടി ചിത്രകലയോടുചേർന്നതുമായ ലേബലുകൾ ഒട്ടിച്ചയച്ചാൽ, അന്യരാജ്യങ്ങളിൽ ചെയ്യുന്നവയോട് പ്രയാസംകൂടാതെ കിടപിടിക്കുവാൻ സാധിക്കും.

പഴവർഗ്ഗങ്ങൾ സൂക്ഷിക്കുന്നതിന് ഉപ്പും, പഞ്ചസാരയും ആവശ്യമാണ്. ഇവ രണ്ടും താല്ക്കാലികമായ ക്ഷാമനില മാറിക്കഴിഞ്ഞാൽ നമ്മുടെ രാജ്യത്തിൽ ധാരാളമാണല്ലൊ. പ്രത്യേകിച്ചും പുതുതായി തുടങ്ങിയിട്ടുള്ള തിരുവിതാംകൂർ പഞ്ചസാര നിർമ്മാണശാല പ്രവർത്തനത്തിൽ വരുമ്പോൾ അവയുടെ പ്രോത്സാഹനത്തിനും രാജ്യക്ഷേമത്തിനും ഈ മാർഗ്ഗങ്ങൾ നേരത്തെ തുറന്നിടുക. നമ്മുടെ രാജ്യത്തെ, നമ്മുടെ ആളുകളുടെ പ്രയത്നഫലങ്ങളെ അന്യരാജ്യങ്ങളിലുള്ളവർ അനുഭവിച്ചുതീർക്കുവാൻ നാം ഒരുകാലത്തും സമ്മതിക്കരുത്. ഇപ്രകാരം പഞ്ചസാരവ്യവസായത്തെ മാത്രമല്ല മററു പലതരത്തിലുള്ള (തകരങ്ങൾ, കുപ്പികൾ, അടപ്പുകൾ, പശകൾ, ലേബലുകൾ, കട്ടിക്കടലാസ്സുപെട്ടികൾ, മെഴുക്കടലാസ്സുകൾ, എസൻസുകൾ, മരുന്നുകൾ, യന്ത്രസാമഗ്രഹികൾ മററും ഉണ്ടാക്കുക.) വ്യവസായങ്ങൾ, പഴവർഗ്ഗവ്യവസായംമൂലം വളരെ അധികം ഈ നാട്ടിൽ ഉണ്ടായി ബലം പ്രാപിച്ചുകൊള്ളുമെന്ന് ആലോചിക്കുന്നവർക്ക് മനസ്സിലാക്കാൻ സാധിക്കും. ഇപ്രകാരമുള്ള വ്യവസായങ്ങളുടെ ആഗമനംമൂലം നാട്ടിൽ കൂടുതൽ ആളുകൾക്ക് വേലയും, അവർക്ക് ധാരാളമായി പണവരുമാനമാർഗ്ഗവും തന്മൂലം അവർ കൂടുതൽ പഴവർഗ്ഗങ്ങൾ വാങ്ങി ഉപയോഗിച്ച് അവരുടെ ആരോഗ്യത്തെ പൊതുവെ വർദ്ധിപ്പിക്കുകയും ചെയ്തു രാജ്യക്ഷേമം എവിടെയും കളിയാടുകയും ചെയ്യും.

പഴവർഗ്ഗങ്ങളെയും അതിൽനിന്നും ഉള്ള മററു സാധനങ്ങളെയും രാജ്യത്തെ സാധാരണക്കാർ ധാരാളമായി ഉപയോഗിക്കാറില്ല. അപ്രകാരം ചെയ്യുന്നവർ ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരും, ഉയർന്ന നിലയിൽ ഇരിക്കുന്നവരും മാത്രമെ ചെയ്യുവരാറുള്ളു: സാധാരണ തെരുവുജോലിക്കാർ (Men in the Street) പോഷണാംശങ്ങൾ അടങ്ങിയ ആഹാരങ്ങൾക്കുവേണ്ടി ചിലവാക്കുന്നതിൽ എത്ര അധികം പണം നിരുപയോഗമായ സാധനങ്ങൾ വാങ്ങി ഭക്ഷിച്ചു കളയുന്നു. എത്ര അധികം പണം ആണ് വെറും സോഡാവെള്ളത്തിനും കൃത്രിമരീതിയിലുള്ള മററു പോഷണാംശങ്ങൾ യാതൊന്നുമില്ലാത്തവകൾ വാങ്ങിക്കഴിച്ചും വൃഥാ കളയുന്നതു്? വിപുലമായ തോതിൽ പഴവർഗ്ഗങ്ങളുടെ ഗുണഗണങ്ങളെ സാധാരണജനങ്ങളെ ധരിപ്പിച്ചുപഠിപ്പിച്ചുകഴിഞ്ഞാൽ പഴവർഗ്ഗവ്യവസായങ്ങൾ അതിന്റെ പലേ വശങ്ങളിൽക്കൂടി ചാടിക്കുതിച്ചു മുമ്പോട്ടു കയറാതിരിക്കാനുള്ള ന്യായങ്ങൾ കാണുന്നില്ല. പഴവർഗ്ഗകർഷകരായവർക്ക് എന്തെങ്കിലും മററു ഏതെങ്കിലും കാര്യങ്ങൾ തങ്ങളുടെ പ്രയത്നത്തെ വിപുലമാക്കാനുള്ള അറിവോ, സഹായമോ, ആവശ്യമുണ്ടെങ്കിൽ കഴിവതു ചെയ്തും ഉപദേശംമൂലമൊ സഹായിക്കാൻ ഞാൻ എപ്പോഴും തയ്യാറാണ്.

—:*:—

Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.